2024 FEBRUARY 10

# emalayalee.com The Weekly

WEEKLY NEWSPAPER

Contact: editor@emalayalee.com | Phone: 917 324 4907; 917 662 1122




FEDERATION OF KERALA ASSOCIATIONS IN NORTH AMERICA
ESTD 1983
FOKANA's 21st
National Convention
2024
July 18 to 20
Venue: Montgomery County Conference Center,
5701 Marinelli Rd, North Bethesda, MD 20852
We invite you to be a part of this historic event by taking advantage of our early bird registration fees:
- Family (2 adults and kids): $999
- 2 Adults: $699
- Individual: $599
Please note that the early bird registration deadline is January 31, 2024. After Jan 31st, registration fees:
- Family (2 adults and kids): $1499
- 2 Adults: $1099
- Individual: $899
ONE FOKANA Forever
DR. BABU STEPHEN
President
DR. KALA SHAHI, MD.PHD
General Secretary
MR. BIJU JOHN
Treasurer
JOHNSON THANKACHAN
Convention Chair
Kala Shahi
Secretary
2023598427
Biju John
Treasurer
(516) 445-1873
Johnson Thankachan
Convention Chair
8049311265




# ന്യു ജേഴ്സി ഇന്ത്യാ കമ്മീഷൻ: വെസ്ലി മാത്യുസ് ചെയർ;

## കൃഷണ കിഷോർ അടക്കം ഒട്ടേറെ മലയാളികൾ അംഗങ്ങൾ

ന്യു ജേഴ്സി: ഗവർണർ ഫിൽ മർഫി സ്ഥാപിച്ച ന്യു ജേഴ്സി ഇന്ത്യ കമ്മീഷനിൽ മലയാളികളായ ഡോ. കൃഷ്ണ കിഷോർ, വിദ്യ കിഷോർ, വെസ്‌ലി മാത്യൂസ്, അസംബ്ലിമാൻ സ്റ്റെർലി സ്റ്റാൻലി, രാജി തോമസ്, സെനറ്റർ വിൻ ഗോപാൽ എന്നിവർ ഉൾപ്പടെ ഒട്ടേറെ അംഗങ്ങൾ. വെസ്ലി മാത്യുസ് ആണ് ചെയർ.

കമ്മീഷനിൽ 35-ൽ കുറയാത്തതും 45-ൽ കൂടാത്തതുമായ അംഗങ്ങളെ ഗവർണർ നിയമിക്കും. ന്യു ജേഴ്സി-ഇസ്രായേൽ, ന്യു ജേഴ്സി-അയർലണ്ട് കമ്മീഷനുകളാണ് മറ്റുള്ളവ. മൂന്നാമത്തേതാണിത്. കമ്മീഷനിലെ ഏക ദമ്പതികളാണ് ഡോ. കൃഷ്ണൻ കിഷോറും ഭാര്യ വിദ്യ കിഷോറും.

ഡിനി അജ്മാനി, നടാഷ അളഗരശൻ, ശ്രീ അറ്റ്ലൂരി, സ്നേഹാൽ ബത്ര, കോളിൻ ബുറസ്, രവി ദത്താത്രേയ, കീർത്തി ദേശായി, പരിമൾ ഗാർഗ്, ബൽപ്രീത് ഗ്രെവാൾ-വിർക്ക്, കിരൺ ഹന്ദ ഗൗഡിസോസോ, പവിത ഹൗ, ജെയ്മി ജേക്കബ്, മോണിക്ക ജെയിൻ, ഗുർബീർ ജോഹൽ, സുചിത്ര കാമത്ത്, ക്രിസ് കൊല്ലൂരി, ഇന്ദു ലൂ, ജോസ് ലൊസാനോ, അഞ്ജലി മെഹ്റോത്ര, ദീലിപ് മാസ്കെ , രാജ് മുഖർജി, സുരേഷ് മുത്തുസ്വാമി, ശ്രീനിവാസ് പാലിയ, ആനന്ദ് പാലൂരി, ഫൽഗുനി പാൻദ്യ, ഫൽഗുനി പാണ്ഡ്യ, കാരി പാരിഖ്, രാജീവ് പരീഖ്, ഗുർപ്രീത് പാസ്റിച്ച, ദീപക് രാജ്, ജതിൻ ഷാ, ഹുസൈഫ ഷാക്കിർ, സ്റ്റീവൻ വാൻ കുയ്കെൻ, ക്രിസ്റ്റീന സുക്ക്, എന്നിവരാണ് മറ്റംഗങ്ങൾ

> ഉഭയകക്ഷി വ്യാപാരവും നിക്ഷേപവും മുന്നോട്ട് കൊണ്ടുപോകുന്നതിനും ന്യൂജേഴ്സിയിലും ഇന്ത്യയിലും സാമ്പത്തിക വികസനം പ്രോത്സാഹിപ്പിക്കുന്നതിനും കമ്മീഷൻ ലക്ഷ്യമിടുന്നു.
>
> ന്യൂജേഴ്സിയും ഇന്ത്യയും തമ്മിലുള്ള സാംസ്കാരികവും വിദ്യാഭ്യാസപരവുമായ കൈമാറ്റം പ്രോത്സാഹിപ്പിക്കുന്നതിനും സുസ്ഥിരമായ ദീർഘകാല സാമ്പത്തിക വളർച്ച പ്രോത്സാഹിപ്പിക്കുന്നതിനും കമ്മീഷൻ പ്രവർത്തിക്കും




ഉഭയകക്ഷി വ്യാപാരവും നിക്ഷേപവും മുന്നോട്ട് കൊണ്ടുപോകുന്നതിനും ന്യൂജേഴ്സിയിലും ഇന്ത്യയിലും സാമ്പത്തിക വികസനം പ്രോത്സാഹിപ്പിക്കുന്നതിനും കമ്മീഷൻ ലക്ഷ്യമിടുന്നു.

ന്യൂജേഴ്സിയും ഇന്ത്യയും തമ്മിലുള്ള സാംസ്കാരികവും വിദ്യാഭ്യാസപരവുമായ കൈമാറ്റം പ്രോത്സാഹിപ്പിക്കുന്നതിനും സുസ്ഥിരമായ ദീർഘകാല സാമ്പത്തിക വളർച്ച പ്രോത്സാഹിപ്പിക്കുന്നതിനും കമ്മീഷൻ പ്രവർത്തിക്കും

’2019-ലെ എന്റെ ഇന്ത്യാ സന്ദർശനത്തെത്തുടർന്ന്, ന്യൂജേഴ്സിയും ഇന്ത്യയും തമ്മിലുള്ള നല്ല ബന്ധം ശക്തിപ്പെടുത്തുന്നതിന് ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്. ന്യു ജേഴ്സിയിലെ ഇന്ത്യൻ കുടിയേറ്റ ജനതയുടെ സംഭാവനകളിൽ ഞങ്ങൾ വളരെയധികം അഭിമാനിക്കുന്നു, ഈ കമ്മീഷനിലൂടെ, ഒരുമിച്ച് വളരാനും പുതിയ സാധ്യതകൾക്ക് തുടക്കമിടാനുമുള്ള അവസരങ്ങളുടെ ഒരു പുതിയ നൂറ്റാണ്ട് ഞങ്ങൾക്ക് ഉറപ്പാക്കാൻ കഴിയും,’ മർഫി പറഞ്ഞു.

ശേഷം - പേജ് 5

The Weekly
emalayalee.com
WEEKLY NEWSPAPER
Contact: editor@emalayalee.com | Phone: 917 324 4907; 917 662 1122

Editorial

# ആശങ്കയുടെ തീയാളുന്ന മിഡിൽ ഈസ്റ്റ്



മിഡിൽ ഈസ്റ്റ് ആളിക്കത്തുകയാണ്. വലിയൊരു വിസ്ഫോടനത്തിലേക്കു എത്തിയിട്ടില്ലെങ്കിലും അതിന്റെ സാധ്യതകൾ ഏറി വരുന്നുവെന്ന വിലയിരുത്തൽ തന്നെയാണ് കാണുന്നത്. പത്തു ദിവസം മുൻപ് സിറിയ-ജോർദാൻ അതിർത്തിയിലെ ടവർ 22 എന്ന യുഎസ് സൈനിക നിരീക്ഷണ കേന്ദ്രം ആക്രമിച്ചു ഇറാൻ പിന്തുണയുള്ള ഭീകരർ മൂന്നു യുഎസ് സൈനികരെ കൊലപ്പെടുത്തിയതിനു മറുപടിയായുള്ള ആക്രമണങ്ങൾ പ്രസിഡന്റ് ബൈഡൻ തുടങ്ങി വച്ചെങ്കിലും പ്രഥമ ദൃഷ്ട്യാ അതിലൊരു സംയമന സ്വഭാവം കാണുന്നത് കുറച്ചൊരു ആശ്വാസം നൽകുന്നു. നേരിട്ട് ഇറാനെ ആക്രമിക്കണം എന്ന ആവശ്യം അദ്ദേഹം നിരസിച്ചിട്ടുമുണ്ട്. തിരഞ്ഞെടുപ്പ് പ്രചാരണ വേദികളിൽ ബൈഡനെ ദുർബലൻ എന്ന് എതിരാളികൾ വിളിക്കുമ്പോഴും ഇറാനിലേക്കു ആക്രമണത്തിന്റെ ദിശ തിരിക്കാൻ അദ്ദേഹം ഒരുമ്പെട്ടില്ല എന്നത് ആശ്വാസകരമാണ്.

ഇറാനും ആ രീതിയിലുള്ള സംയമനം പാലിക്കുന്നു എന്നാണ് കാണുന്നത്. മിഡിൽ ഈസ്റ്റിലെ യുഎസ് താവളങ്ങൾക്കു നേരെ നേരിട്ടൊരു ആക്രമണത്തിന് ഇറാൻ ഇക്കുറി തുനിഞ്ഞിട്ടില്ല. 2020 ജനുവരിയിൽ ഇറാഖിൽ തീവ്രവാദികൾക്കു പരിശീലനം നൽകിയിരുന്ന ഇറാന്റെ ജനറൽ ഖാസം സൊലൈമാനിയെ യുഎസ് കമാൻഡോകൾ വധിച്ചതിനെ തുടർന്ന് യുഎസ് താവളങ്ങളിൽ അത്തരമൊരു ആക്രമണം ഇറാൻ നടത്തിയിരുന്നു.

യുഎസും ഇറാനും നേർക്കു നേർ യുദ്ധത്തിലേക്കു വഴുതുന്ന സാഹചര്യമാണ് ലോകം ഭയപ്പെടുന്നത്. അണ്വായുധങ്ങൾ വരെ എടുത്തു പ്രയോഗിക്കാവുന്ന അവസ്ഥ തള്ളിക്കളയാൻ കഴിയാത്ത ഒരു യുദ്ധം ലോകം കണ്ടിട്ടില്ല. അവിടം വരെ പോകാം എന്നതാണ് ഏറ്റവും വലിയ ആശങ്ക. ഇറാനിൽ നിന്നു വിളിപ്പാടകലെ കിടക്കുന്ന ഗൾഫിൽ ജോലി ചെയ്തു ജീവിക്കുന്ന ലക്ഷക്കണക്കിനു ഇന്ത്യൻ കുടുംബങ്ങൾക്കു നെഞ്ചിടിപ്പേറ്റുന്ന ആശങ്കയുമാണത്.

അമേരിക്കൻ സൈനികരുടെയും പൗരന്മാരുടെയും ജീവനു ഭീഷണി ഉയരുന്നത് അനുവദിക്കില്ലെന്നു ബൈഡൻ ആവർത്തിച്ചു പറഞ്ഞത് രാജ്യത്തിൻറെ അറിയപ്പെട്ട നയം തന്നെയാണ്. യുഎസ് സൈനികർ ജോർദാൻ അതിർത്തിയിൽ കൊല്ലപ്പെട്ടതിനു മറുപടിയായി ഖത്തയ്ബ് ഹിസ്ബൊള്ള എന്ന തീവ്രവാദി സംഘത്തിന്റെ കേന്ദ്രങ്ങളിൽ ആദ്യം ആക്രമണം നടത്തി. ബുധനാഴ്ച നടന്ന രണ്ടാമത്തെ ആക്രമണത്തിൽ അവരുടെ രണ്ടു കമാൻഡർമാരെ ബഗ്ദാദിൽ വധിച്ചു. ഇറാന്റെ പ്രോക്സികളായി പ്രവർത്തിക്കുന്ന പോരാളികളെ ഘട്ടം ഘട്ടമായി ഉന്മൂലനം ചെയ്യാനാണ് യുഎസ് ലക്ഷ്യമെന്നു വിലയിരുത്തപ്പെടുന്നു.

എന്നാൽ ഖത്തയ്ബ് ഹിസ്ബൊള്ള പോലെയല്ല മറ്റു പല പോരാളി സംഘങ്ങളും. ലെബനനിലെ ഹിസ്ബൊള്ള, യെമെനിൽ നിന്നു ആക്രമിക്കുന്ന ഹൂത്തികൾ, ഇസ്രയേലുമായി യുദ്ധം ചെയ്യുന്ന ഹമാസ് എന്നിങ്ങനെ പ്രാഥമികമായി ഇസ്രയേലിനെ വലയം ചെയ്യുക എന്ന ഉദ്ദേശത്തിൽ ഇറാൻ പോറ്റി വളർത്തിയ സംഘങ്ങളെ അമർച്ച ചെയ്യുക എളുപ്പമല്ല. ഇസ്രയേൽ ആഗ്രഹിക്കുന്ന സുരക്ഷ സാധ്യമാവണമെങ്കിൽ ഈ പോരാളി സംഘങ്ങളെല്ലാം ഇല്ലാതാവണം. അതിനുള്ള യുദ്ധത്തിലേക്ക് യുഎസ് പോവുകയാണെങ്കിൽ മിഡിൽ ഈസ്റ്റ് മറ്റൊരു വിയറ്റ്നാം ആയേക്കാം.

യുദ്ധക്കൊതിയില്ല എന്ന് ആവർത്തിക്കുന്ന, അതിൽ വിശ്വസനീയത തോന്നിപ്പിക്കുന്ന, ബൈഡൻ അവിടം വരെ പോകാൻ തുനിയുകയില്ല എന്നു തന്നെ കരുതണം.

എന്നാൽ അപ്രതീക്ഷിത സംഭവ വികാസങ്ങൾ തള്ളിക്കളയാൻ കഴിയാത്ത മേഖലയാണ് മിഡിൽ ഈസ്റ്റ്. ഇറാനിൽ ജനുവരി 3നു ഉണ്ടായ സ്ഫോടനങ്ങൾക്കു മറുപടിയായി അവർ സിറിയയിലും പാക്കിസ്ഥാനിലും ആക്രമണം നടത്തി. ഇറാഖിന്റെ കുർദിസ്ഥാൻ മേഖലയിൽ ഇസ്രയേലിന്റെ ചാര ഏജൻസിയായ മൊസാദിന്റെ കേന്ദ്രം ആക്രമിച്ചു. ഇറാനിൽ നേരിട്ട് ആക്രമണം ഉണ്ടായാൽ അവർ എങ്ങിനെ പ്രതികരിക്കും എന്നതിന്റെ സമീപകാല സൂചനയാണിത്.

മറുവശത്തു ഇസ്രയേൽ എപ്പോൾ എന്തു ചെയ്യുമെന്നു പ്രവചിക്കാൻ കഴിയാത്ത അവസ്ഥയുമുണ്ട്. ചൊവാഴ്ച അവർ സിറിയയിലെ ഹോംസിൽ ആക്രമണം നടത്തി. ലെബനന്റെ അതിർത്തിയോടു ചേർന്നു ഹിസ്ബൊള്ളയെ നേരിടാൻ പടയൊരുക്കം നടക്കുന്നുണ്ട്. ഗാസയിൽ ലോകം ഉയർത്തുന്ന ആശങ്കകൾ അവഗണിച്ചാണ് ആയിരക്കണക്കിനു സിവിലിയന്മാരെ കൊന്നൊടുക്കിയത്. ഹമാസിന്റെ കൈയിലുള്ള ബന്ദികളെ വിട്ടു കിട്ടാൻ ഇസ്രയേലിൽ സമ്മർദം ഏറി വരുന്നതു കൊണ്ട് അവർ ചർച്ചയ്ക്കു ഇരിക്കുന്നുവെങ്കിലും യുദ്ധവിരാമം തള്ളിക്കളഞ്ഞിട്ടുണ്ട്. അപ്പോൾ ഇസ്രയേൽ ഗാസയിലെ ആക്രമണം രൂക്ഷമായി തന്നെ തുടരുമെന്നു വേണം കരുതാൻ. അതിന്റെ പ്രത്യാഘാതമായുള്ള പ്രത്യാക്രമണങ്ങളും പ്രതീക്ഷിക്കാവുന്നതാണ്.

അതിലൊന്നാണ് ചെങ്കടലിൽ ഹൂത്തികൾ നടത്തുന്ന ആക്രമണങ്ങൾ. കപ്പൽ ഗതാഗതം തടസപ്പെട്ടതോടെ ചരക്കു നീക്കവും മുടങ്ങുന്ന നിലയായി. അതിന്റെയൊക്കെ വില കൊടുക്കുന്നത് ലോകമൊട്ടാകെ സാധാരണ പൗരന്മാരും. ഹൂത്തികൾക്കു മറുപടിയായി യുഎസ് സഖ്യസേനകൾ യെമെനിൽ ആക്രമണം നടത്തിയതോടെ മിഡിൽ ഈസ്റ്റിൽ മറ്റൊരു പോർമുഖം കൂടി തുറന്നു. യെമെനു തൊട്ടാണ് സൗദി അറേബ്യ എന്നോർക്കണം. സൗദി എണ്ണപ്പാടങ്ങൾ ഹൂത്തികളുടെ സ്ഥിരം ലക്ഷ്യങ്ങളാണ്.


**ജോർജ് ജോസഫ്**
ചീഫ് എഡിറ്റർ


**സുനിൽ ട്രൈസ്റ്റാർ**
മാനേജിംഗ് എഡിറ്റർ

# ന്യു ജേഴ്‌സി ഇന്ത്യാ കമ്മീഷൻ: വെസ്ലി മാത്യുസ് ചെയർ;

3-ാം പേജ് തുടർച്ച...

ന്യൂജേഴ്‌സിയിലെ രണ്ടാമത്തെ വലിയ നേരിട്ടുള്ള വിദേശ നിക്ഷേപകരാണ് ഇന്ത്യ. ന്യൂജേഴ്‌സിയിലെ കുടിയേറ്റക്കാരിൽ ഭൂരിഭാഗവും ഇന്ത്യയിൽ നിന്നുള്ളവരാണ്. കഴിഞ്ഞ രണ്ട് പതിറ്റാണ്ടുകളായി, ലൈഫ് സയൻസസ്, ടെക്നോളജി തുടങ്ങിയ സുപ്രധാന മേഖലകളിൽ ഏകദേശം 6,000 തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സഹായിച്ചുകൊണ്ട്, സംസ്ഥാനത്തേക്ക് ഇന്ത്യ 2 ബില്യൺ ഡോളർ നിക്ഷേപിച്ചു.



'ന്യൂജേഴ്‌സിയുമായുള്ള ഞങ്ങളുടെ പങ്കാളിത്തം പല തരത്തിൽ അതുല്യമാണ്,' ഇന്ത്യൻ കോൺസൽ ജനറൽ ബിനയ ശ്രീകാന്ത പ്രധാൻ പറഞ്ഞു. 'ന്യൂജേഴ്‌സി-ഇന്ത്യ കമ്മീഷൻ സ്ഥാപിക്കാനുള്ള ഗവർണർ മർഫിയുടെ തീരുമാനം ന്യൂജേഴ്‌സിയുമായുള്ള 10 ബില്യൺ ഡോളറിലധികംവരുന്ന സാമ്പത്തിക ഇടപെടലുകൾക്ക് ശക്തി പകരും.'

കമ്മീഷൻ സ്ഥാപിച്ചതിൽ സന്തോഷമുണ്ടെന്ന് കമ്മീഷൻ ചെയർ വെസ്ലി മാത്യൂസ് പറഞ്ഞു. '2019 മുതൽ സംസ്ഥാനം ഇന്ത്യയിലേക്ക് നടത്തിയ ഒന്നിലധികം സാമ്പത്തിക ദൗത്യങ്ങൾ, ഉന്നത വിദ്യാഭ്യാസം, ലൈഫ് സയൻസ്, ടെക്നോളജി മേഖലകളിൽ ഒപ്പുവെച്ച ധാരണാപത്രങ്ങൾ എന്നിവ ശ്രദ്ധേയമാണ് . കൂടുതൽ ശക്തവും കൂടുതൽ കരുത്തുറ്റതുമായ ഒരു പങ്കാളിത്തത്തിനായി എന്റെ സഹപ്രവർത്തകരുമായി പ്രവർത്തിക്കും'




Blue Ocean Wealth Solutions
2200 Northern Blvd. Suite 200
East Hills, NY 11548
Ph: 516-326-7033
Cell: 516-902-4300
Fax: 516-326-7055
Slukose@financialguide.com
www.sabulukose.com

NAIFA
Member MDRT®

Blue Ocean Wealth Solutions
A member of the MassMutual Financial Group

SABU LUKOSE, MBA
Financial Services Representative
Financial Advisor
Registered Representa5ve
Platinum Conference
Member Million Dollar Round Table (MDRT)


Retirement Planning
Investment Strategies
Life Insurance
Education Funding
Business Solutions
Estate Conservation Strategies

☎ : 516-902-4300

MassMutual Financial Group is a marketing name for Massachusetts Mutual Life Insurance Company (MassMutual) and its affiliated companies and sales representatives. Sabu Lukose is a registered representative of and offers securities and investment advisory services through MSI Financial Services, Inc. Member SIPC. Some health insurance products offered by unaffiliated insurers. L0916477867[exp0717][AZ,IL,IN,KS,MA,MD,MI,NJ,NY,PA,TX] .


India Press Club
of North America
India Press Club of North America
I P C N A
പ്രവർത്തനോദ്ഘാടനം
National
Inauguration
of Press Club
Activities
2024-25
Chief Guest
Sri. ROJI M. JOHN
Hon'ble Member of Kerala
Legislative Angamaly constituency
in Ernakulam district
Chief Guest
Honorable JULI A. MATHEW
Judge, Presiding Judge of
County Court at Law 3,
Fort Bend County Justice Center
On Friday
March 1st
4.30pm
At Royal Alberts Palace
1050 King Georges Post Rd, Fords, New Jersey 08863
Sunil Tristar
(Samuel Easo)
National President
Shijo Poulose
National Secretary
Vishakh Cherian
National Treasurer
Sunil Thymattam
Advisory Board
Chairman
Anil Kumar Aranmula
National
Vice President
Asha Mathew
Joint Secretary
Roy Mulakunnam
Joint Treasurer
RSVP: eMail to indiapressclubofna@gmail.com | www.indiapressclub.org
1-917-662-1122 | 1-201-238-9654 | 1-757-756-7374

# ജീവിതം ഒരു പ്രഹേളിക: തോമസ് മാത്യു ജോയ്സ്




**മീട്ടു റഹ്മത്ത് കലാം**

ഒരിക്കലെങ്കിലും മരണത്തെ മുഖാമുഖം കണ്ടവർക്ക് മാത്രമേ ജീവിതത്തിന്റെ യഥാർത്ഥ മൂല്യം അറിയൂ. ബാല്യത്തിലും യൗവനത്തിലും ജീവിതസായാഹ്നത്തിലും മരണത്തെ മുന്നിൽ കാണുകയും ഒരു ഫീനിക്സ് പക്ഷിയെപ്പോലെ പറന്നുയരുകയും ചെയ്ത പ്രചോദനാത്മകമായ അനുഭവങ്ങളാണ് മുതിർന്ന മാധ്യമപ്രവർത്തകനായ തോമസ് മാത്യു ജോയ്സിന് പങ്കുവയ്ക്കാനുള്ളത്. കഴിഞ്ഞ രണ്ടരപ്പതിറ്റാണ്ടിലേറെയായി അമേരിക്കയിൽ താമസമാക്കിയ ഈ കോട്ടയം 'കാനം' സ്വദേശി പറയുന്ന അനുഭവങ്ങൾ പലതും, അതാത് കാലഘട്ടത്തിന്റെ ചരിത്രത്തിലേക്കുള്ള ഒരെത്തിനോട്ടംകൂടിയാണ്.വീൽ ചെയറിൽ ഇരുന്നുകൊണ്ട്  ഇൻഡോ അമേരിക്കൻ പ്രസ്സ് ക്ലബ് ഡയറക്ടർ , ഗ്ലോബൽ ഇന്ത്യൻ കൗൺസിൽ മീഡിയാ ചെയർമാൻ എന്നീ ഉത്തരവാദിത്വങ്ങൾ കൈകാര്യം ചെയ്യുകയും സെമിനാറുകളിലും സാഹിത്യ സാംസ്കാരിക ചർച്ചകളിലും സജീവമായി പങ്കെടുക്കുകയും ചെയ്തുകൊണ്ട് സമപ്രായക്കാരെയും പുതുതലമുറയെയും ഒരുപോലെ അത്ഭുതപ്പെടുത്തുന്ന തോമസ് മാത്യു ജോയ്സിന്റെ വിശേഷങ്ങളിലേക്ക്...

## നാടിനെക്കുറിച്ച് മനസ്സിൽ പേറുന്ന ഗൃഹാതുരത്വം തുളുമ്പുന്ന ഓർമ്മകൾ?

കോട്ടയത്ത് കാനം എന്ന കൊച്ചുഗ്രാമത്തിൽ മാടപ്പാട്ട് തോമസ്-അന്നമ്മ ദമ്പതികളുടെ മൂന്നാമത്തെ സന്തതിയായാണ് ജനിച്ചുവളർന്നത്.1126 തുലാം 25 നാണ് ഞാൻ ജനിച്ചതെന്ന് അപ്പൻ കുത്തിക്കുറിച്ചുവച്ചിരുന്നു.മൂത്തതുരണ്ടും സഹോദരിമാരാണ്.ആദ്യ ആൺതരി എന്ന നിലയിൽ വല്യപ്പച്ചന്റെ സ്നേഹം ആവോളം കിട്ടിയിട്ടുണ്ട്. മെയിൻ റോഡിൽ നിന്ന് 200 അടി ദൂരെ ഒരു കുന്നിൻപുറത്തായിരുന്നു  ഞങ്ങളുടെ വീട്. കർഷക കുടുംബമായതുകൊണ്ട് അറയും നിലവറയുമുള്ള പുരാതനശൈലിയിൽ നിർമ്മിച്ച വീട് ഇന്നും ഓർമ്മയുടെ കോണിൽ തലയെടുപ്പോടെ നിൽക്കുന്നു. കുടുംബംവക അഞ്ചാറേക്കർ സ്ഥലത്ത് നെൽകൃഷി കഴിഞ്ഞാൽ വാഴയും പാവലും പയറും മറ്റു പച്ചക്കറികളും കപ്പയും ചേനയും കാച്ചിലും നനകിഴങ്ങും നട്ടിരുന്നു. തിരുവാതിര ആണ് എന്റെ ജന്മനക്ഷത്രം.തിരുവാതിര നാളുകാർ വിതച്ചാൽ പത്തിരട്ടി വിളവുണ്ടാകുമെന്ന വിശ്വാസത്തിൽ വല്യപ്പൻ എന്നെ തോളത്തിരുത്തി വല്ലക്കൊട്ടയിൽ നിന്ന് വിത്ത് വിതറിക്കുമായിരുന്നു. ചന്തയിലേക്ക് ചരക്കുമായി പോകുന്ന കാളവണ്ടികളുടെ ശബ്ദം കേട്ടാണ് ഓരോ ദിവസവും തുടങ്ങുന്നത്. അപ്പനും പണിക്കാരും കൃഷിയുടെ



ബഹളങ്ങളുമായി വീട്ടിലെന്നും പ്രസരിപ്പ് നിറഞ്ഞുനിന്നു.വഴിയിലെ പുല്ല് ചെത്തി വൃത്തിയാക്കുന്നതും കാളയ്ക്കും പശുവിനും തീറ്റ നൽകുന്നതും വെള്ളം കുടിപ്പിക്കുന്നതും ഞങ്ങൾ കുട്ടികളുടെ ചുമതലയായിരുന്നു. ഞങ്ങൾക്ക് രണ്ടു കുളങ്ങൾ ഉണ്ടായിരുന്നു. സ്കൂൾ വിട്ടെത്തുന്ന പിള്ളേർ ആൺപെൺ വ്യത്യാസമില്ലാതെ അതിൽ നീന്തിക്കളിക്കും. വേനലിൽ അത് തേകിയിട്ട്, കുടിവെള്ളമില്ലാത്ത അയല്പക്കക്കാരുടെ ഉപയോഗത്തിന് വൃത്തിയായി സൂക്ഷിക്കും.പറമ്പിൽ ഓടിച്ചാടി നടന്ന് മാമ്പഴവും കശുമാങ്ങയും പെറുക്കുന്നതും അത് ചീമ്പിക്കഴിച്ച് അവസാന നീര് വരെ നക്കിവടിച്ചെടുക്കുന്നതും ഇന്നത്തെ കുഞ്ഞുങ്ങൾക്ക് സ്വപ്നം കാണാൻ കഴിയാത്ത അനുഭൂതിയാണ്. സമ്പന്നകുടുംബം ആയിരുന്നില്ലെങ്കിലും, അൻപതുകളിലും അറുപതുകളിലും കേരളത്തിലെ കുടുംബങ്ങളിൽ ഉണ്ടായിരുന്ന പട്ടിണി അറിയേണ്ടി വന്നിട്ടില്ലെന്നത് ഒരു ഭാഗ്യമാണ്. അയൽവീടുകളിൽ ഹിന്ദു കുടുംബങ്ങളുമായും വളരെ സാഹോദര്യത്തോടെയാണ് കഴിഞ്ഞിരുന്നത്.ഓണവും ക്രിസ്മസുമൊക്കെ ഒന്നിച്ച് ആഘോഷിക്കും.കർക്കിടകത്തിൽ പിള്ളേരോണം കൊണ്ടാടുന്നതിന്റെ ഭാഗമായി വല്യമ്മച്ചി തൂശനിലയിൽ സദ്യ ഒരുക്കും.പ്ലാവിലോ മാവിലോ കെട്ടിയ ഊഞ്ഞാലിൽ ഊഴം കാത്തുനിന്ന് ആടും. ഉപ്പേരിയും ശർക്കരപെരട്ടിയും കട്ടുകഴിക്കുന്നതാണ് മറ്റൊരു വിനോദം.അയൽവീടുകളിൽ മണ്ണുകുഴച്ച് തൃക്കാക്കരയപ്പനെ ഉണ്ടാക്കി അതിനുചുറ്റും നല്ലരീതിയിൽ കമനീയമായിട്ട് പൂക്കളമിടുന്നത് നോക്കിനിന്നിട്ട് ഞങ്ങളുടെ വീട്ടുമുറ്റത്ത് കോഴിവാലനും കോളാമ്പിയും ചെമ്പരത്തിയും നുള്ളിപ്പറിച്ചൊരു അത്തപ്പൂക്കളം തട്ടിക്കൂട്ടും.

പള്ളിയിൽ നിന്ന് കരോൾ ഗാനം ഒഴുകിയെത്തുന്നതോടെ ക്രിസ്മസ് ആഘോഷം തുടങ്ങും. പെട്രോൾ മാക്സിന്റെ വെളിച്ചത്തിൽ ബാനറുമായി ക്രിസ്മസ് പാപ്പയും സംഘവും രണ്ടുമൂന്ന് പാട്ടുകൾ വീട്ടുമുറ്റത്ത് വന്ന് ഡ്രമ്മടിച്ച് പാടും.വല്യപ്പൻ ആ സന്തോഷത്തിൽ അവർക്ക് എന്തെങ്കിലും സംഭാവനയും കട്ടൻകാപ്പിയും പലഹാരവും കൊടുക്കും.



### കയ്പറിയ അനുഭവങ്ങളും ബാല്യത്തിൽ ഉണ്ടായിരുന്നില്ലേ?

പഠിക്കാൻ വലിയ താല്പര്യമായിരുന്നു.സ്വന്തം കൃഷിയിടത്തിലെ പനയോലയിൽ വല്യപ്പൻ മടിയിലിരുത്തി നാരായംകൊണ്ട് വടിവൊത്ത അക്ഷരത്തിൽ എഴുതിപ്പഠിപ്പിച്ച മലയാളത്തിന്റെ മധുരം എന്നും കൂടെയുണ്ട്. എല്ലാ അക്ഷരങ്ങളും സംഖ്യകളും ഒരൊറ്റ ഓലയിൽ എഴുതിത്തീർത്തു എന്നുള്ളത് ഇന്ന് ചിന്തിക്കുമ്പോൾ അത്ഭുതമായി തോന്നുന്നു. ചെറുപ്പത്തിൽ പേരറിയാത്തൊരു മഹാമാരി പിടിപെട്ടു. മൂന്ന് ദിവസം പനിച്ചുകിടന്നു.നാലാം ദിവസം തലയ്ക്ക് കീഴ്പ്പോട്ട് തളർന്നുപോയിരുന്നു.എന്റെ കവിളിൽ ഇറ്റുവീണ അമ്മയുടെയും വല്യമ്മച്ചിയുടെയും കണ്ണുനീരിന്റെ ചൂട് ഇപ്പോഴും ഉള്ളു പൊള്ളിക്കുന്നു.

ആറുവർഷത്തോളം ചികിത്സിച്ചു. വെല്ലൂർ പോലെ പേരുകേട്ട ആശുപത്രിയിൽ പോയിട്ടും പ്രയോജനമുണ്ടായില്ല.കോട്ടയ്ക്കൽ ആര്യവൈദ്യശാലയിലെ ഞവര എന്ന ചികിത്സാമുറ ഫലം കണ്ടു.തളർന്നു കിടന്ന ഞാൻ,വടികുത്തിയും കുടകുത്തിയും നടന്നുതുടങ്ങി. ഹൈസ്കൂൾ ആയപ്പോൾ സാധാരണ എല്ലാവരെയും പോലെ നടക്കാൻ സാധിച്ചു.

### മനസ്സിനൊപ്പം ശരീരം ഓടിയെത്താതിരുന്ന കുട്ടിക്കാലം ക്ലേശകരമായിരുന്നോ?

ശാരീരികമായ വെല്ലുവിളികൾ മനസ്സിനെ ഒരുതരത്തിലും ബാധിക്കാത്തതിൽ ദൈവത്തോട് എനിക്ക് നന്ദിയുണ്ട്. ഞായറാഴ്ച പള്ളിയിലും സൺഡേ സ്കൂളിലും പോകുന്നതുപോലെ തന്നെ ബാലജനസഖ്യത്തിൽ കലാപരിപാടി അവതരിപ്പിക്കുന്നതും പതിവായിരുന്നു.ബാലജനസഖ്യത്തിലെ ഗ്രന്ഥശാലയിലെ എല്ലാ പുസ്തകങ്ങളും വായിച്ചിട്ടുണ്ടെന്ന് എനിക്ക് സധൈര്യം പറയാം. കൂടുതൽ ഓടിച്ചാടി നടക്കാൻ കഴിയാത്തതുകൊണ്ടാകാം അത്രത്തോളം വായനയിലേക്ക് ശ്രദ്ധ ഊന്നിയത്. ഉപന്യാസ രചനയിൽ അമ്മ ഒരുപാട് സഹായിച്ചിട്ടുണ്ട്. ബാലജനസഖ്യത്തിന് അന്ന് പതിനാറ് യൂണിറ്റാണ്. പാമ്പാടി,കാഞ്ഞിരപ്പള്ളി,വാകത്താനം,കറുകച്ചാൽ പോലുള്ള സ്ഥലങ്ങൾ ഉൾപ്പെടുന്ന വാഴൂർ യൂണിയൻ പ്രതിനിധിയായിരുന്നു ഞാൻ.എന്റെ സീനിയറാണ് തിരുവഞ്ചൂർ രാധാകൃഷ്ണൻ.കാനം രാജേന്ദ്രൻ, കെ.സി.ജോസഫ് തുടങ്ങി പലരുമായും ബാലജനസഖ്യത്തിലൂടെയാണ് സൗഹൃദബന്ധമുണ്ടായത്. കേന്ദ്ര കമ്മിറ്റിയിൽ ഉയർന്ന പോസ്റ്റുകൾ വച്ചുനീട്ടിയപ്പോഴും,അധികാരമോഹം ഇല്ലാത്തതുകൊണ്ട് അതിൽ നിന്നൊക്കെ വിട്ടുനിന്നു.മലയാറ്റൂർ രാമകൃഷ്ണന്റെ നേതൃത്വത്തിൽ കേരളത്തിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട 200 പേർക്ക് ഒരാഴ്ച ദൈർഘ്യമുള്ള നേതൃത്വ പരിശീലന ക്യാമ്പ് സംഘടിപ്പിച്ചത് ആ സമയത്തെ നല്ലൊരു സ്മരണയാണ്. കഥയെഴുത്തുമായി ബന്ധപ്പെട്ട വർക്ഷോപ്പും അതിനോട് ചേർന്ന് നടന്നിരുന്നു.എട്ടാം ക്ലാസ് മുതൽ ജെറുസലേം മൗണ്ട് ഹൈസ്കൂളിലാണ് പഠിച്ചത്. അക്കാലയളവിലും ഒരുപാട് വായിക്കാൻ കഴിഞ്ഞു.എം ടി യുടെ പാതിരാവും പകൽവെളിച്ചവും , നാലുകെട്ട് ,വളർത്തുമൃഗങ്ങൾ , മുറപ്പെണ്ണ് തുടങ്ങിയവ ഹൈസ്കൂളിൽ പഠിക്കുമ്പോൾ വായിച്ചവയാണ് .

'ക്ഷീരബല സഹചരാദി കഷായം' എന്ന നാടകം വായിച്ചത് ഇന്നും ഓർക്കുന്നു.എഴുത്തുകാരന്റെ ഭാവന അതിശയത്തോടെ വീക്ഷിച്ച ആദ്യ വായനാനുഭവമായിരുന്നു അത്. അങ്ങനെ എഴുതണമെന്ന ആഗ്രഹവും ഉള്ളിൽ മുളപൊട്ടി.സ്കൂളിലെ കയ്യെഴുത്തുമാസികയിൽ ഒന്നുരണ്ട് കഥകളെഴുതി.സ്കൂളിനെ പ്രതിനിധീകരിച്ച് യുഎൻ ജനറൽ നോളേജിന്റെ പരീക്ഷ എഴുതാൻ പോയ എന്നോട് ഹെഡ്മാസ്റ്റർ പറഞ്ഞത് 'നീ റൂസ്‌വെൽറ്റിനെ പോലെയാണല്ലോ' എന്നാണ്.രണ്ടാം ലോക മഹായുദ്ധകാലത്ത് അമേരിക്കൻ പ്രസിഡന്റായിരുന്ന റൂസ്‌വെൽറ്റുമായി എന്നെ താരതമ്യം ചെയ്തത് എന്തിനായിരുന്നെന്ന് ഒരുപിടിയുമില്ല. പക്ഷേ,അന്ന് അതുകേട്ടപ്പോൾ സന്തോഷം തോന്നി.

തമാശയ്ക്കുപോലും എന്റെ കുറവ് സൂചിപ്പിക്കുന്ന പേരുകൾ വിളിച്ച് ആരും കളിയാക്കാതിരുന്നത്, മാനസികമായി കരുത്ത് നേടാൻ സഹായിച്ചിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഒരു മോശം അനുഭവം ഉണ്ടായിരുന്നെങ്കിൽ കുഞ്ഞുമനസ്സിന് മുറിവേൽക്കുമായിരുന്നു.അന്നത്തെ സുഹൃത്തുക്കളും നാട്ടുകാരും എന്നെ ചേർത്തുനിർത്തിയിട്ടേയുള്ളു. അതുകൊണ്ടുകൂടിയാണ് പഠനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ സാധിച്ചത്. സ്കൂളിൽ ആറു പേർക്ക് മാത്രം എസ്എസ്എൽസി- ക്ക് ഫസ്റ്റ് ക്ലാസ് ലഭിച്ചപ്പോൾ, അതിലൊരാളായതും മാനസികമായി തളർത്തുന്ന ഘടകങ്ങൾ ഇല്ലാതിരുന്നതുകൊണ്ടാണ്.

### കോളജ് കാലഘട്ടം ?

നല്ല മാർക്ക് ഉണ്ടായിരുന്നതുകൊണ്ട് സയൻസ് ഗ്രൂപ്പ് എടുക്കാനായിരുന്നു ആഗ്രഹം.എഞ്ചിനീയറിങ്ങിനോ മെഡിസിനോ ചേരുക എന്നതാണ് അന്ന് പഠിക്കാൻ മിടുക്കുള്ളവർ സ്വപ്നം കണ്ടിരുന്നത്. എന്നാൽ,അന്നത്തെ സാമ്പത്തിക സ്ഥിതി അതിന് അനുവദിച്ചില്ല.ചങ്ങനാശ്ശേരി എസ്ബി കോളജിൽ എനിക്ക് കൊമേഴ്സ് ഗ്രൂപ്പിലാണ് അഡ്മിഷൻ നൽകിയത്.എന്നേക്കാൾ മാർക്ക് കുറഞ്ഞ സുഹൃത്തിന് സയൻസ് ഗ്രൂപ്പ് ലഭിച്ചതും ആ പ്രായത്തിൽ സങ്കടമായി.കത്തോലിക്ക സഭയുടെ കീഴിൽ പ്രവർത്തിക്കുന്ന ആ കോളജിൽ, ശുപാർശ ഉള്ളവർക്കാണ് സയൻസ് ഗ്രൂപ്പ് നൽകിയിരുന്നത്.അങ്ങനെ ബസേലിയസ് കോളജിൽ ചേർന്നു. അപ്പോഴും,ഡിഗ്രിക്ക് എസ്ബി കോളജിൽ ചേരണമെന്ന് വാശിയായി. അത് സാധിക്കുകയും ചെയ്തു.

ഞാനൊക്കെ പഠിച്ചിരുന്ന കാലഘട്ടത്തിൽ, ബി.കോമിന് ഏർപ്പെടുത്തിയിരുന്ന സെഷണൽ മാർക്ക് എനിക്ക് ഒരു ദുരാചാരമായി തോന്നി.അതിനെതിരെ പ്രവർത്തിക്കുന്നതിനുവേണ്ടി ഓൾ കേരള കോമേഴ്സ് അസോസിയേഷൻ രൂപീകരിച്ചു.ഫോണും സോഷ്യൽ

മീഡിയയും ഇല്ലാത്ത കാലത്ത് പല സ്ഥലത്തെ വിദ്യാർത്ഥികളെ ഏകോപിപ്പിക്കുക ശ്രമകരമായിരുന്നു.മെമ്മോറാണ്ടം തയ്യാറാക്കി വൈസ് ചാൻസലറെ ഏൽപ്പിക്കുന്നതുവരെയും വിശ്രമമില്ലായിരുന്നു.അദ്ദേഹം വൈസ് ചാൻസലറായിട്ട് ആറുദിവസമേ ആയിരുന്നുള്ളു. ഗവണ്മെന്റ് കാര്യമായതുകൊണ്ട് സമയം പിടിക്കുമെന്നാണ് കരുതിയത്. എന്നാൽ, ഒരാഴ്ച കഴിഞ്ഞപ്പോൾ ബി.കോമിന്റെ സെഷണൽ മാർക്ക് സമ്പ്രദായം നിർത്തലാക്കി എന്നുള്ള വാർത്ത മനോരമയുടെ ഒന്നാം പേജിൽ വന്നു.നമ്മൾ വിചാരിച്ചാലും മാറ്റങ്ങൾ വരുമെന്നുള്ള വലിയ തിരിച്ചറിവ് അതോടെ ഉണ്ടായി. പിന്നീട് കൂടുതൽ കാര്യങ്ങൾ ചെയ്യാൻ ഈ സംഭവം പ്രചോദനമാവുകയും ചെയ്തു. എസ്ബി കോളജിൽ ഒഴികെ കേരളത്തിൽ എല്ലാ കോളജുകളിലും യൂണിയൻ ഉണ്ടായിരുന്നു.ഹൈസ്കൂളിൽ വടിയും കൊണ്ടുനടക്കുന്നതുപോലെ കത്തോലിക്ക അച്ചന്മാരുടെ കർക്കശമായ ഭരണമായിരുന്നു അവിടെ. യൂണിയൻ വേണമെന്ന ആവശ്യം മുന്നോട്ടുവച്ചുകൊണ്ട് മൂന്ന് ദിവസം നിരാഹാരസമരം നടത്തി.പ്രിൻസിപ്പൽ നേരിട്ടെത്തി,കോളജ് യൂണിയൻ അനുവദിക്കാമെന്ന് ഉറപ്പുനല്കിക്കൊണ്ട് നാരങ്ങാവെള്ളം തന്ന് സമരം അവസാനിപ്പിച്ചു.

### കേന്ദ്ര ഗവൺമെന്റിൽ ജോലി ലഭിച്ചിരുന്നല്ലോ?

ബാംഗ്ലൂർ സി.എ യ്ക്ക് ചേർന്നു. ഇന്റർമീഡിയേറ്റ് കഴിഞ്ഞപ്പോൾ യു.പി.എസ്.സി പരീക്ഷ എഴുതി.മൂന്നാം റാങ്കോടെയാണ് കേന്ദ്ര ഗവൺമെന്റിൽ സാമ്പത്തിക വിഭാഗത്തിൽ ജോലിക്ക് കയറിയത്.ആദ്യം ഡൽഹിയിലായിരുന്നു. സർക്കാർ 14 ബാങ്കുകൾ ദേശസാൽകൃതമാക്കിയ സമയമാണ്.ടെക്സ്റ്റൈൽ മില്ലുകളും നാഷണലൈസ് ചെയ്ത് ടെക്സ്റ്റൈൽ കോർപറേഷൻ ഓഫ് ഇന്ത്യ എന്ന് പേരിട്ടു.അതിലേക്ക് ഡെപ്യൂട്ടേഷനിൽ പോസ്റ്റിങ്ങ് ലഭിച്ചു.

### അടിയന്തരാവസ്ഥക്കാലത്തെ ഓർമ്മകൾ?

അടിയന്തരാവസ്ഥക്കാലത്ത് കോയമ്പത്തൂരിലായിരുന്നു ജോലി. 76 മുതൽ 79 വരെ, റോട്ടറാക്ട് ക്ലബ്ബിന്റെ റീജിയണൽ ഡയറക്ടറായിരുന്നു.സേലം മുതൽ കൊച്ചി വരെയുള്ള ചാപ്റ്ററുകൾ അതിൽ ഉൾപ്പെടും..ഓൾ ഇന്ത്യ എംപ്ലോയീസ് ഫെഡറേഷൻ രൂപീകരിച്ച് ജോർജ് ഫെർണാണ്ടസ് പ്രസിഡന്റായും ഞാൻ ജനറൽ സെക്രട്ടറിയുമായി പ്രവർത്തിച്ചു. റയിൽവെ കഴിഞ്ഞാൽ ഏറ്റവും കൂടുതൽ ജീവനക്കാരുള്ള ഫെഡറേഷനായി അത് പടർന്നു പന്തലിച്ചു.125 മില്ലുകളുണ്ട്.വലിയ മില്ലിൽ 15000 പേരൊക്കെയാണ് ജോലി ചെയ്തിരുന്നത്.എല്ലാ മാസവും പല അംസ്ഥാനങ്ങളിൽ നിന്നുള്ള ലേഖനങ്ങൾ ശേഖരിച്ച് ഫെഡറേഷന്റെ ഒരു മാസിക ഇറക്കിയിരുന്നു.അഞ്ചുവർഷം ഞാനായിരുന്നു അതിന്റെ എഡിറ്റർ.അഞ്ചാം വാർഷികത്തിൽ 278 പേജുള്ള സുവനീറും ഇറക്കി.സ്റ്റാൻഡേർഡൈസേഷൻ ഓഫ് വേജസ് എന്ന ആവശ്യവും ആ സമയത്ത് മുന്നോട്ടുവച്ചു.ഒരേ ജോലി ചെയ്യുന്ന തമിഴനും മലയാളിക്കും ഹിന്ദിക്കാരനും ഒരേ കൂലി ലഭിക്കണമെന്നായിരുന്നു ആശയം.ഇതിന്റെ ഫലമായി, വേതനം പലർക്കും കൂട്ടിക്കിട്ടിയെങ്കിലും,തുല്യത കൈവരിക്കാൻ കഴിഞ്ഞില്ല.

### ആദ്യമായി എഴുതിയ കഥ ജീവിതത്തിൽ വഴിത്തിരിവായല്ലോ?

അതെ.മനോരാജ്യം എന്ന വാരികയിലാണ് എന്റെ ആദ്യ കഥ പ്രസിദ്ധീകൃതമായത്.ഞാൻ എഴുതിയ കഥ വായിച്ച് ഒരു പെൺകുട്ടി എന്നെ പ്രണയിക്കുന്നതും ഞങ്ങൾ വിവാഹിതരാകുന്നതും ഒക്കെയായിരുന്നു ഇതിവൃത്തം.അതിലെ രസം എന്താണെന്ന് വച്ചാൽ, ആ കഥ എന്റെ ജീവിതത്തിൽ സംഭവിച്ചു. ഞാനെഴുതിയ കഥ വായിച്ചാണ് ആലീസ് എന്നെ പ്രണയിച്ചതും ഞങ്ങൾ വിവാഹിതരായതും. കഥയിലേതുപോലെ തന്നെ ഞങ്ങൾക്കൊരു മകൻ ജനിച്ചു.

### അമേരിക്കൻ കുടിയേറ്റം?

1997 ലാണ് അമേരിക്കയിൽ എത്തിയത്.ഗ്ലോബൽ ഫാർമസ്യൂട്ടിക്കൽസായ അവെന്റിസിൽ ഫിനാൻഷ്യൽ അനലിസ്റ്റായി ജോലി ലഭിച്ചു. തുടക്കത്തിൽ ഒരു അപ്പാർട്മെന്റിലായിരുന്നു താമസം. ഒരുവർഷം കഴിഞ്ഞപ്പോൾ വീട് വാങ്ങി. മകനെ സ്കൂളിൽ ചേർത്തു.ആദ്യ ഏഴെട്ടുവർഷം നല്ലതുപോലെ കഷ്ടപ്പെട്ടു.രണ്ടുപേർക്കും ജോലി ഉള്ളതുകൊണ്ട് വീടിന്റെ ലോൺ പോലുള്ള കാര്യങ്ങൾ മുടക്കം വരാതെ അടച്ചുതീർത്തു.21 വർഷം ഞങ്ങൾ ഒഹായോയിൽ ആയിരുന്നു. 2019 ൽ മകന്റെ ജോലിയുമായി ബന്ധപ്പെട്ടാണ് ലാസ് വേഗാസിലേക്ക് താമസം മാറ്റിയത്.

### ഏറ്റവുമധികം സ്വാധീനിച്ച പുസ്തകം?

**ഞാനൊക്കെ പഠിച്ചിരുന്ന കാലഘട്ടത്തിൽ, ബി.കോമിന് ഏർപ്പെടുത്തിയിരുന്ന സെഷണൽ മാർക്ക് എനിക്ക് ഒരു ദുരാചാരമായി തോന്നി. അതിനെതിരെ പ്രവർത്തിക്കുന്നതിനുവേണ്ടി ഓൾ കേരള കോമേഴ്സ് അസോസിയേഷൻ രൂപീകരിച്ചു. ഫോണും സോഷ്യൽ മീഡിയയും ഇല്ലാത്ത കാലത്ത് പല സ്ഥലത്തെ വിദ്യാർത്ഥികളെ ഏകോപിപ്പിക്കുക ശ്രമകരമായിരുന്നു. മെമ്മോറാണ്ടം തയ്യാറാക്കി വൈസ് ചാൻസലറെ ഏൽപ്പിക്കുന്നതുവരെയും വിശ്രമമില്ലായിരുന്നു**




എന്നെ ഏറ്റവുമധികം സ്വാധീനിച്ച പുസ്തകം ബൈബിളാണ്.എത്ര ആവർത്തി വായിച്ചാലും പുതിയ അറിവ് ലഭിക്കുന്ന അത്ഭുതമായി തോന്നും.ഇപ്പോഴും വായിച്ചുകൊണ്ടിരിക്കുകയാണ്. ബഷീറിന്റെ ബാല്യകാലസഖിയും പാത്തുമ്മയുടെ ആടും ചെറുപ്പത്തിലേ മനസ്സിൽ ഇടം നേടിയ പുസ്തകങ്ങളാണ്.പെരുമ്പടവം ശ്രീധരന്റെ 'ഒരു സങ്കീർത്തനം പോലെ' എന്ന നോവലാണ് പ്രവാസിയായ ശേഷം വായിച്ചതിൽ പ്രിയപ്പെട്ടത്.'വെളിച്ചം ദുഃഖമാണുണ്ണി ,തമസ്സല്ലോ സുഖപ്രദം' എന്നുപറഞ്ഞ അക്കിത്തമാണ് എന്റെ പ്രിയപ്പെട്ട കവി.അദ്ദേഹത്തിന്റെ വെണ്ണക്കല്ലിന്റെ കഥ, പരമദുഃഖം തുടങ്ങിയ കവിതകൾ എന്നെ ഏറെ ആകർഷിച്ചിട്ടുണ്ട്.

### കവിത,കഥ,ലേഖനം...ഏതിനോടാണ് പ്രിയം?

കവിതകളും ലേഖനങ്ങളും പ്രത്യേകിച്ച് സാമ്പത്തികശാസ്ത്ര ലേഖനങ്ങൾ എഴുതുന്നതിലാണ് താല്പര്യം.രണ്ടു പുസ്തകങ്ങൾ പ്രസിദ്ധീകൃതമായി.ബൈബിളിലെ ഉത്തമഗീതത്തിന്റെയും പത്തു കല്പനകളുടെയും വിശദീകരണവും വിശകലനവുമാണ് 'എന്റെ പ്രിയേ' എന്ന കൃതി. പ്രേമത്തെക്കുറിച്ചുള്ള പ്രതിപാദനമുള്ളതുകൊണ്ടാകാം ഏറ്റവും കുറച്ചു വായിക്കുകയും പഠിക്കുകയും പരാമർശിക്കുകയും ചെയ്യുന്ന ഒന്നാണ് ബൈബിളിലെ ഉത്തമഗീതം.ഈ ചിന്താഗതി മാറ്റുകയും പ്രേമവും കാമവുമെല്ലാം സൃഷ്ടിയുടെ ഭാഗമാണെന്ന പരമമായ സത്യം വായനക്കാരിൽ എത്തിക്കുക എന്ന ഉദ്ദേശത്തോടെയാണ് അതെഴുതിയത്.ആനുകാലിക വിഷയങ്ങളെ


"Are you ready to make memories that will last a lifetime?"
HIGHLIGHTS OF
COSTA RICA
JULY 31 – AUGUST 8, 2024
"At Faith Holidays, we understand the importance of shared experiences."
FAITH HOLIDAYS
America's Finest Tour Operator
To Book: 1-888-91-FAITH
www.faithholidays.com

**കാനം സിഎംഎസ് സ്കൂളിലായിരുന്നു എന്റെ പ്രാഥമിക വിദ്യാഭ്യാസം. സായിപ്പുമാർ പണികഴിപ്പിച്ച വിദ്യാഭ്യാസ സ്ഥാപനമാണത്. വീട്ടിൽ നിന്ന് സ്കൂളിലേക്കുള്ള ഒരു മൈൽ ദൂരത്തിനിടയിലാണ് ഗ്രാമച്ചന്ത. പെട്ടിക്കടകളും ചായക്കടകളും തുണിക്കടകളും പോസ്റ്റ് ഓഫീസും തുണിക്കടകളും കണ്ടവും കടന്ന് കയറ്റം കയറിയാണ് സ്കൂളിൽ പോയിരുന്നത്. ആ നടത്തത്തിനിടയിൽ വഴിയിൽ കാണുന്നവരോട് കുശലം പറയുകയും ഹൃദയവികാരങ്ങൾ തൊട്ടറിയുകയും ചെയ്തു. അന്ന് പെറുക്കിയെടുത്ത ഓരോ കല്ലും ചേർത്താണ് ജീവിതത്തിനൊരു അടിത്തറ ഉണ്ടായത്.**



ക്കുറിച്ചുള്ള ലേഖനങ്ങളും കവിതകളും കഥകളും സമാഹരിച്ച അമേരിക്കൻ ആടുകളാണ് രണ്ടാമത്തെ പുസ്തകം. മൂന്നാമതൊരെണ്ണം എഴുതിപൂർത്തീകരിച്ചു.

### രചനകളിൽ കൂടുതൽ സ്വീകാര്യത ലഭിച്ചവ?

കവിതകളിൽ ' മമ്മിതന്  മാതൃരോദനം , മകനേ , മാനിന്റെ മാതൃസ്നേഹം' എന്നിവ ശ്രദ്ധിക്കപ്പെട്ടവയാണ് .മുന്നൂറില്പരം ലേഖനങ്ങൾ എഴുതിയതിൽ ' മയക്കുമരുന്നു രഹിത കേരളം , ഹോംലെസ്സ് , വിദ്യാഭ്യാസരംഗത്തെ കച്ചവടക്കാർ, ബൈബിളിലെ ഉത്തമഗീതത്തിന്റെ വ്യാഖ്യാനം' തുടങ്ങിയ ലേഖനങ്ങൾക്ക് വായനക്കാരിൽനിന്ന് വലിയ പ്രോത്സാഹനം ലഭിച്ചിട്ടുണ്ട്. അതുപോലെ തന്നെ,പെരുമ്പടവം ശ്രീധരൻ , യൂസഫലി  തുടങ്ങിയ സാഹിത്യകാരന്മാരുമായി നടത്തിയ അഭിമുഖങ്ങളും ഏറെ സ്വീകരിക്കപ്പെട്ടു. കോവിഡിന്റെ പ്രാരംഭ സമയത്ത്  എഴുതിയ 'കൊതിപ്പിച്ച പൊടിമീശക്കാരൻ, യാത്രാ മൊഴി' എന്നീ ചെറുകഥകളുടെ വ്യത്യസ്തതയും നിരവധിപേർ എടുത്തുപറഞ്ഞത് സന്തോഷം നൽകി. ഇനിയും എഴുതാൻ പ്രേരിപ്പിക്കുന്നത് ഇത്തരം കാര്യങ്ങളാണ്.

### അടുത്ത കാലത്ത് ലഭിച്ച അംഗീകാരങ്ങൾ ?

2023 ൽ മികച്ച പത്രപ്രവർത്തകനുള്ള ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് (ഇന്റർനാഷനൽ മീഡിയാ കോൺഫറൻസ് , കണക്റ്റിക്കട്ട് )

202122 ഫൊക്കാന സാഹിത്യ പുരസ്കാരം(സോഷ്യൽ മീഡിയ സമാഹാരങ്ങൾ, അമേരിക്കൻ ആടുകൾ),2022ൽ  ഏറ്റവും

മികച്ച കവിതയ്ക്കുള്ള കേരള ലിറ്ററി സൊസൈറ്റി പുരസ്കാരം  മാനിന്റെ മാതൃരോദനം എന്ന കവിതയ്ക്ക് ലഭിച്ചു.2021ൽ  മയക്കുമരുന്നുവിമുക്ത കേരളം' എന്ന ലേഖനം ഗാന്ധി പീസ് കോർപ്പ് ആഗോള ഉപന്യാസ മത്സരത്തിൽ ഏറ്റവും മികച്ചതായി തിരഞ്ഞെടുക്കപ്പെട്ടു.

### ലോകത്തെ ഏറ്റവും സുന്ദരമായ സ്ഥലം?

ഇപ്പോൾ താമസിക്കുന്ന ലാസ് വേഗസ് വളരെ നല്ല സ്ഥലമാണ്. എന്നാൽ, കാനം എന്ന ജന്മനാടാണ് എന്നെസംബന്ധിച്ച് ലോകത്തേറ്റവും സുന്ദരം.

കാനം സിഎംഎസ് സ്കൂളിലായിരുന്നു എന്റെ പ്രാഥമിക വിദ്യാഭ്യാസം. സായിപ്പുമാർ പണികഴിപ്പിച്ച വിദ്യാഭ്യാസ സ്ഥാപനമാണത്. വീട്ടിൽ നിന്ന് സ്കൂളിലേക്കുള്ള ഒരു മൈൽ ദൂരത്തിനിടയിലാണ് ഗ്രാമച്ചന്ത. പെട്ടിക്കടകളും ചായക്കടകളും  തുണിക്കടകളും പോസ്റ്റ് ഓഫീസും തുണിക്കടകളും കണ്ടവും കടന്ന് കയറ്റം കയറിയാണ് സ്കൂളിൽ പോയിരുന്നത്.ആ നടത്തത്തിനിടയിൽ വഴിയിൽ കാണുന്നവരോട് കുശലം പറയുകയും ഹൃദയവികാരങ്ങൾ തൊട്ടറിയുകയും ചെയ്തു.അന്ന് പെറുക്കിയെടുത്ത ഓരോ കല്ലും ചേർത്താണ് ജീവിതത്തിനൊരു അടിത്തറ ഉണ്ടായത്. ഗ്രാമീണ പശ്ചാത്തലത്തിൽ നോവലുകൾ എഴുതിയിരുന്ന കാനം ഇ.ജെ.ഫിലിപ്പാണ് ഞങ്ങളുടെ നാടിനെ പ്രശസ്തമാക്കിയത്. സത്യൻ മാഷ് അഭിനയിച്ച ഭാര്യ പോലുള്ള സിനിമകൾ അദ്ദേഹത്തിന്റെ തൂലികയിൽ പിറന്നതാണ്. അടുത്തിടെ നമ്മെ വിട്ടുപിരിഞ്ഞ കാനം രാജേന്ദ്രനും ഞാനും ഒരേ ദിവസം ജനിച്ചവരാണ്.അദ്ദേഹവും പേരിനൊപ്പം നാടിനെ ചേർത്ത് പ്രശസ്തമാക്കി.

### നാടിനുവേണ്ടി ചെയ്ത കാര്യങ്ങളിൽ സംതൃപ്തി തോന്നുന്ന ഒരനുഭവം?

നാട്ടകം ഗെസ്റ്റ് ഹൗസിന്റെ അടുത്തുകാണുന്ന റയിൽവെ ലൈനിന്റെ ലെവൽ ക്രോസ് ഞാനുൾപ്പെടെയുള്ള  സമീപവാസികൾക്ക് വലിയ ബുദ്ധിമുട്ടായിരുന്നു.ഓരോ തവണയും ട്രെയിൻ വരുമ്പോൾ അവിടെ കാത്തുകെട്ടി കിടന്ന് ഒരുപാട് സമയം പോകുന്നതുകൊണ്ട് അവിടൊരു ഓവർബ്രിഡ്ജ് വരുന്നത് നന്നായിരിക്കുമെന്ന് എനിക്ക് തോന്നി. ഇതുമായി ബന്ധപ്പെട്ട് സർവേ നടത്തി,ആളുകളുടെ ഒപ്പ് ശേഖരിച്ച് ഒരു മെമ്മോറാണ്ടം സമർപ്പിച്ചു.2015 ൽ ഓവർബ്രിഡ്ജിന് അനുമതി ലഭിക്കുകയും പണി പൂർത്തിയാവുകയും ചെയ്തു.ഉദ്ഘാടനത്തിന് ക്ഷണം ഉണ്ടായിരുന്നെങ്കിലും പോകാൻ സാധിച്ചില്ല. നാട്ടിൽപോകുമ്പോൾ ആ വഴി യാത്ര ചെയ്യുന്ന നേരത്ത് സന്തോഷം തോന്നാറുണ്ട്.

### താങ്കളുടെ  ജീവിതവീക്ഷണം?

നിർവചിക്കാൻ കഴിയാത്ത പ്രഹേളികയാണ് സ്നേഹം.ആ വികാരമാണ് ജീവിതത്തെ മുന്നോട്ടു കൊണ്ടുപോകുന്നത് എന്ന് പലപ്പോഴും തോന്നിയിട്ടുണ്ട്. ഉച്ചരിക്കാൻ കഴിയാത്ത വാക്കാണ് സ്നേഹമെന്ന് ആരോ പറഞ്ഞിട്ടുണ്ട്.മൂന്ന് തവണ മരണത്തെ മുഖാമുഖം കണ്ടത് ജീവിതവീക്ഷണത്തെ സ്വാധീനിച്ചിരിക്കാം.കുഞ്ഞിലേ പനിബാധിച്ച് തളർന്ന കാര്യം പറഞ്ഞല്ലോ.പിന്നീട് ബാംഗ്ലൂർ വച്ച് ഭക്ഷ്യവിഷബാധയേറ്റ് വെന്റിലേറ്ററിൽ കിടന്നു.ആറുമാസം മുൻപ ് ഒരു സ്ട്രോക്ക് പോലെ വന്ന് മസ്തിഷ്ക ശസ്ത്രക്രിയയ്ക്ക് വിധേയനായി.ഇക്കാരണങ്ങളാൽ തന്നെ, നീട്ടിക്കിട്ടിയ ജീവിതം മറ്റുള്ളവർക്കുകൂടി പ്രയോജനപ്പെടണമെന്നാണ് ആഗ്രഹം. ഇനിയും പലതും ചെയ്യാനുണ്ടെന്ന വിശ്വാസമാണ് ഊർജ്ജ സ്രോതസ്സ്. ബന്ധങ്ങളും സൗഹൃദങ്ങളും ഇഴയടുപ്പത്തോടെ നിലനിർത്തിയാൽ മനസ്സിന് പ്രസരിപ്പ് കൈവരുമെന്നാണ് എന്റെ അനുഭവം.

### സാമൂഹിക – സാംസ്കാരിക രംഗങ്ങളിലെ പ്രവർത്തനങ്ങൾ?

അമേരിക്കയിലെ മലയാളി എഴുത്തുകൂട്ടങ്ങളായ ലാന , ഫൊക്കാന അവാർഡ് ലഭിച്ചവരുടെ വട്ടമേശയിൽ മുഖം കാണിക്കാറുണ്ട് . ഇൻഡോ അമേരിക്കൻ  പ്രസ്സ് ക്ലബ് ഡയറക്ടർ , ഗ്ലോബൽ ഇന്ത്യൻ കൗൺസിൽ മീഡിയാ ചെയർമാൻ എന്നീ ഉത്തരവാദിത്വങ്ങളും കൈകാര്യം ചെയ്യുന്നു.വീൽ ചെയറിലിരുന്നും സെമിനാറുകളിലും  സാഹിത്യ സാംസ്കാരിക ചർച്ചകളിലും സജീവമായി പങ്കെടുക്കാറുണ്ട്.

### കുടുംബം?

ഭാര്യ ഡോ.ആലീസ് മാത്യു യുഎൻഎൽവി -യിൽ പ്രൊഫസറാണ്.സംതൃപ്തമായ  കുടുംബജീവിതം  ലഭിച്ചതുതന്നെയാണ് ഏറ്റവും വലിയ അനുഗ്രഹം. പ്രിയതമയുടെ നിർലോപമായ പിന്തുണയാണ് അന്നും ഇന്നും എന്റെ കരുത്ത്. മകൻ കോളിൻസ് ടോം മാത്യൂസ് എഞ്ചിനീയറിങ് പൂർത്തിയാക്കിയശേഷം ഒരു പ്രമുഖ ഇൻഷുറൻസ് കമ്പനിയുടെ ഹ്യൂമൻ റിസോഴ്സ് മേധാവിയായി പ്രവർത്തിക്കുന്നു. മരുമകൾ:റിനി.ചെറുമക്കൾ: ലൂക്കസ്,ലോഗൻ.


Helping Families Build
A BETTER FINANCIAL FUTURE!
ABRAHAM
&ASSOCIATES
Jacob Abraham
516.244.5941
Sherin Abraham
516.312.5849
Jayden Abraham
516.996.8077
Independent Financial Service Representatives Affiliated with
More Than 70 Leading Companies Serving all 50 States
SERVICES INCLUDE
RETIREMENT PLANNING | TAX FREE RETIREMENT | GROW YOUR MONEY WITH DOWNWARD PROTECTION | ASSET PROTECTION STRATEGIES | 401K, 403B, IRA ROLLOVERS
DEBT MANAGEMENT | LONG TERM CARE DISABILITY INSURANCE | FIXED INDEXED ANNUITIES
COLLEGE PLANNING OTHER THAN 529 | LIFE INSURANCE WITH LIVING BENEFITS
OUR PRODUCT | PROVIDER LINE INCLUDES
A great opportunity to partner with us to start your business! We provide free financial education and analysis.
Contact us For The Best Tax free retirement strategy or for any other financial needs. eMail: sherinjake@gmail.com



# ചെളിയിൽ നിന്നു ചെന്താമര

# വിനു ഡാനിയൽ

## ടൈമിന്റെ നൂറിലൊരുവൻ

**കുര്യൻ പാമ്പാടി**

പാലായ്ക്കടുത്ത് പ്രവിത്താനം അളനാട് ശ്രീകൃഷ്ണ ക്ഷേത്രത്തിനടുത്ത് 'ചിരാത്' എന്നൊരു പാർപ്പിടം കണ്ടു നടക്കുമ്പോൾ തൊട്ടടുത്തു രാമപുരത്തെ നാലമ്പലങ്ങളിൽ ദർശനം നടത്തിയ നിർവൃതി. പ്രപഞ്ചത്തിന്റെ വർണവൈവിധ്യം സാക്ഷാൽക്കരിക്കുന്ന ആകാശ മേടയുടെ ഓരോ മുക്കും മൂലയും നമ്മെ ഊഞ്ഞാലിലാറാടിക്കും.

ഒരേ ഗ്രാമത്തിൽ അഞ്ചു കിമീ ചുറ്റളവിനുള്ളിൽ ശ്രീരാമനെയും ലക്ഷ്മണനെയും ഭരതനെയും ശത്രുഘ്നനെയും പ്രതിഷ്ഠിച്ച ക്ഷേത്രങ്ങൾ വലംവച്ചു കഴിഞ്ഞപ്പോൾ ദ്വാരകയിൽ ശ്രീകൃഷ്ണ രാജധാനിയിലേക്കു ഒരു കിഴി അവലുമായിപ്പോയ കുചേലനാണല്ലോ ഞാനെന്നു സ്വയം നിരൂപിച്ചു കണ്ണു നിറഞ്ഞു. 'എന്തുകൊണ്ടോ ശൗരി കണ്ണുനീരണിഞ്ഞു, ധീരനായ ചെന്താമരകണ്ണനുണ്ടോ കരഞ്ഞിട്ടുള്ളു!' (കുചേലവൃത്തം, രാമപുരത്തു വാര്യർ)

കുറുപ്പക്കാട്ടില്ലത്ത് പഴമയും പുതുമയും ഇടകലർത്തി ചിരാത് (മൺവിളക്ക്)എന്നൊരു മോഡേൺ മന പണിയാൻ നിശ്ചയിച്ചപ്പോൾ രാമാനുജൻ ആകെ ആവശ്യപ്പെട്ടത് പഴയ മനകളിൽ നിന്ന് വ്യത്യസ്തമായി എല്ലാ മുറികളിലും നല്ല വെളിച്ചം ഉണ്ടായിരിക്കണമെന്നാണ്. വാൾമേക്കേഴ്സ് വാസ്തുശില്പി വിനു ഒരു തളികയിൽ സമ്മാനിച്ചതു പുതിയൊരു സൂര്യ ഗായത്രി മന.

മലയോരത്ത് മഴകുറവാണെന്നതിനാൽ 35,000 ലിറ്റർ മഴവെള്ളം സംഭരിക്കാവുന്ന ഒരു കുളം നിർമ്മിച്ചുകൊണ്ടായിരുന്നു തുടക്കം. കുഴിച്ചെടുത്ത മണ്ണും കല്ലും പൊട്ടും പൊടിയും കളയാതെ ഭിത്തികൾ മെനയാൻ ഉപയോഗിച്ചു. ത്രികോണാകൃതിയുള്ള കുളത്തിനു മുകളിൽ സ്വീകരണ മുറി ഒരുക്കി.

ഉമ്മറം, വടക്കിനി, തെക്കിനി തുടങ്ങിയ വാസ്തുവിദ്യാ സങ്കൽപ്പങ്ങളെല്ലാം സന്നിവേശിപ്പിച്ച് ഉയർത്തിയ 1800 ച. അടി ഫ്‌ളോറിനു ചുറ്റും പഴയ ഓടുകൊണ്ടുള്ള ജാളികൾ. ഫെറോസിമന്റ് ഷെല്ലുകൾ കോർത്തിണക്കിയ റൂഫ്. ചോരാതിരിക്കാൻ മുകളിൽ പോളികാർബണേറ്റ് ഷീറ്റുകൾ.

ആകാശത്തിന് നിന്ന് നോക്കിയാൽ ചിറകു വിരിച്ച് പറക്കുന്ന ഭീമൻ അരയന്നതിന്റെ രൂപം. ചെലവ് 38 ലക്ഷം. നിഷ ബാങ്കിലായതിനാൽ പണത്തിനു മുട്ടില്ലല്ലോ എന്ന് രാമാനുജനോട് ഞാൻ അടക്കം പറഞ്ഞു. പക്ഷെ ഇതിനേക്കാൾ പണംമുടക്കുള്ള മോഡേൺ മനകൾ മലബാറിൽ കണ്ടിട്ടുണ്ടെന്ന് രാമാനുജൻ.

മനോരമയിൽ ഭാഷാപോഷിണി പത്രാധിപസമിതി അംഗമായ രാമാനുജൻ കോട്ടയത്ത് സൗത്തിന്ത്യൻ ബാങ്ക് സീനിയർ മാനേജരായ നിഷയുമൊത്തു എന്നും രാവിലെ ഡ്രൈവ് ചെയ്തു പോകും. മടങ്ങിയെത്തുമ്പോൾ രാത്രിയാകും. പുതിയ വീട്ടിൽ കൊതിതീരാതെ ചെലവഴിക്കാൻ സമയം കിട്ടുന്നില്ല..



*നിസർഗ: പാട്ടുകാരുടെ വീട്ടിൽ തംബുരു*


Now Open to
Serve You!
Newly
Redesigned
Restaurant
Interior
We Specialize Indoor and Outdoor Catering
Dilbar
INDIAN RESTAURANT
In An
Elegant
Atmosphere
Authentic
Indian
Cuisine
248-08 UnionTpke, Bellrose, NY
Tel:1-718-347-3900 | Cel: 1-646-500-2057




*ടൈമിന്റെ 2023ലെ 100 താരങ്ങളിൽ ഒരാൾ; ലണ്ടൻ പുരസ്കാരം*

ഞങ്ങൾ എത്തുമ്പോൾ മകൻ തേജസ് മാത്രമേ അവിടുള്ളൂ. ബിഹാറിലെ ഗയയിൽ എംഎസ് ഡബ്ലിയു കഴിഞ്ഞു മടങ്ങി വന്നതേയുള്ളു. കൂട്ടിനു ടിബറ്റിലെ ഷിറ്റ്സു  ഇനത്തിൽ പെട്ട ഒരു നായ്ക്കുട്ടിയും. ചുറ്റിനും വാലാട്ടി കൂണുങ്ങി നടന്നതല്ലാതെ കുരയ്ക്കുക പോലും ചെയ്തില്ല ആ ഓമന.

ദുബൈയിൽ ജനിച്ചു പതിനേഴാമത്തെ വയസിൽ മാവേലിക്കരയിൽ മടങ്ങി വന്ന ശില്പി വിനു ഡാനിയൽ  തിരുവനന്തപുരം എൻജിനീയറിങ് കോളജിൽ നിന്ന് 2005ൽ ആർക്കിടെക്ച്ചറിൽ ബിരുദം നേടി. പോണ്ടിച്ചേരി ആരോവില്ലിലെ എർത്ത് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ സുനാമിബാധിതർക്കായി യുഎൻഡിപി പാർപ്പിടങ്ങൾ പണിതുകൊണ്ടായിരുന്നു തുടക്കം. കോളേജിൽ പഠിക്കുന്ന കാലത്ത് വാസ്തുശിൽപ്പി ലോറി ബേക്കറിന്റെ ആരാധകനായി.

ഭൂമിയും മണ്ണുമായുള്ള ആത്മബന്ധത്തിന്റെ തുടക്കം അങ്ങിനെ. വീടുകൾക്കു പകരം മണ്ണുകൊണ്ടുള്ള ഭിത്തിയാണ് നാട്ടിൽ ആദ്യം നിർമ്മിച്ചത്. അങ്ങിനെ വാൾമേക്കേഴ്സ് എന്ന പേര് ഇരിപ്പതായി. മണ്ണും ചെളിയും ഉപയോഗമില്ലാത്ത കളയുന്ന കല്ലും തടിയും കമ്പിക്കഷണങ്ങളും കുപ്പികളും എന്നുവേണ്ട പ്ലാസ്റ്റിക് ബോട്ടിലുകളും ഉപേക്ഷിച്ച ടയറുകളും വരെ നിർമ്മിതിക്ക് ഉപയോഗിച്ച് വ്യത്യസ്തനായ ഒരു വാസ്തുശില്പിയായി ലോകമെങ്ങും പേരെടുത്തു.

നാല്പത്തൊന്നു വയസിനിടയിൽ നിരവധി അംഗീകാരങ്ങൾ. പുരസ്ക്കാരങ്ങൾ. കാനഡയിലെ വാൻകൂവറിൽ നടന്ന ടെഡ്  (ടെക്നോളജി, എന്റർടൈൻമെന്റ്, ഡിസൈൻ) കോൺഫറൻസിൽ പ്രഭാഷണത്തിന് ക്ഷണം. ബിൽഗേറ്സും എലോൺ മാസ്കും പ്രസംഗിച്ചിട്ടുള്ള വേദിയിൽ  നിറഞ്ഞ കരഘോഷം നേടി.

ലണ്ടൻ റോയൽ അക്കാദമിയിൽ നിന്ന് ബഹുമതി.  ഓട്ടോമ്യൂസിയം കൊണ്ട് പ്രസിദ്ധമായ ജർമനിയിലെ മെലെയിൽ ഡിസൈൻ ദാറ്റ് എഡ്യൂക്കേറ്റസ് മീറ്റിൽ പ്രഭാഷണം, 2023ൽ ടൈം മാഗസിന്റെ 100 ഭാവിതാരങ്ങളുടെ പട്ടികയിൽ സ്ഥാനം. ഇന്ത്യയിൽ നിന്ന് ഇടംപിടിച്ച മറ്റു രണ്ടുപേർ ക്രിക്കറ്റ്  താരം ഹർമീൻപ്രീത് കൗർ, ടിബി അതിജീവിത നന്ദിത വെങ്കടേശൻ.

പ്രാദേശിക വസ്തുക്കൾ ഉപയോഗിച്ച് ഭാവിയിലേക്ക് കരുതലോടെ നിർമ്മാണം നടത്തുകയെന്ന മഹനീയ മാതൃകയാണ് വിനുവിന്റേതെന്നു  ന്യൂയോർക്കിലെ മ്യൂസിയം ഓഫ് മോഡേൺ ആർട്ടിൽ ആർക്കിടെക്ച്ചർ ക്യൂറേറ്റർ ആയ പാവോല അന്റോനെല്ലി ടൈമിൽ വിലയിരുത്തി. ഒരു ചാക്ക് സിമന്റ് കുറയ്ക്കാനോ  മരമെങ്കിലും രക്ഷപ്പെടുത്താനോ കഴിഞ്ഞാൽ അത് ഭാവിയിലേക്കുള്ള വലിയ കാൽവെപ്പെന്ന  വിനുവിന്റെ സിദ്ധാന്തം അവർ ഉദ്ധരിക്കുന്നു.

വിനുവിന്റെ മൺ വിദ്യ ചിക്കാഗോയിലെ അഥീനിയം മ്യൂസിയം ഓഫ് ആർക്കിടെക്ച്ചർ ആൻഡ് ഡിസൈനിലും ഹോങ്കോങ് യൂണിവേഴ്സിറ്റിയുടെ ആർക്കിടെക്ച്ചർ വകുപ്പിലും ബാങ്കോക്കിലെ ഏഷ്യ റിയൽ എസ്റ്റേറ്റ് സമ്മിറ്റിലും ഷാർജ ആർക്കിടെക്ച്ചറൽ ട്രയനിയേലിലും അലയൊലികൾ സൃഷ് ട്ടിച്ചു.  കർണാടകത്തിലെ സിർസിയിലും പഞ്ചാബിലെ മൊഹാലിയിലും വാൾ മേക്കഴ്സിന്റെ ഉത്തുംഗ മന്ദിരങ്ങൾ ഉയർന്നു.

ജേർണലിസ്റ് എന്ന നിലയിൽ വാൾമേക്കഴസിന്റെ കൊച്ചി ആസ്ഥാനത്തേക്ക് (ബെങ്കലൂരുവിലും  ഓഫീസുണ്ട്) ഇമെയിൽ അയച്ചു കാത്തിരുന്നു. രണ്ടാംദിവസവും മറുപടി കിട്ടാതെവന്നപ്പോൾ  ഒരു ക്ലയന്റ് എന്ന നിലയിൽ മറ്റൊന്നു കൂടി തൊടുത്തു. അതാ വരുന്നു  പ്രസ്.വാൾമേക്കേഴ്സ്@ ജിമെയിൽ.കോം ഐഡിയിൽ നിന്ന് പാലക്കാട്ടുക്കാരി ആർക്കിടെക്ട് സുപ്രീതയുടെ മറുപടി. ‘കുര്യൻജി, ക്ഷമിക്കണം. അദ്ദേഹം വിദേശത്തു നിന്നു ഇന്നലെ വൈകിട്ടു എത്തിയതേ ഉള്ളു. എന്നെ വിളിക്കുക, ഫോൺ നമ്പരും. ഓക്കേ. ജെറ്റ്ലാഗ് കഴിയട്ടെ. കാത്തിരിക്കാം.

ഭൂമി നേരിട്ടു കണ്ടു അതിന്റെ  കിടപ്പനുസരിച്ചാണല്ലോ എല്ലാ വാസ്തുശില്പികളും  കെട്ടിടം രൂപകൽപന ചെയ്യുക. മാവേലിക്കരയിൽ അയൽക്കാരനായ ഗൾഫ് സുഹൃത്ത് ജോർജിന് വാരാന്ത്യ  വസതിയൊരുക്കാൻ പീരുമേട്ടിലെത്തിയ വിനു തേയിലത്തോട്ടത്തിലെ കിഴുക്കാംതൂക്കായ സ്ഥലം കണ്ടപ്പോൾ ഭഗ്നാശനായില്ല, പകരം  ആവേശത്തിലായി. മലചെരിവിലേക്കു തള്ളി നിൽക്കുന്ന സ്പടിക മുറികളോടെ കാറ്റാടിക്കഴകൾ അടുക്കി ഒരു വിസ്മയം ഉണ്ടാക്കി-ദി ലെഡ്ജ് (ഓരം). റൂഫിൽ പുല്ലു പടർന്നു കയറി ഒരു തികഞ്ഞ ഹരിതഭവനമാകുമെന്നു പ്രവചനം.

അങ്കമാലിയിൽ വീട്ടിലെല്ലാവരും സംഗീതക്കാരായപ്പോൾ അവർക്കിണങ്ങുന്ന ‘നിസർഗ‘ ആർട്ട് ഹബ് , തിരുവനന്തപുരം പോത്തൻകോട്ടെ മലമുകളിൽ ഭൂമിക്കടിയിൽ കാർ പോർച്ചോടെ മൂന്നു നില വീട് ‘ശിഖര‘,  മൂവാറ്റുപുഴക്കടുത്ത് വെങ്ങോലയിൽ വലിയൊരു പ്ലാവ്  നിലനിർത്തിക്കൊണ്ടു ജാക്ഫ്രൂട് ഗാർഡൻ ഹൗസ്,  സേവ് പെരിയാർ കമ്മിറ്റിക്കു വേണ്ടി യേശുദാസ് സ്പോൺസർ ചെയ്ത ലക്ഷ്മിക്കുട്ടിയുടെ വീട്, മട്ടാഞ്ചേരിയിൽ ചരിത്രപ്രസിദ്ധമായ കൂനൻകുരിശ് സെന്റ് ജോർജ് ഓർത്തോഡോക്സ് പള്ളിയുടെ നവീകരിച്ച പതിപ്പ് എന്നിങ്ങനെ.

ശാലിനി സംവിധാനം ചെയ്ത ‘എന്നെന്നും‘ എന്ന ചിത്രം വിനുവിന്റെ ‘ചുഴി‘ എന്ന വീടിനെ ചുറ്റിപ്പറ്റിയാണ് നിർമ്മിച്ചത്. 2024 ലെ ലെക്സസ് ഡിസൈൻ അവാർഡിന്റെ ജൂറിയിൽ വിനു അംഗമാണ്.





*പാലായിലെ മോഡേൺ മന ചിരാത്-ബിനു, നാരായണൻ, തേജസ്*


"Are you ready to make memories
that will last a lifetime?"
BOOK A GRAND TOUR OF
EUROPE
JUNE 26 – JULY 9, 2024
Escape the everyday
and embark on
unforgettable adventures
with your loved ones
FAITH HOLIDAYS
America's Finest Tour Operator
To Book: 1-888-91-FAITH
www.faithholidays.com



പിറൗട്ട് ഹൗസിന്റെ
പിരിവുകൾ



ഇഷ്ടികകൊണ്ടൊരു
ആകാശക്കൂടാരം




കല്ലും മണ്ണുംകമ്പിയും
കൊണ്ടുള്ള വിതാനങ്ങൾ



പീരുമേട്ടിലെ ദി ലെഡ്ജിന്
മുമ്പിൽ ശീതളുമായി
അഭിമുഖം




ഹോങ്കോങ്ങിൽ വാസ്തുശില്പ
വിദ്യാർത്ഥികൾക്കൊപ്പം



മട്ടാഞ്ചേരി കൂനൻകുരിശ്
പള്ളിയുടെ പുതിയ രൂപം


GRAND OPENING
(under new management)
Monday
Dec.19th
MAHARAJA
SUPERMARKET
Indian Groceries
Snacks
Frozen Foods
Fresh Vegetables Daily
Fresh | Frozen Fish
Meat Market
1620 Hillside Ave, New Hyde Park, NY 11040
1-516-775-3900

# വെസ്റ്റ് ചെസ്റ്റർ മലയാളി അസോസിയേഷന്റെ 2024 – ലേക്കുള്ള ഭാരവാഹികൾ സ്ഥാനമേറ്റു

**ശ്രീകുമാർ ഉണ്ണിത്താൻ**



വെസ്റ്റ് ചെസ്റ്റർ മലയാളി അസോസിയേഷൻ ഗോൾഡൻ ജൂബിലി ആഘോഷിക്കുന്ന 2024 ലേക്കുള്ള പുതിയ ഭാരവാഹികൾ സ്ഥാനമേറ്റു. പ്രസിഡണ്ടായി വർഗീസ് എം കുര്യൻ (ബോബൻ ) , സെക്രട്ടറി: ഷോളി കുമ്പിളിവേലി ,ട്രഷറർ : ചാക്കോ പി ജോർജ് (അനി) , വൈസ് പ്രസിഡന്റ്: ജോയി ഇട്ടൻ ,ജോ. സെക്രട്ടറി : നിരീഷ് ഉമ്മൻ , ജോയിന്റ് ട്രഷർ അലക്സാണ്ടർ വർഗീസ് എന്നിവർ സ്ഥാനമേറ്റു.



മുൻ പ്രസിഡന്റ് ടെറസൺ തോമസ് അസോസിയേഷന്റെ ഡോക്യൂമെന്റ്സ് പുതിയ പ്രസിഡന്റ് വർഗീസ് എം കുര്യനും ട്രഷർ അലക്സാണ്ടർ വർഗീസ് ബാങ്ക് ഡോക്യൂമെന്റ്സ് പുതിയ ട്രഷർ ചാക്കോ പി ജോർജിനും കൈമാറി. സെക്രട്ടറി ഷോളി കുമ്പിളിവേലി തന്നെയാണ് പുതിയ സെക്രട്ടറിയും. ട്രസ്റ്റീ ബോർഡ് ചെയർമാൻ രാജ് തോമസ് അധികാര കൈമാറ്റത്തിന് നേതൃത്വം നൽകി.

കമ്മിറ്റി അംഗങ്ങൾ ആയി തോമസ് കോശി ,ജോൺ സി വർഗീസ് ,ശ്രീകുമാർ ഉണ്ണിത്താൻ , ജെ . മാത്യൂസ് , എ .വി . വർഗീസ് , ആന്റോ വർക്കി, മാത്യു ജോസഫ് , ജോൺ തോമസ്, കെ . കെ . ജോൺസൻ , ജോ ഡാനിയേൽ , ഗണേശ് നായർ , സുരേന്ദ്രൻ നായർ, ജോൺ കുഴിയാഞ്ഞൾ (ബോബി ),ജോർജ് തങ്കച്ചൻ , വർഗീസ് ചാക്കോ ,ജോൺ ഐസക് , ജോർജ് കുഴിയാഞ്ഞാൽ , ട്രസ്റ്റി ബോർഡിലേക്ക് ഇട്ടൂപ്പ് ദേവസ്യ , ഓഡിറ്റേഴ്സ് ആയി തോമസ് പോയികയിൽ , തിപു തരകൻ എന്നിവരും സ്ഥാനമേറ്റു.

പുതിയ ട്രസ്റ്റീ ബോർഡ് ചെയർമാൻ ആയി രാജ് തോമസും സ്ഥാനമേറ്റു നിലവിലുള്ള ട്രസ്റ്റി ബോർഡ് അംഗങ്ങൾ കെ .ജെ . ഗ്രഗറി, രാജൻ ടി ജേക്കബ് , കുരിയാക്കോസ് വർഗീസ് എന്നിവരും സന്നിതർ ആയിരുന്നു .

അസോസിയേഷന്റെ ഫാമിലി നൈറ്റ് , ഏപ്രിൽ 20 ശനിയാഴ്ചയും, പിക്കിനിക്ക് ജൂൺ 29 ശനിയാഴ്ചയും, ഓണം സെപ്റ്റംബർ 21 ശനിയാഴ്ചയും നടത്തുവാൻ തിരുമാനിച്ചു.

പ്രോഗ്രാം കോർഡിനേറ്റർസ് ആയി ടെറൻസൺ തോമസിനെയും, ശ്രീകുമാർ ഉണ്ണിത്താനെയും തിരഞ്ഞെടുത്തു.

സോവിനിയർ : ശ്രീകുമാർ ഉണ്ണിത്താൻ , ആന്റോ വർക്കി , ജോർജ് തങ്കച്ചൻ, കെ . കെ . ജോൺസൻ എന്നിവരെയും

ബിൽഡിംഗ് കമ്മിറ്റി: ടെറൻസൺ തോമസ് (ചെയർ ), തോമസ് കോശി , ജോൺ ഐസക് , ആന്റോ വർക്കി എന്നിവരെയും

മെമ്പർഷിപ്പ് : എ .വി . വർഗീസ് (ചെയർ ) കെ .ജെ ഗ്രിഗറി , ജേക്കബ് മത്തായി , തോമസ് പോയികയിൽ എന്നിവരെയും

പിക്കിനിക് : കെ .ജെ ഗ്രിഗറി (ചെയർ ), ജോ ഡാനിയേൽ , ജോൺ തോമസ്, തോമസ് ഉമ്മൻ , ഇട്ടൂപ് ദേവസ്യ , മാത്യു ജോസഫ് എന്നിവരെയും തെരഞ്ഞെടുത്തു.

അസോസിയേഷന്റെ ഗോൾഡൻ ജൂബിലി ആഘോഷിക്കുന്ന വർഷം അവസ്മരണിയമാക്കനുള്ള ഒരുക്കത്തിലാണ് പുതിയ ഭാരവാഹികൾ. വെസ്റ്ചെസ്റ്ററിന്റെയും സമീപ സമിപപ്രേദ്ദശങ്ങളിൽ ഉള്ള മലയാളികളുടെ ചരിത്രങ്ങളുടെയും പൈതൃകത്തിന്റെയും അഞ്ചു പതിറ്റാണ്ടിന്റെ ചരിത്രം കൂടിയാണ് നാം ആഘോഷിക്കാൻ പോകുന്നത്. കഴിഞ്ഞ അൻപത് വർഷമായി ഓരോ ആഘോഷങ്ങളിലും പുതുമയേറിയ ആശയങ്ങളും നൂതന പദ്ധതികളും നടപ്പാക്കി നമ്മുടെ അസോസിയേഷൻ അന്താരാഷ്ട്ര തലത്തിൽ തന്നെ ശ്രദ്ധേയമായി മാറിയ ഒരു അസോസിയേഷൻ ആണ്.

50–ാം വാർഷികം ആഘോഷിക്കുന്ന ഈ വേളയിൽ, കഴിഞ്ഞ അമ്പതു വർഷം സംഘടനയെ നയിച്ച നേതാക്കന്മാരും പ്രവർത്തകരും അവരുടെ നിസാർദ്ധമായ പ്രവത്തനം ഒന്നുകൊണ്ടു മാത്രമാണ് ഈ സംഘടനാ ഉയരങ്ങളിലേക്ക് എത്തുവാൻ കഴിഞ്ഞത്. അസോസിയേഷൻ ഗോൾഡൻ ജൂബിലി ആഘോഷിക്കുന്ന ഈ വർഷം ഒരു ചരിത്രമാവുകായണ്.

ഈ വർഷം ആഘോഷത്തിന്റെ വർഷമാണ്. നിരവധി പദ്ധതികൾ ഈ കമ്മിറ്റി പ്ലാൻ ചെയ്തു നടപ്പിലാക്കും . അതിന് നിങ്ങളുടെ ഏവരുടെയും സഹായ സഹകരണം ഉണ്ടാകണമെന്ന് പ്രസിഡന്റ് വർഗീസ് എം കുര്യൻ (ബോബൻ ) , സെക്രട്ടറി: ഷോളി കുമ്പിളിവേലി ,ട്രഷറർ : ചാക്കോ പി ജോർജ് (അനി) , വൈസ് പ്രസിഡന്റ് ജോയി ഇട്ടൻ ,ജോ. സെക്രട്ടറി : നിരീഷ് ഉമ്മൻ , ജോയിന്റ് ട്രഷർ അലക്സാണ്ടർ വർഗീസ് എന്നിവർ അറിയിച്ചു.




IF YOU NEED
HOME LOAN OR
INVESTMENT LOAN
Scan QR Code
PLEASE CONTACT
Dhan Thomas
NMLS# 1987022
Loan Consultant
Dhanmt@gmail.com
dhanthomas@loandepot.com
https://www.loanDepot.com/dhanthomas
loanDepot
#1 Retail Lender in Volume
Per Scotsman Guide
(267) 475-3410

# എൻ നെഞ്ചിൽ കുടിയിരുക്കും തോഴർകളെ...

# വിജയിക്കാനായി വിജയ് വരുമ്പോൾ



**പെട്ടെന്നൊരു ദിവസമല്ല വിജയ് രാഷ്ട്രീയത്തിലേക്കിറങ്ങിയത്. വർഷങ്ങളായുള്ള മനസൊരുക്കവും ആസൂത്രണവും അവിടെയുണ്ട്. പരസ്പരം പോരടിക്കുന്ന പാർട്ടികൾക്കിടയിൽ, ബി.ജെ.പിയെ പ്രതിരോധിക്കാനുള്ള ശ്രമങ്ങൾക്കിടയിൽ വിജയ് ആ സ്ഥാനത്ത് വിജയിക്കുമെന്ന കണക്കുക്കൂട്ടലിലാണ് പൊതുവേ വിലയിരുത്തപ്പെടുന്നത്. വിജയ് വെറുതേയല്ല രാഷ്ട്രീയത്തിലേക്ക് ഇറങ്ങിയതെന്ന് തന്നെ പ്രവർത്തനങ്ങൾ വിലയിരുത്തുമ്പോൾ അറിയാം.**

അപ്രതീക്ഷിതമായിരുന്നില്ല നടൻ വിജയ് യുടെ രാഷ്ട്രീയ പ്രവേശന വാർത്ത. കുറേക്കാലമായി തമിഴ്നാടിന്റെ സാമൂഹിക, സാംസ്കാരിക മേഖലകളിൽ താരവും ഫാൻസും സജീവമായ ഇടപെടലുകൾ നടത്തി വരികയായിരുന്നു. താരത്തിന്റെ മെർസൽ മുതലുള്ള ചിത്രങ്ങളിൽ കൃത്യമായ രാഷ്ട്രീയ പ്രസ്താവനകളുണ്ടായിരുന്നു. ജി. എസ്.ടി ഉൾപ്പെടെയുള്ള വിഷയങ്ങളിൽ ഒരുപാട് ചോദ്യങ്ങൾ ആ സിനിമകളിലെ വിജയ് യുടെ കഥാപാത്രങ്ങൾ ചോദിച്ചുകൊണ്ടിരുന്നു. തുടർന്നായിരുന്നു വിജയ് യെ തേടി ആദായനികുതി വകുപ്പ് എത്തിയത്. അകത്ത് റെയ്ഡ് നടക്കുമ്പോൾ പുറത്ത് ആരാധകർ ഇരമ്പുകയായിരുന്നു. അന്ന് അനിഷ്ട സംഭവങ്ങൾ ഇല്ലാതിരിക്കാൻ പൊലീസിന് കനത്ത സുരക്ഷ ഏർപ്പെടുത്തേണ്ടി വന്നു. താരങ്ങൾ വിട വാങ്ങുമ്പോൾ ആത്മഹൂതി ചെയ്യുന്ന ആരാധകരുടെ നാട്ടിൽ അന്ന് നെഞ്ചിടിപ്പോടെയാണ് പൊലീസ് കാവൽ നിന്നത്.

എക്കാലവും സിനിമയും രാഷ്ട്രീയവും തമ്മിൽ അത്ര അടുത്തൊരു ബന്ധമായിരുന്നു തമിഴ്നാട്ടിലുണ്ടായിരുന്നത്. അതുകൊണ്ട് തന്നെ തമിഴകത്തിന് താരങ്ങൾ നേതാവാകുന്നതിൽ അത്ഭുതം കൂറേണ്ടതില്ല. വെള്ളിത്തിരയിലെ നായകരെ യഥാർത്ഥ ജീവിതത്തിൽ തങ്ങളുടെ നേതാക്കളായി വരുമ്പോൾ അതിനൊപ്പം നിന്ന പാരമ്പര്യമാണ് തമിഴ്നാട് ഇതുവരെ പുലർത്തിയിട്ടുള്ളത്. സി. എൻ. അണ്ണാദുരൈ മുതലാണ് ആ പാരമ്പര്യം തുടരുന്നത്. പിന്നീടത് എം.ജി. രാമചന്ദ്രനിലേക്കും ശിവാജി ഗണേശനിലേക്കും ഇപ്പോൾ ജോസഫ് വിജയ് ചന്ദ്രശേഖറിലെത്തിക്കുന്നു. ദ്രാവിഡ പാർട്ടിയായ ദ്രാവിഡ മുന്നേറ്റ കഴകം സിനിമയെ വിദഗ്ദ്ധമായി തന്നെ രാഷ്ട്രീയത്തിൽ ഉപയോഗിച്ചിരുന്നു. ദ്രാവിഡ പാർട്ടികളിൽ നിന്നും മുഖ്യമന്ത്രിയായവരിൽ ഏഴിൽ അഞ്ചുപേരും എഴുത്തുകാരായ അഭിനേതാക്കളായോ തമിഴ്സിനിമയിൽ സജീവമായി ഉണ്ടായിരുന്നവരാണ്. എം.ജി. ആറും ജയലളിതയുമാണ് ഇതിൽ ഏറ്റവും മുന്നിൽ. രജനീകാന്തും കമലഹാസനും വിജയകാന്തും രാഷ്ട്രീയത്തിലെത്തിയെങ്കിലും അവിടെ ശോഭിക്കാൻ കഴിഞ്ഞിരുന്നില്ല.

അവിടെയാണ് 'ഇളയ ദളപതി' എന്ന് സ്നേഹത്തോടെ വിളിക്കപ്പെടുന്ന വിജയ് തമിഴക വെട്രി കഴകം എന്ന പേരിൽ പുതിയ രാഷ്ട്രീയ പാർട്ടി പ്രഖ്യാപിച്ചത്. അതിന് വിജയ്ക്ക് ആത്മവിശ്വാസം നൽകുന്നതും തനിക്ക് ചുറ്റുമുള്ള ആരാധകരുടെ ആർപ്പുവിളികളാണ്. ലജ്ജാലുവെന്ന് തോന്നുന്ന താരത്തിൽ നിന്നും എല്ലാ വിഷയങ്ങളിലും കൃത്യമായ നിലപാടുള്ള ആളിലേക്കുള്ള വിജയ്യുടെ യാത്ര ഈ രാഷ്ട്രീയപ്രവേശം ഉറപ്പാക്കിയിടുന്നു. ഏറെക്കാലമായി ചാരിറ്റി പ്രവർത്തനങ്ങളുമായി ജനങ്ങൾക്കിടയിൽ തന്നെ വിജയ് ഉണ്ട്. അതേ സമയം വളരെ പെട്ടെന്നുള്ള പാർട്ടി പ്രഖ്യാപനത്തിന് പിന്നിൽ തിരഞ്ഞെടുപ്പ് തന്നെയാണ് ലക്ഷ്യം വയ്ക്കുന്നത്. ലോക്സഭാ തിരഞ്ഞെടുപ്പിൽ ഇത്തവണ പാർട്ടി മത്സരിക്കില്ലെന്ന് വിജയ് വെളിപ്പെടുത്തിയിരുന്നു. അടുത്ത നിയമസഭാതിരഞ്ഞെടുപ്പാണ് ലക്ഷ്യമിടുന്നതെന്ന് സാരം. തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പിൽ ചെന്നൈ ഡിവിഷനുൾപ്പെടെ ഫാൻസ് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ മത്സരിച്ചപ്പോൾ നൂറ്റിപത്തിലധികം സീറ്റുകളിൽ വിജയിച്ചിരുന്നു. പതിറ്റാണ്ടുകളായി തമിഴ് സിനിമാലോകത്ത് നിറഞ്ഞുനിൽക്കുന്ന വിജയുടെ രാഷ്ട്രീയ മോഹങ്ങൾക്ക് പത്തിലേറെ വർഷങ്ങളുടെ പഴക്കമുണ്ട്. 68 ചലച്ചിത്രങ്ങളിൽ അഭിനയിച്ച വിജയ് തന്റെ ആരാധക കൂട്ടായ്മകൾ സജീവമായി നിലനിർത്താൻ പ്രത്യേകം ശ്രദ്ധിക്കാറുണ്ട്. ജീവകാരുണ്യപ്രവർത്തനങ്ങൾ, സൗജന്യ ഭക്ഷ്യവിതരണം, വിദ്യാഭ്യാസ സ്കോളർഷിപ്പ് വിതരണം, വായനശാലകൾ, സായാഹ്ന ട്യൂഷൻ, നിയമസഹായം തുടങ്ങിയ പ്രവർത്തനങ്ങളാണ് വിജയ് ഫാൻസ് തമിഴ്നാട്ടിലുടനീളം ചെയ്തുകൊണ്ടിരിക്കുന്നത്. ാർട്ടി നിയമങ്ങൾ തയ്യാറാക്കാനും യോഗം അനുമതി നൽകിയിരുന്നു. തമിഴ്നാട്ടിലും കേരളത്തിലും ലക്ഷക്കണക്കിന് ആരാധകരുള്ള നടൻ വിജയ് വിവിധ ജനക്ഷേമ പ്രവർത്തനങ്ങളിൽ നേരത്തെ ഏർപ്പെട്ടിരുന്നു. 2018-ൽ തുത്തുക്കുടി പൊലീസ് വെടിവെപ്പിൽ മരിച്ചവരുടെ കുടുംബാംഗങ്ങളെ അദ്ദേഹം സന്ദർശിച്ചിരുന്നു.




the cotillion
Authentic Indian Cuisine & Asian Fusion Rich in Flavor and Taste
Celebrate Your Precious Wedding and Any Gatherings at Cotillion, Where Timeless Elegance Meets Modern Luxury. Book Your Party today with Us!
the cotillion
440 Jericho Turnpike
JERICHO, NY 11753
(516) 938-3300
The Cotillion is Guaranteed to be a Great Dine Experience

''നിങ്ങൾക്കെല്ലാം നിലവിലെ രാഷ്ട്രീയ സാഹചര്യത്തെക്കുറിച്ച് അറിയാമെന്നാണ് തന്റെ രാഷ്ട്രീയനീക്കത്തെ പറ്റി വിജയ് പറയുന്നത്. 'ഭരണപരമായ കെടുകാര്യസ്ഥതയും ദുഷിച്ച രാഷ്ട്രീയ സംസ്കാരവും ഒരു വശത്ത്, ജാതിയുടെയും മതത്തിന്റെയും പേരിൽ നമ്മുടെ ജനങ്ങളെ ഭിന്നിപ്പിക്കാൻ ശ്രമിക്കുന്ന വിഭജന രാഷ്ട്രീയ സംസ്കാരം മറുവശത്ത്. നിസ്വാർത്ഥവും സുതാര്യവും ജാതിരഹിതവും ദീർഘവീക്ഷണമുള്ളതും അഴിമതി രഹിതവും കാര്യക്ഷമവുമായ ഒരു ഭരണത്തിലേക്ക് നയിക്കാൻ കഴിയുന്ന അടിസ്ഥാനപരമായ ഒരു രാഷ്ട്രീയ മാറ്റത്തിനായി തമിഴ്നാട്ടിലെ എല്ലാവരും, ആഗ്രഹിക്കുന്നു.'' പ്രസ്താവനയിൽ പറയുന്നു.



''എൻ നെഞ്ചിൽ കുടിയിരുക്കും തോഴർകളെ''.... എന്നായിരുന്നു ഏറ്റവും പുതിയ സിനിമയായ 'ദ് ഗ്രേറ്റസ്റ്റ് ഓഫ് ഓൾ ടൈം' സെറ്റിൽ വിജയ് ആരാധകരെ അഭിസംബോധന ചെയ്തത്. 'എൻ നെഞ്ചിൽ കുടിയിരുക്കും രസികർകളെ' എന്ന വിളിയാണ് വിജയ് പുതുക്കിപ്പണിയുന്നത്.

മാസ്റ്റർ സിനിമയ്ക്കിടെ ഇൻകം ടാക്സ് റെയ്ഡുണ്ടായപ്പോൾ കൂളായിരുന്ന വിജയ് യെ ആരാധകർ പതിൻമടങ്ങാണ് സ്നേഹിച്ചത്. 2021 ൽ വിജയ് വോട്ട് ചെയ്യാനെത്തിയത് സൈക്കിളിലായിരുന്നു. ഇതും കയ്യടിയോടെയാണ് തമിഴ് മക്കൾ സ്വീകരിച്ചത്. ഇക്കഴിഞ്ഞ വെള്ളിയാഴ്ചയാണ് രാഷ്ട്രീയ പാർട്ടിക്ക് 'തമിഴക വെട്രി കഴകം' എന്ന പേര് വിജയ് പ്രഖ്യാപിച്ചത്. വിജയ് മക്കൾ ഇയക്കം ജനറൽ സെക്രട്ടറി ബുസി ആനന്ദ് ഡൽഹിയിൽ തിരഞ്ഞെടുപ്പു കമ്മിഷൻ ഓഫിസിലെത്തി റജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കുകയും ചെയ്തു. പാർട്ടി അംഗങ്ങൾ സംസ്ഥാന വ്യാപകമായി വൻ ആഘോഷ പരിപാടികൾ സംഘടിപ്പിച്ചു. വരുന്ന ലോക്സഭാ തിരഞ്ഞെടുപ്പിൽ മൽസരിക്കില്ല. 2026 നിയമസഭാ തിരഞ്ഞെടുപ്പിൽ മൽസരത്തിനിറങ്ങുമെന്നാണ് സൂചനകൾ.

''രാഷ്ട്രീയം എനിക്ക് മറ്റൊരു കരിയർ മാത്രമല്ല. അതൊരു പവിത്രമായ ജനങ്ങൾക്കു വേണ്ടിയുള്ള പ്രവൃത്തിയാണ്. വളരെ ക്കാലമായി ഞാൻ അതിനായി സ്വയം തയ്യാറെടുക്കുകയാണ്. രാഷ്ട്രീയം എനിക്കൊരു ഹോബിയല്ല. അതാണ് എന്റെ അഗാധമായ ആഗ്രഹം. അതിൽ പൂർണ്ണമായി ഇടപെടാൻ ഞാൻ ആഗ്രഹിക്കുന്നു.'' എന്ന വിജയ് യുടെ വാക്കുകളിലുണ്ട് രാഷ്ട്രീയത്തോടുള്ള നിലപാട്. തിരഞ്ഞെടുപ്പ് കമ്മിഷന്റെ അംഗീകാരം ലഭിച്ച ശേഷം, പാർട്ടി പൊതുയോഗങ്ങളും പരിപാടികളും നടത്താനും അവരുടെ നയങ്ങളും തത്വങ്ങളും പ്രവർത്തന പദ്ധതികളും അവതരിപ്പിക്കാനും കൊടിയും പാർട്ടി ചിഹ്നവും അവതരിപ്പിക്കുമെന്നാണറിയുന്നത്. കഴിഞ്ഞ വ്യാഴാഴ്ച ചെന്നൈയിൽ നടന്ന ഫാൻസ് സംഘടനയുടെ കൂട്ടായ്മയിൽ കോളിവുഡിലെ മെഗാതാരത്തിന് പാർട്ടി രജിസ്റ്റർ ചെയ്യാനും അതിന്റെ അധ്യക്ഷനാകാനും പരാഷ്ട്രീയത്തിലേക്ക് ഇറങ്ങുന്നതിന്റെ മുന്നോടിയായിട്ടുള്ള പ്രവർത്തനമായി ഇത് വിലയിരുത്തപ്പെട്ടിരുന്നു. തൂത്തുക്കുടി സന്ദർശനത്തിനുശേഷമാണ് തെന്നിന്ത്യൻ സൂപ്പർസ്റ്റാറിന്റെ ആരാധക കൂട്ടായ്മയായ 'വിജയ് മക്കൾ ഇയക്കം' വിവിധ രാഷ്ട്രീയ പരിപാടികളിൽ സജീവമായത്.

പെട്ടെന്നൊരു ദിവസമല്ല വിജയ് രാഷ്ട്രീയത്തിലേക്കിറങ്ങിയത്. വർഷങ്ങളായുള്ള മനസൊരുക്കവും ആസൂത്രണവും അവിടെയുണ്ട്. പരസ്പരം പോരടിക്കുന്ന പാർട്ടികൾക്കിടയിൽ, ബി.ജെ.പ യിയെ പ്രതിരോധിക്കാനുള്ള ശ്രമങ്ങൾക്കിടയിൽ വിജയ് ആ സ്ഥാനത്ത് വിജയിക്കുമെന്ന കണക്കുക്കൂട്ടലിലാണ് പൊതുവേ വിലയിരുത്തപ്പെടുന്നത്. വിജയ് വെറുതേയല്ല രാഷ്ട്രീയത്തിലേക്ക് ഇറങ്ങിയതെന്ന് തന്നെ പ്രവർത്തനങ്ങൾ വിലയിരുത്തുമ്പോൾ അറിയാം. താരങ്ങളെ ദൈവങ്ങളായി കാണുന്ന തമിഴ്മക്കളുടെ ഹൃദയത്തിൽ എന്തായാലും വിജയ്ക്കൊരു സ്ഥാനമുണ്ട്. അത് എത്ര ബുദ്ധിപൂർവം ഉപയോഗിക്കുമെന്ന് കാത്തിരുന്ന് കാണാം.



# ചുട്ടുപൊള്ളുന്ന കേരളം; പിന്നിൽ എൽനിനോ പ്രതിഭാസം

വരും ദിവസങ്ങളിൽ സംസ്ഥാനത്ത് കനത്ത ചൂട് അനുഭവപ്പെടാൻ സാധ്യതയെന്ന് മുന്നറിയിപ്പ്. കേരളത്തിലെ മിക്ക ജില്ലകളിലും ഇപ്പോൾ പതിവിലും കൂടുതൽ ചൂട് അനുഭവപ്പെടുന്നുവെന്നാണ് കാലാവസ്ഥ നിരീക്ഷണ വിഭാഗത്തിന്റെ കണക്കുകൾ പറയുന്നത്. എൽനിനോ പ്രതിഭാസം കാരണം ഈ വർഷം വരണ്ട കാലാവസ്ഥയായിരിക്കുമെന്നാണ് വിദഗ്ധരുടെ മുന്നറിയിപ്പ്. മാർച്ച് മുതലാണ് വേനൽ ആരംഭിക്കുന്നതെങ്കിലും ഇക്കൊല്ലം ഫെബ്രുവരി ആദ്യം മുതൽ തന്നെ കനത്ത ചൂടാണ് കേരളത്തിൽ അനുഭവപ്പെടുന്നത്.

കഴിഞ്ഞ ദിവസം സീസണിലെ ഏറ്റവും ഉയർന്ന ചൂടാണ് കണ്ണൂരിൽ (37.7°c) രേഖപ്പെടുത്തിയത്. മിക്ക ജില്ലകളിലും 30 ഡിഗ്രിക്ക് മുകളിലാണ് പകൽ സമയത്തെ ശരാശരി താപനില. തിങ്കളാഴ്ച കോഴിക്കോട് സിറ്റിയിൽ ഉയർന്ന താപനിലയിൽ സാധാരണയിലും 3°c കൂടുതലും കോട്ടയം, ആലപ്പുഴ, കണ്ണൂർ സ്റ്റേഷനുകളിൽ 2°c കൂടുതലും ഉയർന്ന താപനില രേഖപെടുത്തി. പുനലൂർ, പാലക്കാട് തുടങ്ങിയ സ്ഥലങ്ങളിലും ഉയർന്ന താപനില രേഖപ്പെടുത്തി. എൽനിനോ പ്രതിഭാസമാണ് ഇത്തവണത്തെ ചൂട് വർധിക്കാൻ കാരണമെന്നാണ് നിഗമനം. പസഫിക് സമുദ്രോപരിതലം ചൂട് പിടിക്കുന്ന പ്രതിഭാസമാണ് എൽനിനോ.


In Loving Memory of
Mrs. Mariamma Thomas & Mr. A. K. Thomas
Mrs. Marykutty Thomas
(Leelamma)
Mr. Shinu George Simon
Mr. P. T. Mathew
(Mathukutty)
Best Wishes
P. T. Thomas
255 NORTH MAIN ST
Spring Valley NY 10977 ( 845) 352-9680, Spring Valley NY 10977 (845) 352-9680
pt@ptthomas.net

# വേൾഡ് മലയാളി ഫെഡറേഷന്റെ ബാങ്കോക്ക് കൺവെൻഷനിൽ ഫൊക്കാന പ്രസിഡന്റ് ഡോ. ബാബു സ്റ്റീഫന് ആദരവ്




**ഡോ കല ഷഹി**
ജനറൽ സെക്രട്ടറി, ഫൊക്കാന

ബാങ്കോക്ക്: ആഗോള മലയാളി സംഘടനയായ വേൾഡ് മലയാളി ഫെഡറേഷന്റെ ബാങ്കോക്കിൽ വച്ച് നടന്ന നാലാമത് ഗ്ലോബൽ കൺവെൻഷനിൽ ഫൊക്കാന പ്രസിഡന്റ് ഡോ ബാബു സ്റ്റീഫനെ ആദരിച്ചു. പ്രമുഖ വ്യവസായിയും സാമൂഹ്യ ജീവകാരുണ്യ പ്രവർത്തകനുമായ ഡോ ബാബു സ്റ്റീഫൻ ലോക മാനവികതയ്ക്കായി നൽകിയ സംഭാവനകൾ കണക്കിലെടുത്താണ് ആഗോള മലയാളി സമ്മേളനത്തിൽ അദ്ദേഹത്തിന് നൽകപ്പെട്ട ആദരം.

തായ്‌ലാന്റിലെ ഇന്ത്യൻ അംബാസ്സഡർ ശ്രീ നാഗേഷ് സിംഗ് മുഖ്യാതിഥിയായി പങ്കെടുത്ത ചടങ്ങിൽ ഇസാഫ് ചെയര്മാന് പോൾ തോമസ്, സൂര്യ കൃഷ്ണ മൂർത്തി, മോൻസ് ജോസഫ് എം എൽ എ, വ്യവസായി സിദ്ദിഖ് അഹമ്മദ്, റോജി എം ജോണ് എം എൽ എ, ടോമിൻ തച്ചങ്കരി, മുരുകൻ കാട്ടാക്കട എന്നിവർ പങ്കെടുത്തു.





ആഗോള മലയാളി സംഘടനകൾ മലയാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനോടൊപ്പം മലയാളഭാഷയെ പ്രോത്സാഹിപ്പിക്കുന്നതിനായി സവിശേഷകരമായ പ്രയത്നങ്ങൾ നടത്തണമെന്ന് ഡോ. ബാബു സ്റ്റീഫൻ ചടങ്ങിൽ പറഞ്ഞു. അമേരിക്കൻ മലയാളികൾക്കിടയിൽ 'ഭാഷയ്ക്കൊരു ഡോളർ' എന്ന പദ്ധതി നടപ്പിലാക്കുകയും ഫോക്കാനയുടെ അഭിമാന പദ്ധതിയായി അത് മാറുകയും ചെയ്തു. അമ്മനാടിനെ നെഞ്ചിലേറ്റുന്നതിനൊപ്പം ആ നാടുമായുള്ള പൊക്കിൾക്കൊടി ബന്ധം ഭാഷയാണെന്നും അതിലൂടെ മാത്രമേ മലയാളി സംസ്കാരം നിലനിർത്താനാകൂ എന്നും ഡോ ബാബു സ്റ്റീഫൻ പറഞ്ഞു. വേൾഡ് മലയാളി ഫെഡറേഷന്റെ വേദിയിൽ നാലു പതിറ്റാണ്ടുകളായി അമേരിക്കൻ മലയാളികൾക്കിടയിൽ പ്രവർത്തിക്കുന്ന ഫൊക്കാന പ്രസിഡന്റ് ഡോ ബാബു സ്റ്റീഫൻറെ സാന്നിധ്യം ശ്രദ്ധേയമായി.






emalayalee.com

# Got into an accident?

# NEVER TO WORRY



CALL

GLOBAL COLLISION
& BODY WORKS LLC

# 1-845-727-4022

**We will pick up the vehicle
and repair it fully to your satisfaction!**

# സിനിമാക്കഥ പോലെ ജയിൽവാസം, മോചനം



കേസിന് ഒരുവർഷം തികയുമ്പോഴാണ് നിർണായകമായ വഴിത്തിരിവ് സംഭവിക്കുന്നത്. ഷീലയുടെ കയ്യിൽ മയക്കുമരുന്നുണ്ടെന്ന് സന്ദേശമയച്ചത് തൃപ്പൂണിത്തുറ ഏരൂർ സ്വദേശി 52-കാരനായ നാരായണ ദാസാണ് എന്നാണ് അന്വേഷണ സംഘത്തിന്റെ കണ്ടെത്തൽ. ഒരുവർഷത്തിനുശേഷമാണ് ഈ കണ്ടെത്തൽ. ഷീലയുടെ മകന്റെ ഭാര്യയുടെ അനുജത്തി ലിവിയയുടെ സുഹൃത്താണ് ഇയാൾ.

നീണ്ട 71 ദിവസമാണ് ചെയ്യാത്ത കുറ്റത്തിന്റെ പേരിൽ ചാലക്കുടിയിലെ ബ്യൂട്ടിപാർലർ ഉടമയായ ഷീല സണ്ണി ജയിലിൽ കിടന്നത്. ആത്മഹത്യ ചെയ്യാൻ പല തവണ ചിന്തിച്ചതാണവർ. പക്ഷേ നിരപരാധിത്വം തെളിയിക്കേണ്ടത് തന്റെ ഉത്തരവാദിത്വമാണെന്ന ഓർമ്മപ്പെടുത്തൽ ജീവിച്ചിരിക്കണമെന്ന് നിരന്തരം ഓർമ്മിപ്പിച്ചു. കാണാൻ അനുവാദം കിട്ടുമ്പോഴൊക്കെ ഓടി വരുന്ന ഭർത്താവ് ദുരനുഭവങ്ങളിലും എങ്ങനെയെങ്കിലും പിടിച്ചു നിൽക്കാൻ പ്രേരിപ്പിച്ചു. കേസ് ചെറുതല്ല. എൽ.എസ്.ഡി സ്റ്റാംപ് പിടിച്ചെടുത്ത കുറ്റമാണ്. നിരപരാധിയാണെന്ന് ആവർത്തിച്ചു പറഞ്ഞിട്ടും നിയമമോ, അധികൃതരോ, ചുറ്റിലുമുള്ളവരോ ആരും തന്നെ കേട്ടില്ല. ബ്യൂട്ടി പാർലറിൽ എൽ.എസ്.ഡി സ്റ്റാംപ് കണ്ടെത്തിയതിനെ തുടർന്നായിരുന്നു ഷീലയെ അറസ്റ്റ് ചെയ്തത്. ചുറ്റിലും എന്താണ് നടക്കുന്നതെന്നു പോലും മനസിലാവാത്ത മാനസിക അവസ്ഥയായിരുന്നു, അത്രയധികം ഷോക്കായി.

ഒടുവിൽ സത്യം തെളിയുമ്പോഴേക്കും നീണ്ടനാളുകൾ ജയിലിൽ പൂർത്തിയായിരുന്നു. എൽഎസ്ഡി സ്റ്റാംപ് എന്ന് പറഞ്ഞ് ഷീലയിൽ നിന്ന് എക്സൈസ് പിടിച്ചെടുത്തത് കടലാസ് കഷണങ്ങൾ ആണെന്ന് ലാബ് പരിശോധനാ ഫലം പുറത്തുവന്നു. അതോടെ കുറ്റവാളിയെന്ന് കണ്ടവർക്കിടയിൽ ഷീല നിരപരാധിയാണെന്ന് തെളിഞ്ഞു. ഹൈക്കോടതി കേസ് റദ്ദ് ചെയ്തു. ഒരുവർഷം നീണ്ട അന്വേഷണത്തിനൊടുവിൽ ഷീലയുടെ കയ്യിൽ മയക്കുമരുന്നുണ്ടെന്ന് പൊലീസിനെ വിളിച്ചറിയിച്ചയാളെ കഴിഞ്ഞ ദിവസം പൊലീസ് പിടികൂടി. ഇതോടെയാണ് കേസിനെ കുറിച്ചുള്ള ചർച്ചകൾ വീണ്ടും സജീവമായത്. നീണ്ടനിയമപോരാട്ടം നടക്കുമ്പോഴും അതുവരെ അനുഭവിച്ചതെല്ലാം അത്രയെളുപ്പം ജീവിതത്തിൽ നിന്നും മായ്ച്ചുകളയാൻ കഴിയുമോ. 71 ദിവസങ്ങൾ എന്നതു പെട്ടെന്ന് പറഞ്ഞു പോകാൻ കഴിയുന്ന അനുഭവങ്ങളല്ല ഷീലയ്ക്കുണ്ടായത്. വിദേശത്ത് പോകാനുള്ള തീരുമാനം തന്നെ ഉപേക്ഷിക്കേണ്ടി വന്നു, ബ്യൂട്ടിപാർലർ അടച്ചു.  ബന്ധങ്ങൾ പോലും അകന്നു പോയി. കുറ്റം ചെയ്തിട്ടില്ലെന്ന് കരഞ്ഞു പറഞ്ഞത് ആരും കേട്ടില്ല. ഒരു സ്ത്രീയുടെ അതിജീവനത്തിന്റെ അസാധാരണമായ പോരാട്ടത്തിന്റെ അനുഭവങ്ങളാണത്.

### പ്രതിയെ കിട്ടി, ദുരൂഹത മാറാതെ കേസ്

കേസിന് ഒരുവർഷം തികയുമ്പോഴാണ് നിർണായകമായ വഴിത്തിരിവ് സംഭവിക്കുന്നത്. ഷീലയുടെ കയ്യിൽ മയക്കുമരുന്നുണ്ടെന്ന് സന്ദേശമയച്ചത് തൃപ്പൂണിത്തുറ ഏരൂർ സ്വദേശി 52-കാരനായ നാരായണ ദാസാണ് എന്നാണ്  അന്വേഷണ സംഘത്തിന്റെ കണ്ടെത്തൽ. ഒരുവർഷത്തിനുശേഷമാണ് ഈ കണ്ടെത്തൽ. ഷീലയുടെ മകന്റെ ഭാര്യയുടെ അനുജത്തി ലിവിയയുടെ സുഹൃത്താണ് ഇയാൾ. നാരായണ ദാസിന് ബെംഗളൂരുവിൽ ബിസിനസ് ബന്ധങ്ങളുണ്ടെന്നാണ് പൊലീസ് കണ്ടെത്തിയത്. ലിവിയയും ബെംഗളൂരുവിലാണ് താമസമെന്നും പൊലീസ് സ്ഥിരീകരിക്കുന്നു. കേസ് അന്വേഷണത്തിന്റെ തുടക്കത്തിൽത്തന്നെ ഷീല സണ്ണിയും കുടുംബവും ലിവിയക്കെതിരേ സംശയം ഉന്നയിച്ചിരുന്നു. ലിവിയയെ നേരത്തേ അന്വേഷണ ഉദ്യോഗസ്ഥർ ചോദ്യം ചെയ്തിരുന്നെങ്കിലും നിരപരാധിയാണെന്നായിരുന്നു മൊഴി. യുവതിയുടെ തൃപ്പൂണിത്തുറയിലെ സ്വകാര്യബാങ്കിലെ നിക്ഷേപം സംബന്ധിച്ചുള്ള അന്വേഷണത്തിലാണ് നിർണായക വഴിത്തിരിവ് ഉണ്ടായത്. അന്വേഷണസംഘത്തിന് മുന്നിൽ ഹാജരാകാൻ ആവശ്യപ്പെട്ട് നൽകിയ നോട്ടീസ് നാരായണദാസ് ഇതുവരെ കൈപ്പറ്റിയിട്ടില്ല. ഇയാളെ അറസ്റ്റ് ചെയ്ത് അന്വേഷണം മുന്നോട്ട് കൊണ്ടുപോകാനാണ് അന്വേഷണ സംഘത്തിന്റെ നീക്കം.

### പതറില്ലെന്ന് കരുതി, എന്നിട്ടും കരഞ്ഞുപോയി

ഒരിക്കലും തളരില്ലെന്ന് ഉറപ്പിച്ചിരുന്നെങ്കിലും വിഷമിച്ചു പോയ കുറേ നിമിഷങ്ങൾ ഷീലയുടെ മനസിലുണ്ടായിരുന്നു. വീടും പാർലറുമായി ഒരു സാധാരണജീവിതം നയിച്ച സ്ത്രീ. ഷീലയെ മയക്കുമരുന്ന് കേസിൽ പിടിച്ചെന്ന് അറിഞ്ഞതോടെ അതുവരെയുള്ള ജീവിതം നിലച്ചു പോയി. ജയിലിൽ നിന്നും വന്നപ്പോൾ ഇനി എങ്ങനെ മുന്നോട്ടു പോകണമെന്നു പോലും അറിയാത്ത അവസ്ഥ.

Save $ 894.*
Combine
Home & Auto.



Michael Tharian
Agent
1855 Victory Blvd
Staten Island, NY 10314
Toll Free: 888-644-7222

Save money and time when you combine your home and auto insurance. Just another way I'm her to help life go right. CALL ME TODAY

We Serve These States
NY, NJ, PA, & CT.

We Provide Auto, Home & Life Insurance

StateFarm®

*Average household savings based on 2016 national survey of new policyholders who reported savings by switching to State Farm
State Farm Mutual Automobile Insurance Company   State Farm Indemnity Company,
State Farm Fire and Casualty Company   State Farm General Insurance Company
1601489   Bloomington, IL




തന്റെ പാർലറിലേക്ക് ഇനി ആരു വരും. ജീവിക്കാൻ പോലും മാർഗമില്ലാത്ത അവസ്ഥ എന്നു പറയാം. അതിനിടയിൽ മലപ്പുറത്ത് നിന്നും തണൽ എന്നൊരു സംഘടനയുടെ പ്രവർത്തകർ വന്നു. ബ്യൂട്ടി പാർലറിനെ കുറിച്ച് ചോദിച്ചപ്പോൾ ഇനി തുടങ്ങുന്നില്ല എന്നായിരുന്നു ഷീലയുടെ മറുപടി. മുന്നോട്ടു പോകണമെന്ന ധൈര്യം നൽകിയത് അവരാണ്. ബ്യൂട്ടീഷ്യൻ അസോസിയേഷനുകളും സഹായിച്ചു. ജയിൽജീവിതവും കേസും സാമ്പത്തികമായ കുറേ ബാധ്യതകളുണ്ടാക്കി ഷീലയുടെ ജീവിതത്തിൽ. ഭർത്താവിന് സുഖമില്ലായിരുന്നു. ജോലിക്ക് പോകാൻ പറ്റിയിരുന്നില്ല. ഷീലയായിരുന്നു കുടുംബത്തിന്റെ തണൽ. കേസിൽ പെട്ടപ്പോൾ ഇതൊക്കെയായിരുന്നു മനസിൽ. പഴയ ബ്യൂട്ടി പാർലർ ഉണ്ടായിരുന്ന കെട്ടിടത്തിൽ തന്നെ പുതിയ പാർലർ തുടങ്ങി. ഇപ്പോൾ

ബാധ്യതകളെല്ലാം തീർക്കാനുള്ള ഓട്ടത്തിലാണ്. ഭർത്താവ് മാത്രമേ കൂടെയുള്ളൂ. കേസ് വരെ കൂടെയുണ്ടായിരുന്ന മകൻ പ്രതികളാരാണെന്ന് അറിഞ്ഞതോടെ അകന്നു. ഇപ്പോൾ കാണാൻ വരാറില്ല, വിളിക്കാറുമില്ല. ജയിലിൽ നിന്ന് പുറത്തിറങ്ങി കുറേ നാൾ മകളുടെ വീട്ടിലായിരുന്നു താമസിച്ചത്. ഒരുപാട് നാൾ അവിടെ താമസിക്കുന്നത് ശരിയല്ല എന്ന് തോന്നിയതോടെ വീട് വാടകക്കെടുത്ത് താമസം മാറി. ബന്ധുക്കളും, നാട്ടുകാരും ഉൾപ്പെടെ കുറേ പേരൊക്കെ കൂടെ തന്നെയുണ്ട്. എന്നാലും ചിലരുടെ മനസിലൊക്കെ കറുത്ത പാടുകൾ വീണിട്ടുണ്ട്. അതെല്ലാം ദൈവത്തിന്റെ കാൽലേക്ക് സമർപ്പിക്കുകയാണ് ഷീല.

### മുഖം പോലും മറച്ചില്ല, കുറ്റം ചെയ്തിട്ടില്ലല്ലോ

വീണ്ടും ഇങ്ങനൊരു പുതിയ ജീവിതം ഉണ്ടാകുമെന്ന് പ്രതീക്ഷിച്ചിരുന്നില്ല. തെറ്റ് ചെയ്തിട്ടില്ലെങ്കിൽ പേടിക്കേണ്ടല്ലോ എന്നായിരുന്നു ഷീല എപ്പോഴും ആലോചിച്ചു കൊണ്ടിരുന്നത്. സത്യം ഒരു ദിവസം പുറത്ത് വരുമെന്ന് തന്നെ വിശ്വസിച്ചു. അതുകൊണ്ട് ധൈര്യത്തോടെ മുന്നോട്ട് പോയി. എക്സൈസ് ഉദ്യോഗസ്ഥർ പിടിച്ചു കൊണ്ട് പോയ ദിവസമൊക്കെ ഇന്നും ഒട്ടും മങ്ങാതെ അവരുടെ മനസിലുണ്ട്. ചാനലുകളെ കണ്ടപ്പോൾ ഉദ്യോഗസ്ഥർ തല കുമ്പിട്ടിരിക്കാൻ പറഞ്ഞപ്പോൾ എന്തിനാണെന്ന ചിന്തയായിരുന്നു. അതുകൊണ്ട് തല ഉയർത്തി തന്നെ നിന്നു. ഗൾഫിലേക്ക് പോകാൻ ഒരു അവസരം വന്നതിന്റെ കാര്യങ്ങളൊക്കെ ശരിയായി നിൽക്കുമ്പോഴായിരുന്നു അറസ്റ്റ്. ഗൾഫിൽ പോവുന്നതിന്റെ അസൂയ കാരണമാണോ ഇങ്ങനെ കേസിൽ കുടുക്കിയതെന്നും ഷീലയ്ക്ക അറിയില്ല. കുറച്ചുകാലം ഗൾഫിൽ ജോലി ചെയ്താൽ കുടുംബം രക്ഷപ്പെടും. ബാക്കി കാലം സന്തോഷത്തോടെ ഇവിടെ ജീവിക്കാമെന്നായിരുന്നു സ്വപ്നം കണ്ടത്. ചീട്ടുകൊട്ടാരം തകർന്നു വീഴുന്നത് പോലെ എല്ലാം പോയതിന്റെ ആഘാതം ഇപ്പോഴുമുണ്ട്. ഇപ്പോൾ ജീവിതം കരുപ്പിടിപ്പിക്കാനുള്ള ശ്രമത്തിലാണ്. മരുമകളുടെ അനുജത്തി ലിവിയ ഈ സംഭവം നടക്കുന്നതിന് തലേദിവസം വീട്ടിൽ വന്നിരുന്നു. മുമ്പൊക്കെ വരുമ്പോഴുള്ള പോലെ ചിരിച്ചും കളിച്ചും സന്തോഷിച്ചുമാണ് അന്നും ഉണ്ടായിരുന്നത്. അപ്പോഴും ഒരു സംശയവും തോന്നിയിരുന്നില്ല.

### മറക്കാത്ത ആ ദിവസം ജീവിതം കീഴ്മേൽ മറിഞ്ഞു

കഴിഞ്ഞവർഷം ഫെബ്രുവരി 27–നാണ് സ്കൂട്ടറിലെ ബാഗിൽ സൂക്ഷിച്ച നിലയിൽ എക്സൈസ് സംഘം ' എൽ.എസ്.ഡി. സ്റ്റാമ്പുകൾ' കണ്ടെത്തിയത്. ഉദ്യോഗസ്ഥർ അന്നുതന്നെ കോടതിയിൽ ഹാജരാക്കി. ആ രാത്രി റിമാൻഡിലായ ഷീലയ്ക്ക് മേയ് 10–നാണ് ഹൈക്കോടതി ജാമ്യമനുവദിച്ചത്. 72 ദിവസത്തെ ജയിൽവാസത്തിനുശേഷം ഷീല പുറത്തിറങ്ങി. പക്ഷേ ജൂലായിൽ പുറത്തുവന്ന രാസപരിശോധനാഫലം നെഗറ്റീവായതോടെയാണ് കേസ് ചർച്ചയായതും പുനരന്വേഷണ സാധ്യത തെളിഞ്ഞതും. എന്തിനാണ് ഇത് ചെയ്തതെന്ന് ഷീലയ്ക്ക് ഇപ്പോഴും അറിയില്ല. ബ്യൂട്ടിപാർലറിൽ തിരക്കില്ലാത്ത ദിവസം വൈകീട്ട് നാലരയോടെയാണ് ചാലക്കുടി എക്സൈസിൽനിന്നും ഉദ്യോഗസ്ഥർ എത്തിയത്. കൈവശം മയക്കുമരുന്നുണ്ടെന്ന രഹസ്യവിവരം കിട്ടിയിട്ടുണ്ടെന്നും വണ്ടിയും ബാഗും പരിശോധിക്കണമെന്നുമായിരുന്നു അവർ പറഞ്ഞത്. ബാഗിന്റെ അറയ്ക്കുള്ളിൽ ബ്ലേഡ് ഉപയോഗിച്ചോ മറ്റോ കീറിയ തുളയ്ക്കുള്ളിൽനിന്ന് ഇൻസ്പെക്ടർ ഒരു കവർ പുറത്തെടുത്തു. അപ്പോഴാണ് ബാഗിനുള്ളിൽ അങ്ങനെയൊരു അറ ഉണ്ടെന്ന കാര്യം തന്നെ അവർ മനസിലാക്കിയത്.

തുടർന്ന് മകനെ വിളിച്ചുവരുത്തി സ്കൂട്ടറിൽനിന്നും സ്റ്റാമ്പുകൾ പുറത്തെടുത്തു. വീട്ടുകാരോട് ബ്രഷും മറ്റുമൊക്കെ വാങ്ങിക്കൊണ്ടുവരാൻ പറഞ്ഞപ്പോഴാണ് ജയിലിലേക്കാണ് താൻ പോകുന്നതെന്ന് അവർ മനസിലാക്കിയത്. കുറ്റവാളികൾ ഇന്നല്ലെങ്കിൽ നാളെ നിയമത്തിന്റെ മുന്നിൽ വരുമെന്ന ഉറച്ച വിശ്വാസമുണ്ട് ഷീലയ്ക്ക്. അത്രയധികം അനുഭവിച്ചു. ഇനിയെങ്കിലും സമാധാനമായി ജീവിക്കണമെന്നാണ് കനൽവഴികൾ താണ്ടിയ അവർ പ്രാർത്ഥിക്കുന്നത്.


Now baking 4 exciting flavors
Plum Cakes Freshly Made in USA
HOTCAKEUSA
Premium Plum Fruit & Nut Cake
Handmade with Finest Organic & Natural Ingredients
'Available at all leading stores in USA'
Seeking Part-time Sales and Marketing Professionals from all 50 states
NOW ACCEPTING BULK PRE-ORDERS!
Nationwide Retailers Welcome!
www.hotcakeusa.com or Call 1-201-479-2727

# ഇൻഡ്യ മുന്നണി: നിതീഷിന്റെ വേലിചാട്ടത്തിനു ശേഷം

പി.വി.തോമസ്
ദൽഹികത്ത്




> **തെരഞ്ഞെടുക്കപ്പെട്ട ഒരു സംഘം ടെലിവിഷൻ ആങ്കർമാരെ ബഹിഷ്ക്കരിച്ചതുകൊണ്ട് മുന്നണിയുടെ പ്രശ്നങ്ങൾ തീരുന്നില്ല. മുന്നണിക്ക് ജനങ്ങളെ ബോദ്ധ്യപ്പെടുത്തേണ്ടിയിരിക്കുന്നു അതിന് ഒത്തൊരുമയോടെ പ്രവർത്തിക്കാമെന്നും ഭരിക്കാമെന്നും. ഇതിന് ആദ്യമായി ഇതിലെ ഘടകകക്ഷികൾ തന്നെ സ്വയം ബോദ്ധ്യപ്പെടേണ്ടിയിരിക്കുന്നു. മുന്നണിയുടെ പൊതു താൽപര്യത്തെ നേടിയെടുക്കുവാനായി രാഷ്ട്രീയ സ്വാർത്ഥ താൽപര്യങ്ങളെയും വ്യക്തിലാഭങ്ങളെയും ത്യജിച്ച് ജനങ്ങളുടെ പ്രതീക്ഷക്കൊപ്പം ഉയരുവാൻ ഇവർക്ക് സാധിക്കണം.**



**പ്ര**തിപക്ഷത്തിന്റെയും ജനാധിപത്യ-മതേതര വിശ്വാസികളുടെയും ഒരേയൊരു പ്രതീക്ഷയായ ഇൻഡ്യ മുന്നണിയിൽ അനുദിനം പൊട്ടിത്തെറികളാണ്. ഓരോ പാർട്ടിക്കും സീറ്റുകളുടെ മുന്തിയ പങ്കുവേണം. തകരുന്ന ബന്ധങ്ങൾ നിത്യസംഭവം ആയിരിക്കുന്നു. ബീഹാർ മുഖ്യമന്ത്രിയും ഇൻഡ്യ മുന്നണിയുടെ സ്ഥാപക നേതാക്കന്മാരിൽ പ്രധാനിയും ആയ നിതീഷ്കുമാർ(ജെ.ഡി.യു) ഇതിനിടെ സഖ്യം വിട്ടു. ജനങ്ങൾ തീർച്ചയായും ഇതെല്ലാം സൂക്ഷമമായി നിരീക്ഷിക്കുന്നുണ്ടാകും. ഇൻഡ്യ മുന്നണി തകർച്ചയിലേക്ക് എന്ന വാർത്തയും മുന്നണി വിരുദ്ധർ പ്രചരിപ്പിച്ചു. ശക്തമായ അടിത്തറ ഇല്ലാത്ത ഒരു മഹാസൗധം ആയിരുന്നോ ഇൻഡ്യ മുന്നണി? ദേശീയ പ്രതിപക്ഷത്തിന്റെ നിലനിൽപു തന്നെ ചോദ്യം ചെയ്യപ്പെട്ടപ്പോൾ മോദിയെ അധികാരത്തിൽ നിന്നും പുറത്താക്കുക എന്ന ഒരേയൊരു അജണ്ടയുമായി നിലവിൽ വന്ന ഒരു രാഷ്ട്രീയ പ്രതിഭാസം ആണോ ഇൻഡ്യ മുന്നണി? അത് എന്തുകൊണ്ട് ഇനിയും കർമ്മോന്മുഖം ആകുന്നില്ല? ജന്മനാ ഉള്ള അടിസ്ഥാനപരമായ വൈരുദ്ധ്യം ആണ് ഇതിനുള്ള ഒരു പ്രധാന കാരണം എന്നു പറയാമെങ്കിലും എന്തുകൊണ്ട് ഇതിനെയെല്ലാം മറികടന്ന് ഇൻഡ്യ മുന്നണി ഒറ്റക്കെട്ടായി ഉയരുന്നില്ല എന്ന ചോദ്യം അപ്പോഴും നിലനിൽക്കുന്നു. കാരണം ഇൻഡ്യമുന്നണിയുടെ മുമ്പിലുള്ള വെല്ലുവിളികളും രാഷ്ട്രീയ ഉത്തരവാദിത്വവും അത്ര ഗൗരവമേറിയതാണ്. മുന്നണിയുടെ പ്രധാന എതിരാളിയായ മോദിയും ബി.ജെ.പി.യും ഇതെല്ലാം കണ്ട് ചിരിക്കുന്നുണ്ടാകും.

തെരഞ്ഞെടുക്കപ്പെട്ട ഒരു സംഘം ടെലിവിഷൻ ആങ്കർമാരെ ബഹിഷ്ക്കരിച്ചതുകൊണ്ട് മുന്നണിയുടെ പ്രശ്നങ്ങൾ തീരുന്നില്ല. മുന്നണിക്ക് ജനങ്ങളെ ബോദ്ധ്യപ്പെടുത്തേണ്ടിയിരിക്കുന്നു അതിന് ഒത്തൊരുമയോടെ പ്രവർത്തിക്കാമെന്നും ഭരിക്കാമെന്നും. ഇതിന് ആദ്യമായി ഇതിലെ ഘടകകക്ഷികൾ തന്നെ സ്വയം ബോദ്ധ്യപ്പെടേണ്ടിയിരിക്കുന്നു. മുന്നണിയുടെ പൊതു താൽപര്യത്തെ നേടിയെടുക്കുവാനായി രാഷ്ട്രീയ സ്വാർത്ഥ താൽപര്യങ്ങളെയും വ്യക്തി ലാഭങ്ങളെയും ത്യജിച്ച് ജനങ്ങളുടെ പ്രതീക്ഷക്കൊപ്പം ഉയരുവാൻ ഇവർക്ക് സാധിക്കണം. ബി.ജെ.പി. ഭരണം നൽകുന്നതിനപ്പുറം എന്താണ് ഇൻഡ്യമുന്നണിക്ക് ജനങ്ങൾക്ക് നൽകുവാൻ സാധിക്കുകയെന്നത് വ്യക്തമാക്കേണ്ടിയിരിക്കുന്നു. ഇവയെ അക്കമിട്ടു നിരത്തി ജനങ്ങളെ ബോദ്ധ്യപ്പെടുത്തേണ്ടിയിരിക്കുന്നു. മുന്നണിയുടെ മുഖ്യഘടകവും ദേശീയ പ്രതിപ്കഷവുമായ കോൺഗ്രസ് മധ്യപ്രദേശിലും രാജസ്ഥാനിലും ബംഗാളിലും ബീഹാറിലും ദൽഹിയിലും പഞ്ചാബിലും ഭരണകക്ഷി അല്ലാതായി തീർന്നിരിക്കുന്നു. ഇങ്ങനെ ഒരു സാഹചര്യത്തിൽ കോൺഗ്രസിന് മുന്നണിയിൽ എന്തു മേധാവിത്വം ആണ് അവകാശപ്പെടുവാനുള്ളത്. മമതബാനർജിയും (ത്രിണമൂൽ കോൺഗ്രസ്) അരവിന്ദ് കേജരിവാളും( ആം ആദ്മി പാർട്ടി) അഖിലേഷ് യാദവും(സമാജ് വാദി പാർട്ടി) സ്വന്തം വഴിയേ ആണ് ഒരു പരിധി വരെ. ഇൻഡ്യ മുന്നണി പൂർണ്ണമായും തകർന്നുവെന്ന് പറയാറായിട്ടില്ലെങ്കിലും അതിന് പ്രായോഗികമായ,


VFS.GLOBAL
HAPPY 75TH
REPUBLIC DAY
TO ALL INDIANS!
Conceptualised and launched in India in 2001, VFS Global is one of the earliest 'Made in India' companies to become a global leader, and is a trusted partner of 67 sovereign governments serving them across 149 countries.
Providing visa services on behalf of 51 client governments in India.
Long-standing partnership with countries such as Canada, Germany, Italy, Switzerland, Thailand, UK, and USA.
Presence in 19 Indian cities with a network of 573 visa application centres.
Processed 66.56 million applications in India since 2001.
First outsourced visa services partner of the Ministry of External Affairs (India) in 2007.
Providing passport, visa and consular services for India in 12 countries.
Handled nearly 20 million applications so far.
Operating the Pravasi Bhartiya Sahayata Kendra, a 24/7 information dissemination and grievance redressal centre started by the MEA for expatriate workers, since 2014.
A reliable partner to the Indian government in historic missions such as Operation Raahat 2015, Vande Bharat Mission 2020, Operation Devi Shakti 2021.
VFS.GLOBAL
67 CLIENT GOVERNMENTS
149 COUNTRIES OF OPERATION
OVER 278 MILLION APPLICATIONS PROCESSED
VFS.GLOBAL Cares





വിശ്വാസ്യതയുള്ള ഒരു പ്രതിപക്ഷ ഭരണസഖ്യം ആകുവാൻ സാധിക്കണമെങ്കിൽ ബഹുദൂരം മുന്നോട്ടു പോകേണ്ടിയിരിക്കുന്നു. ഈ ദൂരം പിന്നിടുവാൻ ഇൻഡ്യ മുന്നണി എന്തു സമയം എടുക്കും? കാരണം പൊതു തെരഞ്ഞെടുപ്പു പ്രഖ്യാപിക്കുവാൻ ഇനി അധികദിവസങ്ങൾ ഇല്ല. ജെ.ഡി.യുവിന്റെയും നിതീഷ് കുമാറിന്റെയും അഭാവം വലിയൊരു ആഘാതമാണെങ്കിലും അതിനെ മറികടക്കുവാനും മുന്നണി ഇനി എന്തു ചെയ്യുമെന്നതാണ് പ്രധാനം. മറ്റ് യാതൊരു ഗത്യന്തരവും ഇല്ലാത്തതുകൊണ്ട് തങ്ങൾ ഒരുമിച്ചു ചേർന്നതാണെന്ന ഒരു ചിത്രം ജനങ്ങൾക്കു നൽകിയാൽ എല്ലാ വിശ്വാസ്യതയും ഇവിടെ ഇല്ലാതാകും. മുന്നണിയും തകരും ഒപ്പം വലിയ ആ 'ഇൻഡ്യൻ' സ്വപ്നങ്ങളും. കോൺഗ്രസിനും പ്രാദേശിക പാർട്ടികൾക്കും തുല്യപ്രാധാന്യം നൽകുന്ന ഒരു മുന്നണി ആയിരിക്കണം ഇത്. കോൺഗ്രസിന്റെ പഴയ ഭരണപാരമ്പര്യം ശരി തന്നെ. പക്ഷേ, ഇപ്പോഴത്തെ യാഥാർത്ഥ അവസ്ഥ വേറെയാണ്. നിതീഷ് മുന്നണി വിടുന്ന ഒരു സാഹചര്യം സൃഷ്ടിക്കരുതായിരുന്നു. നിതീഷ് ഇൻഡ്യൻ രാഷ്ട്രീയത്തിലെ വലിയൊരു 'സംഭവം' ആണ്. അതിലേക്ക് വഴിയെ വരാം. വിവിധ പരസ്പര വിരുദ്ധ മുന്നണികളുടെ പിന്തുണയോടെ ഒമ്പതു പ്രാവശ്യം ബീഹാറിന്റെയും മുഖ്യമന്ത്രിയായതാണ് നിതീഷ്കുമാർ. യു.പി.എ. ഒരു തെരഞ്ഞെടുപ്പാനന്തരസഖ്യം ആയിരുന്നെങ്കിൽ ഇൻഡ്യാ മുന്നണി തെരഞ്ഞെടുപ്പിനു മുമ്പുള്ള ഒരു സഖ്യം ആണ്. അതുകൊണ്ട് ഇൻഡ്യ മുന്നണിക്ക് അതിന്റേതായ വെല്ലുവിളികളും അഭിമുഖീകരിക്കുവാനുണ്ട്. ഇതിൽ പ്രധാനം സീറ്റു വിഭജനം തന്നെ ആണ്. അയോദ്ധ്യയിലെ രാമമന്ദിരവും കാർപ്പൂരി ഠാക്കൂറിന് ഭാരതരത്നം നൽകിയതും ബി.ജെ.പി.ക്ക് മുൻ കൈ നേടികൊടുത്തിട്ടുണ്ട്. രാഹുൽഗാന്ധിയുടെ ഭാരത് ജോഡോ ന്യായ് യാത്ര കുറെയൊക്കെ കോൺഗ്രസിനെയും ഇൻഡ്യമുന്നണിയെയും സഹായിച്ചേക്കാം. പക്ഷേ, പോര. നിതീഷ്കുമാറിന്റെ എൻ.ഡി.എ.യിൽ പേരൽ ബി.ജെ.പി.യുടെ സംഖ്യ വർദ്ധിപ്പിക്കും ലോകസഭയിൽ. സോഷ്യലിസ്റ്റ് കാർപ്പൂരി ഠാക്കൂരിന്റെ ഭാരതരത്നം പിന്നോക്കവിഭാഗത്തെയും ഠാക്കൂറിന്റെ ആദ്യകാല സംവരണാനുകൂല നിലപാട് മറ്റു പിന്നോക്ക വിഭാഗത്തെയും എൻ.ഡി.എ. സഖ്യത്തിലേക്ക് ആകർഷിക്കും. ഈ വിഭാഗങ്ങളും ഇൻഡ്യ മുന്നണിയും തമ്മിലുള്ള പ്രധാനകണ്ണി നിതീഷ്കുമാർ ആയിരുന്നു. ഇത് ഇപ്പോൾ ഇല്ലാതായി. നിതീഷ്കുമാറിനെ അനുനയിപ്പിച്ച് ഇൻഡ്യ മുന്നണിയിൽ നിർത്തുവാൻ പറ്റിയ നയചാതുര്യമുള്ള ആരും അതിൽ ഉണ്ടായിരുന്നില്ല. പകരം കോൺഗ്രസ് അദ്ധ്യക്ഷൻ മല്ലികാർജ്ജുന ഖാർഗെയെ മമതയും കേജരിവാളും ഒത്തുചേർന്ന് മുന്നണിയുടെ മുഖം ആക്കി. ഇത് നിതീഷിന്റെ പ്രധാനമന്ത്രി മോഹങ്ങൾക്കേറ്റ ആഘാതം ആയിരുന്നു.

**ഹിന്ദി ഹൃദയഭൂമയിൽ മോദിയെയും ബി.ജെ.പി.യെയും നേരിടുവാൻ ഖാർഗെയിലും ഉചിതം നിതീഷ് തന്നെ ആയിരുന്നു. അവിടെ ഇൻഡ്യ മുന്നണിയുടെ തന്ത്രം പാളി. അതോ ഇത് മനഃപൂർവ്വം ആയിരുന്നോ? ഇതിനിടെ ലാലുപ്രസാദ് യാദവ് നിതീഷിന്റെ മുഖ്യമന്ത്രി കസേര മകൻ തേജ്വസി യാദവിനായി എടുക്കുവാനായി ശ്രമിക്കുകയായിരുന്നു. ഇതെല്ലാം നിതീഷ് എന്ന അവസരവാദിയായ രാഷ്ട്രീയക്കാരൻ മനസിലാക്കി പ്രവർത്തിച്ചു. നിതീഷിന്റെ മതേതരത്വം വെറും പാഴായ വാക്കാണ് ആദ്യം മുതലേ. അദ്ദേഹത്തിന് അധികാരവും വ്യക്തി താൽപര്യങ്ങളും ആണ് പരമപ്രധാനം.**

ഹിന്ദി ഹൃദയഭൂമയിൽ മോദിയെയും ബി.ജെ.പി.യെയും നേരിടുവാൻ ഖാർഗെയിലും ഉചിതം നിതീഷ് തന്നെ ആയിരുന്നു. അവിടെ ഇൻഡ്യ മുന്നണിയുടെ തന്ത്രം പാളി. അതോ ഇത് മനഃപൂർവ്വം ആയിരുന്നോ? ഇതിനിടെ ലാലുപ്രസാദ് യാദവ് നിതീഷിന്റെ മുഖ്യമന്ത്രി കസേര മകൻ തേജ്വസി യാദവിനായി എടുക്കുവാനായി ശ്രമിക്കുകയായിരുന്നു. ഇതെല്ലാം നിതീഷ് എന്ന അവസരവാദിയായ രാഷ്ട്രീയക്കാരൻ മനസിലാക്കി പ്രവർത്തിച്ചു. നിതീഷിന്റെ മതേതരത്വം വെറും പാഴായ വാക്കാണ് ആദ്യം മുതലേ. അദ്ദേഹത്തിന് അധികാരവും വ്യക്തി താൽപര്യങ്ങളും ആണ് പരമപ്രധാനം. മോദിയോടൊപ്പം ഒരു ഫോട്ടോയിൽപോലും വരുവാൻ വിസമ്മതിച്ചതാണ് നിതീഷ്. നിതീഷുമായി ഇനി ഒരിക്കലും സഖ്യത്തിനില്ലെന്ന് പ്രഖ്യാപിച്ചതാണ് ബി.ജെ.പി. നേരത്തെ സഖ്യം തകർന്നപ്പോൾ. ഇപ്പോൾ എല്ലാം മാറി. ഇതാണ് ഇൻഡ്യൻ ജനാധിപത്യത്തിന്റെ അവസ്ഥ. നിതീഷ്-എൻ.ഡി.എ. സഖ്യത്തിൽ ഏറ്റവും കൂടുതൽ ഫലം കൊയ്യുന്നത് ബി.ജെ.പി.യും മോദിയും ആയിരിക്കും. നഷ്ടം, അധികം താമസിക്കാതെ നിതീഷിനും. ഒപ്പം ഇൻഡ്യ മുന്നണിയും. ഇനി ഇൻഡ്യാ മുന്നണിയിൽ ഉള്ള പാർട്ടികളിൽ ത്രിണമൂൽ കോൺഗ്രസ്, ആം ആദ്മി പാർട്ടി സമാജ് വാദി പാർട്ടി എന്നിവ ഒരു ബ്ലോക്കായിട്ടാണ് പ്രവർത്തിക്കുന്നത്. ഈ മൂന്ന് പാർട്ടികൾക്കും കൂടെ ലോകസഭയിൽ 150 സീറ്റുകൾ ആണ് ഉള്ളത് ആറ് സംസ്ഥാനങ്ങളിലായി- ഉത്തർപ്രദേശ്, ബംഗാൾ, ദൽഹി, പഞ്ചാബ്, ഗോവ, ഗുജറാത്ത്. കോൺഗ്രസിന് അമ്പതിൽ ശിഷ്ടവും. ഈ മൂന്നു പാർട്ടികളും സീറ്റ് വിഭജനത്തിൽ കോൺഗ്രസുമായി സഹകരിക്കുവാൻ മടിച്ചു. കോൺഗ്രസ് ഇല്ലാതെ തനിച്ച് പോകുവാനാണ് അവരുടെ പരിപാടി. അടുത്ത തെരഞ്ഞെടുപ്പിൽ ബി.ജെ.പി. 370- ലേറെയും എൻ.ഡി.എ. ഉൾപ്പെടെ 400 സീറ്റുകളും നേടുമെന്നാണ് പ്രധാനമന്ത്രി മോദിയുടെ ലോകസഭ മുമ്പാകെയുള്ള പ്രഖ്യാപനം. കോൺഗ്രസ് പാർലിമെന്റിലെ സന്ദർശക ഗ്യാലറിയിലേക്ക് ചുരുങ്ങി പോകുമെന്നും മോദി പ്രവചിച്ചു. 2014-ൽ 282 സീറ്റും, 2019-ൽ 303 സീറ്റും ആണ് ബി.ജെ.പി. നേടിയത്. 2024 കാത്തിരുന്നു കാണാം. എന്തായിരിക്കും ഇൻഡ്യ മുന്നണിയുടെ അവസ്ഥയെന്നും കണ്ടറിയണം.

# തോമസ് തോമസ്



## കാനഡയിൽ നിന്ന്
## ഫോമാ പ്രസിഡന്റ്
## (2024- 26)
## സ്ഥാനാർത്ഥി

**മികവിന്റെ പാരമ്പര്യം കൈമുതൽ**

**അവിഭക്ത ഫൊക്കാനയിലും ഫോമായിലും**

**കരുത്തുറ്റ നേതൃത്വം**

**ഫോമായിൽ പ്രാദേശിക സന്തുലനം ആവശ്യം**

# മഞ്ജു വാര്യരെ ചാലക്കുടിയിലിറക്കി 'ഇന്നസെന്റ് മോഡല്‍' പോരിന് സി.പി.എം




എ.എസ്

തൃശൂര്‍ എടുക്കാന്‍ സുരേഷ് ഗോപി രണ്ടും കല്‍പ്പിച്ച് വീണ്ടും ഇറങ്ങിത്തിരിച്ച സ്ഥിതിക്ക് ചാലക്കുടിയിലെ സെലിബ്രിറ്റി സാധ്യത അനുകൂലമാക്കാന്‍ ഒരു 'ഇന്നസെന്റ് മോഡല്‍' മല്‍സരത്തിന് കളമൊരുക്കുന്ന സി.പി.എം ഉന്നംവയ്ക്കുന്നത് മലയാളത്തിന്റെ ലേഡി സൂപ്പര്‍ സ്റ്റാര്‍ മഞ്ജു വാര്യരെ. 2014-ലെ ലോക്സഭാ തിരഞ്ഞെടുപ്പില്‍ സി.പി.എം സ്വതന്ത്രനായി ഇന്നസെന്റ് ഗോദയിലിറങ്ങിയത് സര്‍പ്രൈസ് ആയിട്ടാണെങ്കില്‍ അതുപോലെ രാഷ്ട്രീയത്തിനപ്പുറത്ത് വിജയസാധ്യതയുള്ള മത്സരാര്‍ഥിയെ കളത്തിലിറക്കാനാനുള്ള നീക്കത്തിന്റെ ഭാഗമായാണ് പാര്‍ട്ടിയുടെ നോട്ടം മഞ്ജുവിലെത്തി നില്‍ക്കുന്നത്.

മഞ്ജുവോ സി.പി.എമ്മോ ഇക്കാര്യം തള്ളുകയോ കൊള്ളുകയോ ചെയ്യാത്ത സാഹചര്യത്തില്‍ സംഗതി സീരിയസാണെന്ന് തന്നെ അനുമാനിക്കാം. സി.പി.എമ്മിന് ശക്തമായ അടിത്തറയില്ലാത്ത മണ്ഡലമെന്ന നിലയ്ക്ക് ഇന്നസെന്റിനെ പോലെ ഒരു സെലിബ്രറ്റിയെ ഗോദയിലിറക്കി ചാലക്കുടി പിടിക്കാനാവുമെന്നാണ് പാര്‍ട്ടി വൃത്തങ്ങള്‍ സൂചിപ്പിക്കുന്നത്. 2014-ലെ തിരഞ്ഞെടുപ്പ് സ്ഥാനാര്‍ത്ഥി നിര്‍ണയത്തിലെ ലാസ്റ്റ് ലാപ്പിലാണ് ഇന്നസെന്റിന്റെ സ്ഥാനാര്‍ത്ഥി പ്രഖ്യാപനമുണ്ടായത്. സി.പി.എം സ്വതന്ത്രനായി മല്‍സരിച്ച അദ്ദേഹം യു.ഡി.എഫിന്റെ പി.സി. ചാക്കോയെ 13,879 വോട്ടുകള്‍ക്കാണ് തോല്‍പ്പിച്ചത്.

പക്ഷേ 2019-ലെ ബാലറ്റ് അങ്കത്തില്‍ യു.ഡി.എഫിന്റെ കരുത്തനായ സാരഥി, കോണ്‍ഗ്രസിന്റെ ബെന്നി ബെഹനാനോട് 1,32,274 വോട്ടുകള്‍ക്ക് ഇന്നസെന്റ് പരാജയപ്പെടുകയും ചെയ്തു. അതിനാല്‍ കഴിഞ്ഞ തിരഞ്ഞെടുപ്പിലെ യു.ഡി.എഫിന്റെ വിജയസാധ്യതകളെ അട്ടിമറിക്കാന്‍ തക്ക കരുത്തുള്ള സ്ഥാനാര്‍ഥിയെ കളത്തിലിറക്കാനാണ് പാര്‍ട്ടിയുടെ ആലോചന. അതിന് പറ്റിയ ആള്‍ മഞ്ജു വാര്യര്‍ ആണത്രേ. ഇതുവരെ തിരഞ്ഞെടുപ്പ് രാഷ്ട്രീയത്തില്‍ ഇല്ലാത്ത വ്യക്തിയാണ് മഞ്ജു വാര്യര്‍. രാഷ്ട്രീയ കാര്യങ്ങളില്‍ അവര്‍ പ്രതികരിക്കാറുമില്ല.

**മഞ്ജു വാര്യര്‍ക്ക് തന്നെയാണ് മുന്‍തൂക്കവും വിജയസാധ്യതയുമെന്നാണ് മണ്ഡലത്തില്‍ പൊതുവെ കേള്‍ക്കുന്ന സംസാരം. ആദ്യ പിണറായി സര്‍ക്കാരില്‍ വിദ്യാഭ്യാസ മന്ത്രിയായിരുന്നപ്പോള്‍ ലഭിച്ച സ്വീകാര്യതയും തൃശൂര്‍ സെന്റ് തോമസ് കോളജില്‍ അധ്യാപകനായിരുന്നുവെന്നതും രവീന്ദ്രനാഥ് ഇറങ്ങിയാല്‍ ഗുണം ചെയ്യുമെന്നാണ് പാര്‍ട്ടി നേതൃത്വം കരുതുന്നത്. യുവാക്കള്‍ക്കിടയില്‍ സ്വീകാര്യതയുണ്ട് എന്നതാണ് ജെയ്ക്കിന്റെ പേര് പരിഗണിക്കാന്‍ കാരണം.**

സ്ഥാനാര്‍ത്ഥി ചര്‍ച്ചകള്‍ തുടങ്ങിയെന്നും ഈ ഘട്ടത്തില്‍ മഞ്ജു വാര്യര്‍ അടക്കം ഒരു പേരും തള്ളിക്കളയുന്നില്ലെന്നും എന്നാല്‍ സി.പി.എം സംസ്ഥാന കമ്മിറ്റിയാണ് അന്തിമ തീരുമാനമെടുക്കേണ്ടതെന്നും ഇടതുമുന്നണി തൃശൂര്‍ ജില്ലാ കണ്‍വീനര്‍ ജോര്‍ജ്

ഇടപ്പുരത്തി പറഞ്ഞു. മഞ്ജു വാര്യരെ കൂടാതെ, മുൻ മന്ത്രി പ്രൊഫ. സി രവീന്ദ്രനാഥ്, ഡിവൈ. എഫ്.ഐ നേതാവ് ജെയ്ക് സി തോമസ്, സി.ഐ.ടിയു നേതാവ് യു.പി ജോസഫ് എന്നിവരുടെ പേരുകളും പരിഗണനയിലുണ്ട്.

മഞ്ജു വാര്യർക്ക് തന്നെയാണ് മുൻതൂക്കവും വിജയസാധ്യതയുമെന്നാണ് മണ്ഡലത്തിൽ പൊതുവെ കേൾക്കുന്ന സംസാരം. ആദ്യ പിണറായി സർക്കാരിൽ വിദ്യാഭ്യാസ മന്ത്രിയായിരുന്നപ്പോൾ ലഭിച്ച സ്വീകാര്യതയും തൃശൂർ സെന്റ് തോമസ് കോളജിൽ അധ്യാപകനായിരുന്നുവെന്നതും രവീന്ദ്രനാഥ് ഇറങ്ങിയാൽ ഗുണം ചെയ്യുമെന്നാണ് പാർട്ടി നേതൃത്വം കരുതുന്നത്. യുവാക്കൾക്കിടയിൽ സ്വീകാര്യതയുണ്ട് എന്നതാണ് ജെയ്ക്കിന്റെ പേര് പരിഗണിക്കാൻ കാരണം. ചാലക്കുടി മണ്ഡലം രൂപീകരിച്ചതിന് ശേഷം നടന്ന ആദ്യ തിരഞ്ഞെടുപ്പിൽ യു.പി ജോസഫ് സ്ഥാനാർത്ഥിയായിരുന്നു. അതേസമയം, ചാലക്കുടിയിൽ സിറ്റിങ് എം.പി ബെന്നി ബെഹനാൻ തന്നെയാകും ഇത്തവണയും യു.ഡി.എഫ് സ്ഥാനാർഥി.

പതിനാല് വർഷത്തിന് ശേഷം സിനിമയിലേയ്ക്കുള്ള രണ്ടാം വരവ് ഗംഭീരമാക്കിയ നടിയാണ് മഞ്ജു വാര്യർ. 'ഹൗ ഓൾഡ് ആർ യു' എന്ന ചിത്രത്തിലൂടെ തന്റെ സാന്നിധ്യം അറിയിച്ച മഞ്ജു പിന്നീടിങ്ങോട്ട് കാലത്തിനനുസരിച്ച് മാറിക്കൊണ്ടേയിരുന്നു. സിനിമകൾ തിരഞ്ഞെടുക്കുന്നതിലും നടപ്പിലും നോട്ടത്തിലും സംസാരത്തിലുമൊക്കെ പക്വതയേറിയ ബോഡിലാംഗ്വേജുള്ള ഒരു മഞ്ജുവിനെയാണ് കേരളം കണ്ടത്. തിരിച്ചുവന്നതിന് ശേഷം മഞ്ജു സിനിമയിൽ മാത്രമല്ല, സാമൂഹിക പ്രതിബദ്ധതയുള്ള പല കാര്യങ്ങളിലും സജീവമായി.

സംസ്ഥാന സാക്ഷരതാ മിഷൻ, ഷി ടാക്സി, പിങ്ക് പൊലീസ്, കുടുംബശ്രീയുടെ ജൈവ കൃഷി പദ്ധതി, ഹോർട്ടി കോർപ്പ്, നൈപുണ്യ വികസന പദ്ധതികൾ തുടങ്ങിയ സർക്കാർ-സാമൂഹിക പ്രവർത്തനങ്ങളുടെ ഗുഡ് വിൽ അംബാസഡറാണ് മഞ്ജു. നടി ഇനി മറ്റൊരു നിയോഗത്തിലേയ്ക്ക് കടക്കുകയാണെന്ന് കരുതാം. തമിഴിൽ വിജയ്‌യുടെ രാഷ്ട്രീയത്തിലേക്കുള്ള ചുവട് മാറ്റം ആഘോഷിക്കുന്ന പശ്ചാത്തലത്തിൽ ഇതാ മലയാളത്തിൽ നിന്ന് മഞ്ജു വാര്യരും. മഞ്ജു എൽ.ഡി.എഫ് രാഷ്ട്രീയത്തിലേക്ക് ഇറങ്ങുകയാണ് എന്ന റിപ്പോർട്ടുകളിലെ യാഥാർത്ഥ്യം തള്ളിക്കളയാനാവില്ല.

കരിയറിൽ ഇപ്പോൾ മഞ്ജു മലയാളം വിട്ട് തമിഴിലും ഹിന്ദിയിലുമെല്ലാം സജീവമായി നിൽക്കുന്ന സമയമാണ്. രജിനികാന്തിന്റെ വേട്ടൈയാൻ ഉൾപ്പടെ രണ്ട് തമിഴ് സിനിമകൾ കരാർ ചെയ്തിട്ടുണ്ട്. അമൃത് പണ്ഡിറ്റ് എന്ന ചിത്രത്തിലൂടെ ബോളിവുഡിലേക്കും അരങ്ങേറുന്നു. ഫൂട്ടേജ്, എംപുരാൻ എന്നിവയാണ് ഇനി മലയാളത്തിൽ വരാനിരിക്കുന്ന മഞ്ജു വാര്യർ ചിത്രങ്ങൾ.

ഇടതുമുന്നണിയെ അപൂർവം ചില ഘട്ടങ്ങളിൽ മാത്രം പിന്തുണച്ച മണ്ഡലമാണ് ചാലക്കുടി. യു.ഡി.എഫിന്റെ ഉരുക്കു കോട്ടയായിരുന്ന പഴയ മുകുന്ദപുരം മണ്ഡലമാണ് 2008-ലെ മണ്ഡല പുനർനിർണയത്തോടെ ചാലക്കുടിയായി മാറിയത്. തൃശ്ശൂർ ജില്ലയിലെ കയ്പമംഗലം, കൊടുങ്ങല്ലൂർ, ചാലക്കുടി എന്നി മൂന്ന് നിയമസഭാ മണ്ഡലങ്ങളും എറണാകുളം ജില്ലയിലെ ആലുവ, അങ്കമാലി,പെരുമ്പാവൂർ, കുന്നത്തുനാട് എന്നീ നാല് നിയമസഭാമണ്ഡലങ്ങളും ഉൾപ്പെടുന്നതാണ് ചാലക്കുടി ലോക്സഭാ മണ്ഡലം.

മുകുന്ദപുരമായിരുന്ന കാലം മുതലേ കോൺഗ്രസുകാർ സുരക്ഷിതമെന്നു കണ്ണടച്ചു വിശ്വസിക്കുന്ന മണ്ഡലമാണിത്. തോൽപ്പിച്ചതൊക്കെ ലോനപ്പൻ നമ്പാടനെയും ഇന്നസന്റിനെയും പോലുള്ള വിരുന്നുകാരാണ്. 16 തിരഞ്ഞെടുപ്പുകളിൽ പന്ത്രണ്ടിലും കോൺഗ്രസ് ഉൾപ്പെട്ട മുന്നണി വിജയിച്ചു. ചാലക്കുടി ആയ ശേഷവും കോൺഗ്രസിന്റെ സ്വാധീനത്തിന് വലിയ ഇളക്കം തട്ടിയിട്ടില്ല. മണ്ഡല പുനർനിർണയത്തിന് ശേഷം നടന്ന ആദ്യ തിരഞ്ഞെടുപ്പിൽ കോൺഗ്രസിലെ കെ.പി ധനപാലനാണ് വിജയിച്ചത്. എന്നാൽ 2014-ൽ ഇവിടെ അപ്രതീക്ഷിത തിരിച്ചടി യു.ഡി.എഫ് നേരിട്ടു. 2019-ൽ മണ്ഡലം കോൺഗ്രസ് തിരിച്ചുപിടിക്കുകയും ചെയ്തു.

ഇക്കുറിയും കേരള രാഷ്ട്രീയം ഉറ്റുനോക്കുകയാണ് ചാലക്കുടിയിലെയും ജനാധിപത്യപ്പോര്.


ATTORNEY AT LAW
VINOD KEARKE (KIDANGIL)



- Accident Cases
- Criminal Matters
- Real Estate
- Matrimonial
- Landlord/Tenant
- Immigration
- Wills & Estates

PERSONAL ATTENTION AT REASONABLE FEE

1611 Hilside Ave, New Hyde Park, New York 11040
Phone: 516-326-3350; 516-621-5381
Fax: 516-326-3353; Cell: 516-633-5208

# സ്റ്റാറ്റൻ ഐലൻഡ് സെന്റ് ജോർജ് ഓർത്തഡോക്സ് ഇടവകയിൽ ഫാമിലി & യൂത്ത് കോൺഫറൻസ് രജിസ്ട്രേഷന് ആവേശകരമായ തുടക്കം



**ഉമ്മൻ കാപ്പിൽ**

സ്റ്റാറ്റൻ ഐലൻഡ് (ന്യൂയോർക്ക്): മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന ഫാമിലി/ യൂത്ത് കോൺഫറൻസ് രജിസ്ട്രേഷൻ ഫെബ്രുവരി 4 ഞായറാഴ്ച സ്റ്റാറ്റൻ ഐലൻഡ് സെന്റ് ജോർജ് മലങ്കര ഓർത്തഡോക്സ് പള്ളിയിൽ ആരംഭിച്ചു.

ഫാമിലി/ യൂത്ത് കോൺഫറൻസിനെ പ്രതിനിധീകരിച്ച് ഒരു സംഘം ഇടവക സന്ദർശിച്ചു. മാത്യു ജോഷ (കോൺഫറൻസ് ട്രഷറർ), ദീപ്തി മാത്യു (സുവനീർ എഡിറ്റർ), ഷോൺ ഏബ്രഹാം (അസിസ്റ്റന്റ് ട്രഷറർ), ജോൺ താമരവേലിൽ (ഫൈനാൻസ് കോർഡിനേറ്റർ), റെജി വർഗീസ് & നോബിൾ വർഗീസ് (കോൺഫറൻസ് കമ്മിറ്റി അംഗങ്ങൾ) എന്നിവരായിരുന്നു കോൺഫറൻസ് സംഘാംഗങ്ങൾ. വെരി റവ. പൗലോസ് ആദായി കോർ എപ്പിസ്കോപ്പോസ് (വികാരി), രാജു ജോയ് (ഇടവക സെക്രട്ടറി), ജേക്കബ് മാത്യു (ഇടവക ട്രസ്റ്റി), എബ്രഹാം ചെറിയാൻ ജൂനിയർ (ഭദ്രാസന അസംബ്ലി അംഗം) എന്നിവരും വേദിയിലുണ്ടായിരുന്നു. രാജു ജോയ് സന്ദർശക സംഘത്തെ പരിചയപ്പെടുത്തി.

ഇത്തരമൊരു ഗംഭീരമായ കോൺഫറൻസ് സംഘടിപ്പിക്കുന്നതിന് ഭാരവാഹികൾ നടത്തുന്ന ശ്രമങ്ങളെ പൗലോസ് ആദായി കോർ എപ്പിസ്കോപ്പോസ് അഭിനന്ദിച്ചു. എല്ലാവരേയും പങ്കെടുക്കാൻ അദ്ദേഹം പ്രോത്സാഹിപ്പിച്ചു. ജോൺ താമരവേലിൽ രജിസ്ട്രേഷൻ പ്രക്രിയ, കോൺഫറൻസ് തീയതികൾ, തീം, പ്രാസംഗികർ, വേദി, വേദിക്ക് സമീപമുള്ള ആകർഷണങ്ങൾ എന്നിവയെക്കുറിച്ച് സംസാരിച്ചു, എല്ലാവരുടെയും പങ്കാളിത്തവും പിന്തുണയും അഭ്യർത്ഥിച്ചു. ദീപ്തി മാത്യു സുവനീറിന്റെ വിശദാംശങ്ങളും ധനസമാഹരണത്തിന്റെ ഭാഗമായി സംഘടിപ്പിക്കുന്ന റാഫിളിനെകുറിച്ചും സംസാരിച്ചു. ഷോൺ എബ്രഹാം സ്പോൺസർഷിപ്പ് അവസരങ്ങളെക്കുറിച്ചും ആനുകൂല്യങ്ങളെക്കുറിച്ചും സംസാരിച്ചു.

വെരി റവ. പൗലോസ് ആദായി കോർ-എപ്പിസ്കോപ്പോസ് ഇടവകയിൽ നിന്നുള്ള ആദ്യ രജിസ്ട്രേഷൻ സമർപ്പിച്ചു. ഷോൺ എബ്രഹാം ഗോൾഡ് സ്പോൺസർഷിപ്പോടെ പിന്തുണ വാഗ്ദാനം ചെയ്തു. സുവനീറിലേക്കുള്ള ഇടവകയുടെ ആശംസകൾക്കായി ജേക്കബ് മാത്യു (ട്രസ്റ്റി) സംഭാവന നൽകി പിന്തുണ അറിയിച്ചു.

കോൺഫറൻസിനായി രജിസ്റ്റർ ചെയ്തുകൊണ്ടും സുവനീറിൽ അഭിനന്ദനങ്ങൾ ചേർത്തും റാഫിൾ ടിക്കറ്റുകൾ വാങ്ങിയും താഴെ പ്പറയുന്ന വ്യക്തികൾ പിന്തുണ വാഗ്ദാനം ചെയ്തു:



എബ്രഹാം ഈപ്പൻ, ആഷേർ എബ്രഹാം, ഗബ്രിയേൽ കോര, ജേക്കബ് മാത്യു, രാജു ജോയ്, ഈപ്പൻ തോമസ് (ഷിജു), കോര കെ. കോര, സണ്ണി കോന്നിയൂർ, തോമസ് സി. വറുഗീസ്, ജോൺ ചെറിയാൻ, ബാബു ഡാനിയേൽ, റെജി വർഗീസ്, ജോസ് കെ. ജോയ്, മാണി വി. സ്കറിയ, സോണി ഫിലിപ്പ്, എബ്രഹാം ചെറിയാൻ ജൂനിയർ, സിബിൻ തോമസ്, സാനു സ്കറിയ, ജോജി മാത്യു, അരുൺ ജോർജ്, ഷൈൻ ഡാനിയൽ, ഡീക്കൻ ഫിലിപ്പ് മാത്യു, തോമസ് ഫിലിപ്പ്, ജോർജ് ജോസഫ്, ജെയിംസ് ജോയ്, സ്കറിയ ഉമ്മൻ, മാത്യൂസ് ഫിലിപ്പ്, തോംസൺ ഒ. ജോർജ്, ആരൺ ജോസ്മോൻ, കോശി എം. ലൂക്കോസ്.

കോൺഫറൻസിന്റെ വിജയത്തിന് പിന്തുണയ്ക്കും ഊഷ്മളമായ സ്വീകരണത്തിനും ആത്മാർത്ഥമായ പ്രാർത്ഥനയ്ക്കും വികാരി, ഭാരവാഹികൾ, ഇടവകാംഗങ്ങൾ എന്നിവർക്ക് റെജി വർഗീസ് നന്ദി പറഞ്ഞു.



ഇഎം-ദി വീക്കിലിക്ക്
ആശംസ!
പരിചയസമ്പന്നമായ നേതൃത്വം
രാഷ്ട്രീയ -സാമൂഹിക മേഖലകളിലെ സമ്പന്നമായ പാരമ്പര്യം
എക്കാലത്തും ഫൊക്കാനയുടെ ശക്തിസ്രോതസ്
ലീല മാരേട്ട്
ഫൊക്കാന 2024-26 പ്രസിഡന്റ് സ്ഥാനാർഥി
സാദരം നിങ്ങളുടെ പിന്തുണ തേടുന്നു





2024 ജൂലൈ 10 മുതൽ 13 വരെ പെൻസിൽവേനിയ ലങ്കാസ്റ്ററിലെ വിൻധം  റിസോർട്ടിലാണ് സമ്മേളനം നടക്കുന്നത്. സൺഡേ സ്കൂൾ ഡയറക്ടർ ജനറലും പുതുപ്പള്ളി സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളി വികാരിയുമായ ഫാ. ഡോ. വർഗീസ് വർഗീസ് (മീനടം) മുഖ്യപ്രഭാഷണം നടത്തും. ഗ്രീക്ക് ഓർത്തഡോക്സ് സഭയുടെ ഫാ. സെറാഫിം മജ്മുദാറും, സൗത്ത് വെസ്റ്റ് ഭദ്രാസന വൈദികൻ ഫാ. ജോയൽ മാത്യുവും യുവജന സെഷനുകൾക്ക് നേതൃത്വം നൽകും. 'ദൈവിക ആരോഹണത്തിന്റെ ഗോവണി' എന്ന വിഷയത്തെപ്പറ്റി ''ഭൂമിയിലുള്ള കാര്യങ്ങളിലല്ല, മുകളിലുള്ള കാര്യങ്ങളിൽ നിങ്ങളുടെ മനസ്സ് സ്ഥാപിക്കുക'' (കൊലൊ സ്യർ 3:2) എന്ന വചനത്തെ ആസ്പദമാക്കിയാണ്  കോൺഫറൻസിന്റെ ചിന്താവിഷയം. ബൈബിൾ, വിശ്വാസം, സമകാലിക വിഷയങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി കുട്ടികൾക്കും യുവജനങ്ങൾക്കും മുതിർന്നവർക്കും പ്രത്യേകം സംവേദനാത്മക സെഷനുകൾ ഉണ്ടായിരിക്കും.

കൂടുതൽ വിവരങ്ങൾക്ക്, ഫാ. അബു പീറ്റർ, കോൺഫറൻസ് കോർഡിനേറ്റർ (ഫോൺ: 914.806.4595) / ചെറിയാൻ പെരുമാൾ, കോൺഫറൻസ് സെക്രട്ടറി (ഫോൺ. 516.439.9087) എന്നിവരുമായി ബന്ധപ്പെടുക.













# Get local help with your Medicare questions.

I'm Philipose Samuel, a licensed sales agent in Queens, NY. When it comes to Medicare, it's important to consider all of your options. What works well for your neighbor may not be the best fit for you. I know the ins and outs of Medicare, and I'm ready to answer your questions and help you find a plan that fits your needs. **Take advantage of my knowledge and experience to:**

- **Take the confusion out of Medicare**
- **Get help comparing plans**
- **Receive one-on-one service**
- **Make enrolling in a plan easier**

I look forward to helping you explore your Medicare options so you can enroll in a plan with confidence.

## It's time to take advantage.



**Philipose Samuel**
Licensed Sales Agent
**516-312-2902**, TTY **711**
psamuel@financialguide.com
UHCMedicareSolutions.com

United Healthcare

Plans are insured through UnitedHealthcare Insurance Company or one of its affiliated companies, a Medicare Advantage organization with a Medicare contract. Enrollment in the plan depends on the plan's contract renewal with Medicare. ©2020 United HealthCare Services, Inc. All rights reserved.
Y0066_21SPRJ55189_C SPRJ55189



# ലോകം കൈവിട്ട ദുരന്ത ഭൂമി

**പി പി മാത്യു**

ഗാസയിൽ നിരാലംബരും നിരായുധരുമായ മനുഷ്യർ അനുഭവിക്കുന്ന ദുരിതങ്ങൾ ലോകത്തിന്റെ വിധി നിർണയിക്കുന്ന പാശ്ചാത്യ ചേരിയോ അവരെ ആക്ഷേപിക്കുക മാത്രം ശീലമാക്കിയ എതിർ ചേരിയോ വേണ്ടത്ര ഗൗരവത്തോടെ കാണുന്നില്ല എന്ന സത്യം മനുഷ്യ മനസാക്ഷിയെ നടുക്കുന്നതാണ്. ഭക്ഷണം, കുടിവെള്ളം, മരുന്നുകൾ എന്നിങ്ങനെ മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങൾ എല്ലാം നിഷേധിക്കപ്പെട്ട 20 ലക്ഷത്തിലേറെ ആളുകൾ ഗാസ എന്ന ദുരന്ത ഭൂമിയിൽ മരണം കാത്തു കിടക്കുന്നു. അവർക്കു ജീവിക്കാൻ കഴിയുമെന്ന പ്രത്യാശ പോലും നൽകാൻ ലോകത്തിനു കഴിയുന്നില്ല.

ഭക്ഷണമില്ല, കുടിവെള്ളമില്ല, മരുന്നില്ല, കൂരയില്ല. പക്ഷികൾക്കു നൽകുന്ന തീറ്റ, വല്ലപ്പോഴും കിട്ടുന്ന അപ്പക്കഷണങ്ങൾ, മലിന ജലം: ഇസ്രയേൽ ഇടതടവില്ലാതെ രൂക്ഷമായ ആക്രമണം അഴിച്ചു വിടുന്ന ഗാസയിലെ മനുഷ്യർ ജീവൻ നിലനിർത്തുന്നത് അങ്ങിനെയാണ്.

ചീഞ്ഞ തക്കാളിയും കാലാവധി കഴിഞ്ഞ ചീസും മറ്റുമാണ് മറ്റു ഭക്ഷണങ്ങൾ. ബീൻസ് കിട്ടുന്നത് കഴുകി എടുക്കാൻ മലിന ജലം മാത്രമേയുള്ളു. പാചകം ചെയ്യാൻ ഗ്യാസ് ഇല്ലാത്തതിനാൽ പച്ചയ്ക്കു തിന്നേണ്ടി വരുന്നു. 'ജീവൻ നിലനിർത്താനുള്ള ഞങ്ങളുടെ ശ്രമത്തിന്റെ ഭാഗമായി ഇതൊക്കെ കഴിക്കുന്നു' എന്നാണ് അവർ പറയുന്നത്.

പോഷകാഹാരം എന്ന സങ്കൽപം തന്നെ അവർ മറന്നു. ഒരു മുട്ടയ്ക്ക് $1.50, ഓറഞ്ച്, കുക്കുംബർ എന്നിവ ഒന്നിന് $1, ഒരു കിലോ തക്കാളിക്ക് $2.50, ഒരു കിലോ സവോളയ്ക്കു $10 എന്നിങ്ങനെയാണ് ലഭ്യമായ സാധനങ്ങളുടെ വില.

**അഭയാർഥി കേന്ദ്രങ്ങളിൽ ശുചിമുറികൾ പോലും ഇല്ലാതെയാണ് സ്ത്രീകളും കുട്ടികളും വരെ കഴിയുന്നത്. കൂടാരങ്ങളിൽ കഴിയുന്നവർ മഴയത്തു മുങ്ങുകയാണ്.**

**വടക്കോട്ടു പോകാൻ പറയുമ്പോൾ കൂട്ടമായി വടക്കോട്ടും തെക്കോട്ടു പോകാൻ പറയുമ്പോൾ കൂട്ടമായി തെക്കോട്ടും നടന്നും കഴുതപ്പുറമേറിയും സഞ്ചരിക്കുന്ന പലസ്തീനിയൻ ജനതയിൽ പകുതിയോളം കുട്ടികളും സ്ത്രീകളുമാണ്.**

ഒരു ഡോക്ടർ പറഞ്ഞത്: 'എല്ലാ ദിവസവും കുഞ്ഞുങ്ങൾക്കു ഭക്ഷണത്തിനു വേണ്ടി അമ്മമാർ കരയുന്നത് ഞാൻ കാണുന്നു. അവർ ചോദിക്കുന്നത് വെള്ളവും ഭക്ഷണവുമാണ്. രണ്ടും നൽകാൻ കഴിയുന്നില്ല. കിട്ടിയാൽ തന്നെ മനുഷ്യന് കഴിക്കാവുന്ന നിലയിലുള്ളതല്ല.'

അഭയാർഥി കേന്ദ്രങ്ങളിൽ ശുചിമുറികൾ പോലും ഇല്ലാതെയാണ് സ്ത്രീകളും കുട്ടികളും വരെ കഴിയുന്നത്. കൂടാരങ്ങളിൽ കഴിയുന്നവർ മഴയത്തു മുങ്ങുകയാണ്.

വടക്കോട്ടു പോകാൻ പറയുമ്പോൾ കൂട്ടമായി വടക്കോട്ടും തെക്കോട്ടു പോകാൻ പറയുമ്പോൾ കൂട്ടമായി തെക്കോട്ടും നടന്നും കഴുതപ്പുറമേറിയും സഞ്ചരിക്കുന്ന പലസ്തീനിയൻ ജനതയിൽ പകുതിയോളം കുട്ടികളും സ്ത്രീകളുമാണ്.

ഒക്ടോബർ 7നു ഹമാസ് ഭീകരർ ഇസ്രയേലിൽ കടന്നു നടത്തിയ

CENTURY 21
ROYAL

SCARSDALE, NEW YORK

We have been providing outstanding service in RESIDENTIAL and COMMERCIAL Real-Estate for the past 29+ years in NY & CT.

**Call us for all your Real-Estate needs!**





**GEORGE JOHN**
PRINCIPAL BROKER
Cell: (914) 804-8693
George@century21royal.com

**STANLEY MATHEW**
SALES ASSOCIATE
Cell: (845) 300-8458
Stanley@century21royal.com

**We still believe in personal service to all our customers who rely on our dedication, trust and integrity**



www.royalfinehomes.com
www.century21royal.com

Follow us on:

YOUTUBE: https://www.youtube.com/@georgejohn4512/videos
FACEBOOK: https://www.facebook.com/C21ROYALNY
TWITTER: https://twitter.com/GeorgeJ44939954
INSTAGRAM: https://www.instagram.com/c21.royal/
LINKDEN:https://www.linkedin.com/in/realtorgeorgejohn/



Office Address: 697 Central Park Avenue, Scarsdale, NY 10583 | (914) 722-0700



കൂട്ടക്കൊലയ്ക്കും ലൈംഗിക അതിക്രമങ്ങൾക്കും മറുപടിയായി ഇസ്രയേൽ ഗാസയിൽ തുടങ്ങി വച്ച ആക്രമണത്തിൽ മരിച്ചവരുടെ എണ്ണം 27,000 കവിഞ്ഞു. ഹമാസിനെ കണ്ടെത്തി നശിപ്പിക്കാൻ എന്ന പ്രഖ്യാപനത്തോടെ ആരംഭിച്ച ആക്രമണങ്ങളിൽ ഇരയായത് പക്ഷെ സിവിലിയൻ ജനതയാണ്. 2006ൽ ഹമാസിനു അധികാരം നൽകി എന്നതാണ് ഇസ്രയേൽ അവരിൽ ആരോപിക്കുന്ന കുറ്റം. പക്ഷെ അന്നു മുതൽ ഗാസയ്ക്കു ചുറ്റും ഇസ്രയേൽ ഉപരോധം ഏർപ്പെടുത്തിയിരുന്നു എന്നതും വസ്തുതയാണ്.

ആക്രമണങ്ങൾ ആരംഭിച്ചപ്പോൾ, ഹമാസ് വടക്കും മധ്യഗാസയിലും ഉണ്ടെന്നു അവകാശപ്പെട്ടു കൊണ്ട് ജനങ്ങളോടു തെക്കോട്ടു പോകാൻ ഇസ്രയേൽ ആവശ്യപ്പെട്ടു. അവിടെ സുരക്ഷിതമാണെന്നു ഉറപ്പും നൽകി. പക്ഷെ ഇപ്പോൾ ഏറ്റവും രൂക്ഷമായ ആക്രമണവും ഏറ്റവും ഭീകരമായ നശീകരണവും നടക്കുന്നത് തെക്കൻ ഗാസയിലാണ്.

അഭയാർഥി കേന്ദ്രങ്ങളായ ആശുപത്രികൾ പോലും ആക്രമിക്കപ്പെട്ടു. തെരുവിലാണ് കൊടും തണുപ്പിൽ മനുഷ്യർ ജീവിക്കുന്നത്. മനുഷ്യ സ്നേഹത്തിന്റെ പേരിൽ നിരവധി രാജ്യങ്ങൾ അയച്ച ഭക്ഷണവും മരുന്നുകളും മറ്റും ഈജിപ്തിൽ നിന്നു ഗാസയിലേക്കു കടക്കാൻ അനുവദിക്കാത്തതു മൂലമാണ് മാനുഷിക സാഹചര്യങ്ങൾ മഹാ ദുരിതം നിറഞ്ഞതായി മാറിയത്.

ഗാസ മുനമ്പിനു 40 കിലോമീറ്റർ നീളമേയുള്ളൂ. ഇനിയെങ്ങോട്ടു പോകുമെന്ന് അവർക്കറിയില്ല. പുറത്തു കടക്കാനുള്ള ഏക വഴി റഫ ആണ്. അവിടെ ഈജിപ്ത് തുറക്കില്ലെന്നു മാത്രമല്ല ഇപ്പുറത്തു ഇസ്രയേലി സേന പിടിമുറുക്കി നിൽക്കയുമാണ്. അഭയാർഥികളിൽ അധികം പേരും പക്ഷെ റഫയിലെ ക്യാമ്പുകളിലാണ്.

ജീവനു നേരെയുള്ള ഭീഷണി ചെറുതല്ല താനും. വെള്ളം എടുക്കാൻ കൂടാരത്തിൽ നിന്നു പുറത്തു വന്ന 14കാരിയെ ഇസ്രയേലി സേന വെടിവച്ചു കൊന്നത് കഴിഞ്ഞ ദിവസമാണ്. കാണുന്നവരെല്ലാം ഹമാസ് ആണെന്ന സംശയം ഒരു ന്യായമാണോ എന്ന ചോദ്യവും പ്രസക്തമാണ്. അവിടെയാണ് മനുഷ്യത്വത്തിന്റെ പേരിലുള്ള ചോദ്യങ്ങൾ പ്രസക്തമാവുന്നത്. ഒരു ഭീകര സംഘടനയെ വേട്ടയാടാൻ പതിനായിരക്കണക്കിനു സിവിലിയന്മാരെ കൊന്നൊടുക്കണോ. ജീവിച്ചിരിക്കാൻ വിധിക്കപ്പെട്ടവരെ കൊടും പട്ടിണിക്കു ഇരയാക്കി കൂട്ടക്കൊല ചെയ്യണോ.

**അഭയാർഥി കേന്ദ്രങ്ങളിൽ ശുചിമുറികൾ പോലും ഇല്ലാതെയാണ് സ്ത്രീകളും കുട്ടികളും വരെ കഴിയുന്നത്. കൂടാരങ്ങളിൽ കഴിയുന്നവർ മഴയത്തു മുങ്ങുകയാണ്.**


**വടക്കോട്ടു പോകാൻ പറയുമ്പോൾ കൂട്ടമായി വടക്കോട്ടും തെക്കോട്ടു പോകാൻ പറയുമ്പോൾ കൂട്ടമായി തെക്കോട്ടും നടന്നും കഴുതപ്പുറമേറിയും സഞ്ചരിക്കുന്ന പലസ്തീനിയൻ ജനതയിൽ പകുതിയോളം കുട്ടികളും സ്ത്രീകളുമാണ്.**

ഹമാസിന്റെ കോട്ടകൾ പലതും തകർത്തുവെന്ന് അവകാശപ്പെടുന്ന ഇസ്രായേലിനു പക്ഷെ എന്തേ സിവിലിയൻ ജനതയെ ഒഴിവാക്കാൻ കഴിയാത്തത്. ഗാസയിലെ അചിന്ത്യമായ മാനുഷിക ദുരിതങ്ങൾ കാണുമ്പോൾ ചോദിച്ചു പോകുന്നത് അതാണ്. ഇടിഞ്ഞു തകർന്ന കെട്ടിടങ്ങൾക്കിടയിൽ ജീവനോടെയോ മരിച്ചോ കിടക്കുന്ന പതിനായിരങ്ങളെ എന്തേ തിരയാത്തത്?

പലസ്തീൻ ജനതയ്ക്കു സ്വന്തം മണ്ണു നഷ്ടമായപ്പോൾ അവരെ സഹായിക്കാൻ യുഎൻ സ്ഥാപിച്ച യുഎൻ ആർ ഡബ്ല്യു എ എന്ന ഏജൻസിയുടെ ചില ജീവനക്കാർ ഹമാസ് നടത്തിയ കൂട്ടക്കൊലയിൽ പങ്കെടുത്തു എന്ന ഇസ്രയേലി ആരോപണത്തെ തുടർന്നു പാശ്ചാത്യ രാജ്യങ്ങൾ ഏജൻസിക്കുള്ള ധനസഹായം നിർത്തി വച്ചതോടെ ഗാസയിൽ ദുരിതം എത്രയോ ഇരട്ടിയായി. ഏതാനും മാസങ്ങൾക്കു മാത്രമുള്ള പണം കൂടി തീർന്നു കഴിയുമ്പോൾ പലസ്തീൻ ജനതയ്ക്കു എന്തെങ്കിലും മാനുഷിക സഹായം എത്തിക്കാൻ ഏജൻസിക്കു കഴിയാതെ വരും. അതേ സമയം, പലസ്തീൻ ഇസ്രയേൽ നൽകിയ തെളിവുകളെ തള്ളിക്കളയുന്നുമുണ്ട്. ഗാസയിൽ വംശീയ ഉന്മൂലനത്തിനു വേണ്ടി ഇസ്രയേൽ നടത്തുന്ന നീക്കങ്ങളുടെ ഭാഗമാണ് യുഎൻ ഏജൻസിയെ മരവിപ്പിക്കുന്നത് എന്നാണ് അവർ വാദിക്കുന്നത്.



അമേരിക്കയോ സഖ്യരാജ്യങ്ങളോ ആ വാദം അംഗീകരിക്കുന്നില്ല. ഏജൻസി വീണ്ടും സജീവമാകാനുള്ള സാദ്ധ്യതകൾ നന്നേ കുറവാണെന്ന സൂചനകളാണ് ഇപ്പോഴുള്ളത്. അമേരിക്കയുടെ മധ്യസ്ഥ ശ്രമങ്ങൾ ആവട്ടെ ഹമാസിന്റെ പിടിയിൽ ഉള്ളവരെ മോചിപ്പിക്കുന്നതിലാണ് കേന്ദ്രീകരിച്ചിട്ടുള്ളത്. ഗാസയിൽ സഹായം എത്തിക്കുന്നതിൽ മുൻകൈയ്യെടുക്കാൻ യുഎസ് ഭരണകൂടം ശ്രമിച്ചിട്ടില്ല എന്നതൊരു ദുഃഖസത്യം മാത്രമാണ്.


JAIBU MATHEW
ACCOUNTING
& INCOME TAX SERVICES
We listen and prepare tax with your needs in mind!
JAIBU MATHEW KULANGARA & ASSOCIATES
With Over 35 Years Experience!
TAX 2023
For Personal & Business TAX SERVICE In Chicago
Tel: 1-773-792-2117
www.jaibu.com | tax@jaibu.com

# കൂട്ടായ്മയുടെയും മികവിന്റെയും കരുത്തിൽ നായർ സൊസൈറ്റി ഫാമിലി നൈറ്റ് വൻ വിജയം




കൂട്ടായ്മയുടെ കരുത്തിൽ നായർ സൊസൈറ്റി ഓഫ് ഗ്രേറ്റർ വാഷിംഗ്ടൺ (NSGW) 2024 ഫാമിലി നൈറ്റ് വൻ വിജയമായി. നായർ സൊസൈറ്റി ഓഫ് ഗ്രേറ്റർ വാഷിംഗ്ടണിന്റെ (NSGW) 2024ലെ ആദ്യ ഫാമിലി നൈറ്റ് ആണ് ഫെബ്രുവരി 3 ശനിയാഴ്ച മേരിലാൻഡിലെ റോക്ക്‌വില്ലിലുള്ള ടിൽഡൻ മിഡിൽ സ്കൂളിൽ ഗംഭീരമായി ആഘോഷിച്ചത്. ജനുവരി 20 നായിരുന്നു നേരത്തെ പ്രോഗ്രാം തീരുമാനിച്ചതെങ്കിലും മഞ്ഞുവീഴ്ച കാരണം അത് റീഷെഡ്യൂൾ ചെയ്യുകയായിരുന്നു. ഫെബ്രുവരി 3 ലെ സുഖപ്രദമായ കാലാവസ്ഥ കുടുംബങ്ങൾ ഒന്നിച്ച പ്രോഗ്രാം ഒന്നുകൂടെ മനോഹരമാക്കി.

NSGW-യുടെ 20-ാം വർഷികമായതിനാൽ ഫാമിലി നൈറ്റിന്റെ പ്രധാനപ്രമേയം NSGW യുടെ ഇതുവരെയുള്ള പ്രവർത്തനങ്ങളെ കുറിച്ചുള്ളതായിരുന്നു. അംഗങ്ങൾക്ക് ലഘുഭക്ഷണം വിതരണം ചെയ്യുന്നതിനിടയിൽ ഇരുപത് വർഷത്തെ സംഘടനയുടെ വിജയകരമായ യാത്രയുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ വീഡിയോ അവതരിപ്പിച്ചു. ചടഏണ യുടെ യാത്ര ഓരോ വർഷവും മനോഹരമാക്കിയ ഭാരവാഹികളായ പ്രസിഡന്റുമാരുൾപ്പെടെയുള്ളവരെയും വീഡിയോയിൽ ചിത്രീകരിച്ചിരുന്നു. 2012 മുതൽ കഴിഞ്ഞ 12 വർഷമായി തയ്യാറാക്കിയ ചടഏണ മാഗസിനും ചടങ്ങിൽ പ്രദർശിപ്പിച്ചു. ചടഏണ മലയാളം ഭജനാവലിയുടെ രണ്ട് പതിപ്പുകളും ഒരു ഇംഗ്ലീഷ് പതിപ്പും പ്രദർശിപ്പിച്ചു. ഭജനാവലിയുടെ ഇംഗ്ലീഷ് പതിപ്പിന്റെ കോപ്പികൾ അംഗങ്ങൾക്ക് സൗജന്യമായി വിതരണം ചെയ്തു.

NSGW 2024 എക്സിക്യൂട്ടീവ് കമ്മിറ്റിയും എന്റർടൈൻമെന്റ് ടീമും ദീപം തെളിച്ചതോടെയാണ് ഫാമിലി നൈറ്റിന് തുടക്കമായത്. അശ്വന്ത് ശ്രീയുടെയും അശ്വിക ശ്രീയുടെയും പ്രാർത്ഥനാ ഗാനവും അക്ഷര ഗിരീഷിന്റെ ശിവസ്തുതി നൃത്തവും പരിപാടിക്ക് പ്രൗഢിയേകി. പരിപാടിയുടെ എംസിമാരായ രശ്മി രാജേഷ്, ഗൗരി രാജ്, നിഷ ചന്ദ്രൻ, സീമ പ്രമോദ് എന്നിവരാണ് സ്റ്റേജ് മാനേജർമാരായി പ്രവർത്തിച്ചത്. പ്രസിഡന്റ് ഷേർളി നമ്പ്യാർ എല്ലാ അതിഥികളെയും സ്വാഗതം ചെയ്തു.





2024 ലെ എൻ.എസ്.ജി. ഡബ്ല്യു കമ്മിറ്റിയെ പ്രസിഡന്റ് പരിചയപ്പെടുത്തി. യുവജന സമിതി പ്രസിഡന്റ് അർച്ചന നായർ ചടഏണ യൂത്ത് കമ്മിറ്റിയെയും പരിചയപ്പെടുത്തി. ഈ വർഷം മുതൽ എലിമെന്ററി സ്കൂൾ കുട്ടികളെയും NSGW യൂത്ത് കമ്മിറ്റിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

കമ്മിറ്റി അംഗങ്ങളുടെ വീഡിയോ പ്രദർശനമായിരുന്നു അടുത്ത പരിപാടി. 2024-ൽ സംഘടനയുടെ നേതൃത്വത്തിൽ ആസൂത്രണം


ഇ-മലയാളി വാരികയ്ക്ക്
ആശംസകൾ
ഡോ. കല അശോക്
ഫൊക്കാനക്ക് പുതിയ മേൽവിലാസം
നൽകിയ ജനറൽ സെക്രട്ടറി.
പ്രശസ്ത നർത്തകിയും കലാ-
സംസ്കാരിക പ്രവർത്തകയും.
ഫൊക്കാനയുടെ നാല് പതിറ്റാണ്ടിലെ
ആദ്യ വനിതാ ജനറൽ സെക്രട്ടറി.
2024-26 ലെ പ്രസിഡന്റ് സ്ഥാനാർഥി
Faith Studio
516 418 8406









ചെയ്ത എല്ലാ പ്രവർത്തനങ്ങളും പ്രസിഡന്റ് സംക്ഷിപ്തമായി വിവരിച്ചു. മോണ്ട്ഗോമറി കൗണ്ടി ഫോർ സ്റ്റുഡന്റ് സർവീസ് ലേണിംഗ് (SSL) അവേഴ്സിൽ ചടഏണ യുമായി സംയോജിപ്പിക്കുന്നതിനെ കുറിച്ചുള്ള നടപടിക്രമങ്ങളും പ്രസിഡന്റ് എടുത്തു പറഞ്ഞു. മുതിർന്നവരും കുട്ടികളും ഉൾപ്പെടെ NSGW അംഗങ്ങൾക്കായി ആരംഭിച്ച ഓൺലൈൻ ഭജന ക്ലാസുകളെക്കുറിച്ചും വിശദമായി സംസാരിച്ചു.

രഞ്ജന രാമചന്ദ്രൻ, പ്രിയ നായർ, ദീപു കുമാർ, സുധ കുഞ്ഞികൃഷ്ണൻ എന്നിവരാണ് രജിസ്ട്രേഷൻ ഡെസ്ക് നിയന്ത്രിച്ചത്. യൂത്ത് കമ്മിറ്റി അംഗങ്ങളുടെ നേതൃത്വത്തൽ ബേക്ക്, പോപ് കോൺ, പാനീയ വിൽപ്പന എന്നിവ നടത്തി. ബേക്ക് സെയിലിൽ നിന്നുള്ള ഫണ്ട് NSGW ചാരിറ്റി പ്രോഗ്രാമുകൾക്കായി ഉപയോഗിക്കും. തനിഷ്ക നമ്പ്യാർ, ദേവ്കി കൊക്കോടൻ, ഋഷിക നമ്പ്യാർ, അശ്വതി പ്രവീൺ എന്നിവർ അവതരിപ്പിച്ച ഗാനങ്ങൾ, അഖിൽ സേതുവിന്റെ ഹിന്ദി കവിത, അക്ഷര ഗിരീഷിന്റെ മലയാളം കവിത എന്നിവയും സായാഹ്നത്തെ മനോഹരമാക്കി.

ഹരി മുരളിയായിരുന്നു പരിപാടികളുടെ ചിത്രീകരണത്തിന്റെ ഛായാഗ്രാഹകൻ. സതീശൻ നായരാണ് വീഡിയോ എഡിറ്റിംഗ് നിർവഹിച്ചത്. കെ.സി.എസ് പ്രസിഡന്റ് സുരേഷ് നായരും കെ.എ.ജി.ഡബ്ല്യു പ്രസിഡന്റ് സുഷമ പ്രവീണും 2024-ലെ തങ്ങളുടെ പദ്ധതികൾ വിവരിച്ചു . തിരഞ്ഞെടുക്കപ്പെട്ട പ്രസിഡന്റിനെ ഉൾപ്പെടുത്തി ബൈലോ അപ്ഡേറ്റ് ചെയ്യാൻ എൻ.എസ്.ജി.ഡബ്ല്യു പദ്ധതി കൊണ്ടുവരുന്നതുമായി ബന്ധപ്പെട്ട വിശദീകരണം തിരഞ്ഞെടുപ്പ് കമ്മിറ്റി ചെയർ രതീഷ് നായർ നൽകി. കെ.എ.ജി.ഡബ്ല്യുവിന്റേയും കെ.എച്ച്.എൻ.എയുടെയും മുൻ പ്രസിഡണ്ട് എം.ജി.മേനോൻ സംഘടനയുടെ നിലവിലുള്ള പുരോഗതിയെക്കുറിച്ചും ഭാവിയെക്കുറിച്ചും സംസാരിച്ചു.

മുൻ എൻ.എസ്.ജി.ഡബ്ല്യു, കെ.എ.ജി.ഡബ്ല്യു പ്രസിഡന്റ് ഷാജു ശിവബാലനും ഭാര്യ സ്വപ്ന ഷാജുവും അവതരിപ്പിച്ച സന്തുഷ്ട കുടുംബം എന്ന പരിപാടിയായിരുന്നു ചടങ്ങിന്റെ ഹൈലൈറ്റ്. രമേശൻ പിള്ള, പത്മ, സാജുകുമാർ, ദിലീന, രതീഷ് നായർ, സിന്ധു നായർ, വേണുഗോപാൽ കൊക്കോടൻ, ജിഷ രവീന്ദ്രൻ, ശ്രീജിത്ത് നമ്പ്യാർ, പ്രതിഭ ശ്രീജിത്ത് എന്നിവരടങ്ങിയ കുടുംബങ്ങൾ ഈ പരിപാടിയിൽ പങ്കെടുത്തു.

വിജയ് പർമേസൻ സംവിധാനം ചെയ്ത ഭസ്മാസുര എന്ന സ്കിറ്റ് ആയിരുന്നു സായാഹ്ന പ്രോഗ്രാമുകളിലെ പ്രധാന ഹൈലൈറ്റ്. ശിവനായി ഡോ. മധു നമ്പ്യാർ, പാർവതിയായി രശ്മി നമ്പ്യാർ, ഭസ്മാസുരനായി സതീർത്ഥൻ നായർ, മോഹിനിയായി ഗീതു നിർമ്മൽ, മഹാവിഷ്ണുവായി സ്വപ്നേഷ്, ബ്രഹ്മാവായി സാഗർ പിള്ള, അയ്യപ്പനായി തനിഷ്ക, കിങ്കരന്മാരായി സ്മേര, സവേര എന്നിവർ മികവുറ്റ പ്രകടനത്തോടെ സ്കിറ്റ് മനോഹരമാക്കി. അയ്യപ്പഭക്തരായി അദ്വൈത് വാമൻ, രുദ്രതേജ് നമ്പ്യാർ, അശ്വന്ത് ശ്രീ എന്നിവരുമെത്തി. സാങ്കേതിക സഹായം അഭിലാഷ് നമ്പ്യാരും ഹരീഷ് ശ്രീധരനുമായിരുന്നു. കയ്യടിയോടെയാണ് പരിപാടികൾ പ്രേക്ഷകർ സ്വീകരിച്ചത്. ചടങ്ങിൽ എഡിറ്റോറിയൽ ടീം NSGW 2024വർഷത്തിലെ അവരുടെ പദ്ധതികൾ പ്രഖ്യാപിച്ചു. അംഗങ്ങൾ സമർപ്പിച്ച നിരവധി ഡബ്സ്മാഷ്/ടിക് ടോക്ക് വീഡിയോകൾ








പുതിയ കാഴ്ചപ്പാട്,
തെളിയിക്കപ്പെട്ട
മികച്ച നേതൃപാടവം
ഫോമയെ പുതിയ
തലത്തിലേക്കുയർത്തുവാൻ
വ്യക്തമായ കർമ്മപരിപാടികൾ
തോമസ് ടി ഉമ്മൻ
ഫോമാ പ്രസിഡന്റ്
സ്ഥാനത്തേക്ക് (2024 – 26)
സാദരം നിങ്ങളുടെ
പിന്തുണ അഭ്യർത്ഥിക്കുന്നു




സ്ക്രീൻ ചെയ്തു. ഒരു വിനോദമെന്ന നിലയിൽ നടത്തിയ ബിങ്കോ ഗെയിം സഹർഷം അംഗങ്ങൾ ആസ്വദിച്ചു. ആദ്യമായി പ്രോഗ്രാമിൽ പങ്കെടുക്കുന്ന പുതിയ കുടുംബങ്ങളെയും ഫാമലിലിനൈറ്റിൽ പരിചയപ്പെടുത്തി.

വിൽ ആൻഡ് ട്രസ്റ്റിൽ നിന്നുള്ള സിന്ധു ന്തു പിള്ള, ആൾസ്റ്റേറ്റ് ഇൻഷുറൻസിൽ നിന്നുള്ള ടിനു ജേക്കബ്, രുചികരമായ ഇന്ത്യൻ മധുരപലഹാരങ്ങൾ വിൽക്കുന്ന രുചി ഫുഡ്സ് എന്നിവരുമാണ് വൈകുന്നേരത്തെ പ്രോഗാമുകളുടെ സ്പോൺസർമാർ.

ക്യാപിറ്റൽ ഏരിയയിലെ ജോൺ എൻ നായർ കാറ്ററിംഗ് സർവീസ് ആണ് സ്വാദിഷ്ടമായ സ്നാക്സും വിഭവസമൃദ്ധമായ അത്താഴവും ഒരുക്കിയത്. എൻ.എസ്.ജി.ഡബ്ല്യു സെക്രട്ടറി ജിനു ഉണ്ണികൃഷ്ണൻ നന്ദി പറഞ്ഞു.

സാഗർ പിള്ള, വിനോദ് മേനോൻ, ബിനി, സഗീഷ് കുന്നിൽ, മകൾ, ഗിരീഷ്, നിഷ, ഗൗരി, രജനീഷ്, ഷാജു ശിവബാലൻ, സ്വപ്ന, കുട്ടികൾ, ഗീതു, സ്വപ്നേഷ്, സ്വപ്ന, റിജീഷ് മലയത്ത്, അഭിലാഷ് മേനോൻ, വാമൻ, ശ്രീദേവി, ശേഖർ, സുരേഷ് മേനോൻ എന്നീ സന്നദ്ധപ്രവർത്തകരാണ് പരിപാടി വിജയകരമാക്കാൻ അഹോരാത്രം പ്രവർത്തിച്ചത് . യൂത്ത് കമ്മിറ്റിയുടെ സാർത്ഥകമായ ഇടപെടലും ഫാമിലി നൈറ്റ് പ്രോഗ്രാമുകൾ ഗംഭീരമാക്കുന്നതിന് പിന്തുണ നൽകി.









മികവിന്റെ പാതയിൽ മുന്നേറുന്ന
ഫൊക്കാനക്ക് പുതിയ ദിശാബോധം
പകർന്നു നൽകാൻ കുരുത്തുറ്റ നേതാവ്
സജിമോൻ ആന്റണി
ഫൊക്കാനയുടെ 2024 -26 കാലത്തെ
പ്രസിഡന്റായി വിജയിപ്പിക്കുക
Elect
പ്രവർത്തി പരിചയം, വ്യക്തമായ
കാഴ്ചപ്പാടുകൾ, ധീരമായ നിലപാടുകൾ

# ഓസ്ട്രേലിയയിലെ ആദ്യ ഇന്ത്യൻ ജ്വല്ലറി ബ്രാൻഡായി ചരിത്രം കുറിച്ചു മലബാർ ഗോൾഡ് & ഡയമണ്ട്സ്;

MALABAR GOLD & DIAMONDS

## സിഡ്നിയിൽ ആദ്യ ഷോറൂം ആരംഭിച്ചു

**അദ്യത്തെ ഔട്ട്ലെറ്റ് സിഡ്നിയിൽ സ്ഥിതി ചെയ്യുന്ന ഹാരിസ് പാർക്കിലെ ലിറ്റിൽ ഇന്ത്യയിൽ തുറന്നു**

**പ്രശസ്ത ഓസ്ട്രേലിയൻ ക്രിക്കറ്റ് താരം ബ്രെറ്റ്ലീ പുതിയ ഷോറൂമിന്റെ ഉദ്ഘാടനം നിർവഹിച്ചു.**

**പ്രവർത്തനമാരംഭിച്ചത് സിഡ്നിയിലെ ഏറ്റവും വലിയ ജ്വല്ലറി ഷോറൂം**

18 k, 22k **ഗോൾഡ്, ഡയമണ്ട്, അമൂല്യ രത്നങ്ങൾ എന്നിവയിൽ തയ്യാറാക്കിയ വിപുലമായ ആഭരണ ശേഖരത്തോടൊപ്പം ഇഷ്ടാനുസരണം ജ്വല്ലറി കസ്റ്റമൈസ് ചെയ്യാനുള്ള സൗകര്യവും!**




ഓസ്ട്രേലിയയിലെ അദ്യ ഇന്ത്യൻ ഇന്റർനാഷണൽ ജ്വല്ലറി ബ്രാൻഡായി ചരിത്രത്തിൽ ഇടം കുറിച്ചു ലോകത്തിലെ ഏറ്റവും വലിയ ആറാമത്തെ ജ്വല്ലറി ശൃംഖലയായ മലബാർ ഗോൾഡ് & ഡയമണ്ട്സ്,അവരുടെ ആദ്യ ഷോറൂം സിഡ്നിയിൽ പ്രവർത്തനമാരംഭിച്ചു. പുതിയ ഷോറൂമിന്റെ ഉദ്ഘാടനത്തോട് കൂടി 13ആമത്തെ രാജ്യത്തിലേക്ക് കൂടി തങ്ങളുടെ പ്രവർത്തനം വിപുലീകരിച്ചിരിക്കുകയാണ് മലബാർ ഗോൾഡ് & ഡയമണ്ട്സ്. നിലവിൽ ഇന്ത്യ, യുഎഇ, ഖത്തർ, കുവൈറ്റ്, ഒമാൻ, സൗദി അറേബ്യ, ബഹ്റൈൻ, സിങ്കപ്പൂർ, മലേഷ്യ, യുഎസ്എ, യുകെ, കാനഡ, ഓസ്ട്രേലിയ തുടങ്ങി 13 രാജ്യങ്ങളിലായി 340ലധികം ഷോറൂമുകൾ ബ്രാന്റിനുണ്ട്

പുതിയ ഷോറൂം പ്രശസ്ത ഓസ്ട്രേലിയൻ ക്രിക്കറ്റ് താരം ബ്രെറ്റ്ലീ ഉദ്ഘാടനം ചെയ്തു. മലബാർ ഗോൾഡ് & ഡയമണ്ട്സ് ഇന്റർനാഷണൽ ഓപ്പറേഷൻസ് എംഡി ഷംലാൽ അഹമ്മദ്; മലബാർ ഗോൾഡ് & ഡയമണ്ട്സ് ഇന്ത്യ ഓപ്പറേഷൻസ് എംഡി ഒ. അഷർ; മലബാർ ഗോൾഡ് & ഡയമണ്ട്സ് റീജിയണൽ ഹെഡ്, ഫാർ ഈസ്റ്റ് ആൻഡ് ഓസ്ട്രലേഷ്യാ എം അജിത്; മലബാർ ഗോൾഡ് & ഡയമണ്ട്സ് ഹെഡ് ഓഫ് ഫിനാൻസ് & അഡ്മിനിസ്ട്രേഷൻ അമീർ സി എം സി; മലബാർ ഗോൾഡ് & ഡയമണ്ട്സ് ഹെഡ് ഓഫ് മാനുഫാക്ചറിങ് ഫൈസൽ എ കെ; മലബാർ ഗ്രൂപ്പ് ചീഫ് ഡിജിറ്റൽ ഓഫീസർ ഷാജി കക്കോടി, സിഡ്നി ഗവണ്മെന്റ് പ്രതിനിധികൾ മറ്റു സീനിയർ മലബാർ ഗോൾഡ് & ഡയമണ്ട്സ് മാനേജ്മന്റ് അംഗങ്ങൾ, തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു

ഓസ്ട്രേലിയയിൽ പ്രവർത്തനം ആരംഭിക്കുന്ന ആദ്യത്തെ ഇന്ത്യൻ ജ്വല്ലറി ബ്രാന്റ് എന്ന നിലയിൽ ഇത് ഞങ്ങൾക്ക് ഏറെ അഭിമാനകരമായ നിമിഷമാണെന്ന് മലബാർ ഗ്രൂപ്പ് ചെയർമാൻ എം പി അഹമ്മദ് പറഞ്ഞു. മെയ്ക് ഇൻ ഇന്ത്യ മാർക്കറ്റ് ടു ദി വേൾഡ് എന്ന ആശയത്തിലൂന്നി ഇന്ത്യൻ ആഭരണങ്ങളുടെ കലാമേന്മ ലോകവിപണിയിലേക്കെത്തിക്കുന്നതിന്റെ ഭാഗമായാണ് ഓസ്ട്രേലിയയിലേക്കുള്ള ഞങ്ങളുടെ ഈ പ്രവേശനം. ഇന്ത്യയും ഓസ്ട്രേലിയയും തമ്മിലുള്ള ശക്തമായ വ്യാപാര ബന്ധത്തെയും സമീപകാല ഉഭയകക്ഷി സ്വതന്ത്ര വ്യാപാര കരാറിനെയും (bi-lateral free trade agreement) സ്വാധീനിക്കുന്നതാണ് പുതിയ ഷോറൂം ലോഞ്ച്. വരും വർഷങ്ങളിൽ ഓസ്ട്രേലിയയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും പ്രാദേശിക സമ്പദ്വ്യവസ്ഥയിൽ കാര്യമായ സംഭാവനകൾ നൽകാനും ഇതുവഴി സാധിക്കുമെന്നും അദ്ദേഹം പറഞ്ഞു. ലോകത്തിലെ നമ്പർ വൺ ജ്വല്ലറി ബ്രാന്റാവുക എന്ന ഞങ്ങളുടെ ലക്ഷ്യത്തിലേക്കു ഒരു ചുവടു കൂടി വെക്കുമ്പോൾ കൂടെ നിന്ന മാനേജ്മന്റ്, ടീം അംഗങ്ങളോടും നിക്ഷേപകരോടും ഉപഭോക്താക്കളോടും നന്ദി അറിയിക്കുന്നതായും അദ്ദേഹം കൂട്ടിച്ചേർത്തു.

സിഡ്നിയിലെ ലിറ്റിൽ ഇന്ത്യയിലുള്ള ഹാരിസ് പാർക്കിൽ സ്ഥിതി ചെയുന്ന മലബാർ ഗോൾഡ് & ഡയമണ്ട്സിന്റെ പുതിയ ഷോറൂം സിഡ്നിയിലെ ഏറ്റവും വലിയ ജ്വല്ലറി ഷോറൂം ആണ്. 18k, 22k, സ്വർണത്തിലും ഡയമണ്ടിലും രൂപകൽപന ചെയ്ത ആഭരണങ്ങളുടെ കമനീയമായ ശേഖരമാണ് പുതിയ ഷോറൂമിൽ ഒരുക്കിയിട്ടുള്ളത്. 30,000ത്തിലധികം വരുന്ന ബ്രൈഡൽ വെയർ, പാർട്ടി വെയർ, ഒക്കേഷണൽ വെയർ ഡിസൈനുകൾക്ക് പുറമെ ലൈറ്റ് വെയ്റ്റ് ആഭരണങ്ങളുടെയും വൈവിധ്യമാർന്ന കളക്ഷൻ ഇവിടെയുണ്ട്. ആഭരണ പ്രേമികളുടെ അഭിരുചിക്കനുയോജ്യമായി ആഭരണങ്ങൾ കസ്റ്റമൈസ് ചെയ്യാനുള്ള സൗകര്യവും ഇവിടെയുണ്ട്. അതിനായി ബ്രാന്റിലെ വിദഗ്ദരായ ഡിസൈനർമാരുടെ സേവനവും ലഭ്യമാണ്

ഞങ്ങളുടെ പ്രവർത്തനം ഓസ്ട്രേലിയയിലേക്ക് കൂടി വ്യാപിപ്പിക്കാൻ സാധിച്ചതിൽ ഞങ്ങൾക്ക് അതിയായ സന്തോഷമുണ്ട്. ഞങ്ങളുടെ ഷോറൂമുകൾ ഉള്ള 13ആമത്തെ രാജ്യമെന്ന നിലയിൽ ഓസ്ട്രേലിയയിലെ ജ്വല്ലറി വ്യാപാര മേഖലയിൽ പ്രകടമായ മാറ്റങ്ങൾ കൊണ്ടുവരാൻ ഞങ്ങൾക്ക് സാധിക്കും. ഓസ്ട്രേലിയയിലെ ഇന്ത്യക്കാർക്കും തദ്ദേശീയരായ ജനങ്ങൾക്കും സ്വർണവ്യാപാര മേഖലയുടെ പ്രാധാന്യത്തെക്കുറിച്ച് മനസ്സിലാക്കുന്നതിനായി മൂന്ന്


HEDGE
BROKERAGE INC.
Life Insurance with Long Term Care
Disability Income
Business Overhead Expense Disability Insurance
10 Pay Life Insurance
Estate Planning
Advantage Index Universal Life S&P 500
Life Income Annuity
HEDGE
BROKERAGE INC.
1-516-433-4310
hedgebrokerage@gmail.com

പതിറ്റാണ്ടിലേറെ അനുഭവസമ്പത്തുള്ള മലബാർ ഗോൾഡ് & ഡയമണ്ട്സിന്റെ പ്രവർത്തനങ്ങൾ സഹായകമാകും. ഉപഭോക്താക്കൾക്ക് ഉത്തരവാദിത്ത പൂർണവും സുതാര്യവുമായ ജ്വല്ലറി ഷോപ്പിംഗ് അനുഭവം നൽകുന്നതിലൂടെ ആഗോള തലത്തിൽ ഞങ്ങൾക്ക് ലഭിച്ചിട്ടുള്ള സ്വീകാര്യത ഓസ്ട്രേലിയയിലും ആവർത്തിക്കാൻ കഴിയുമെന്ന വിശ്വാസം ഞങ്ങൾക്കുണ്ടെന്നും മലബാർ ഗോൾഡ് & ഡയമണ്ട്സ് ഇന്റർനാഷണൽ ഓപ്പറേഷൻസ് എം ഡി ഷംലാൽ അഹമ്മദ് പറഞ്ഞു.

ധാർമികവും ഉത്തരവാദിത്തപരവുമായ ഖനനം മലബാർ ഗോൾഡ് & ഡയമണ്ട്സിന്റെ പ്രവർത്തനത്തിന്റെ അടിസ്ഥാന തത്വങ്ങളിലൊന്നാണ്. LBMA, വേൾഡ് ഗോൾഡ് കൗൺസിൽ (WGC) തുടങ്ങിയ ആഗോള സംഘടനകൾ നിർദ്ദേശിക്കുന്ന മാനദണ്ഡങ്ങൾ






കർശനമായി പാലിക്കുന്ന 100% ട്രേസ് ചെയ്യാവുന്ന സ്വർണം മാത്രമാണ് ബ്രാൻഡ് ഉപയോഗിക്കുന്നത്.

അംഗീകൃത സ്രോതസ്സുകളിൽ നിന്നും ഉത്തരവാദിത്തത്തോടെയുള്ള ഖനനം, നിയമാനുസൃതമായ ബിസിനസ് പ്രക്രിയകൾ, FSC സെർട്ടിഫൈഡ് പാക്കേജിങ്, LEED അംഗീകാരം നേടിയ ഓഫീസുകൾ തുടങ്ങി, ഉത്തരവാദിത്തവും ധാർമികവുമായ ബിസിനസ് നടത്തിപ്പിനാധാരമായ മാനദണ്ഡങ്ങൾ കർശനമായി പാലിക്കുന്നതിനോടൊപ്പം തന്നെ കള്ളപ്പണം വെളുപ്പിക്കൽ, തീവ്രവാദ പ്രവർത്തനങ്ങൾക്ക് ധനസഹായം ചെയ്യൽ തുടങ്ങിയ വിപത്തുകളെ ബ്രാന്റ് ശക്തമായി ചെറുക്കുകയും ചെയ്യുന്നു.

പുതിയൊരു രാജ്യത്തിലേക്ക് കൂടി നമ്മുടെ പ്രവർത്തനങ്ങളെ വിപുലീകരിക്കുമ്പോൾ ഒരു യഥാർത്ഥ ആഗോള ബ്രാൻഡ് എന്ന നിലയിൽ മലബാർ ഗോൾഡ് & ഡയമണ്ട്സിന്റെ നിലവാരം കൂടുതൽ ശക്തിയാർജിക്കുകയാണ് ചെയ്യുന്നത്.വിതരണ ശൃംഖലയുടെ എല്ലാ തലങ്ങളിലും ധാർമികവും ഉത്തരവാദിത്തവും ഉറപ്പാക്കുന്ന 100% സുതാര്യമായ ബിസിനസ് പ്രാക്റ്റീസിലൂടെ ആഭരണങ്ങളുടെ പവിത്രത കാത്തു സൂക്ഷിക്കുന്ന ഒരു മാതൃകാ സ്ഥാപനമായി മാറുകയെന്നതാണ് ഞങ്ങളുടെ നയമെന്ന് മലബാർ ഗ്രൂപ്പ് വൈസ് ചെയർമാൻ കെ പി അബ്ദുൾ സലാം പറഞ്ഞു

ഇന്ത്യയുടെ പ്രശസ്തമായ കരകൗശല വിദ്യയെ ആഗോള തലത്തിലേക്ക് പ്രോത്സാഹിപ്പിക്കുന്നതിനായി നിലവിൽ പ്രവർത്തനം തുടരുന്ന രാജ്യങ്ങളിൽ കൂടുതൽ ഷോറൂം ലോഞ്ചിലൂടെ റീട്ടെയിൽ സാന്നിധ്യം ശക്തിപ്പെടുത്താനും പുതിയ രാജ്യങ്ങളിലേക്ക് കൂടി അവരുടെ പ്രവർത്തനം വിപുലീകരിക്കാനുമുള്ള പദ്ധതികൾ കമ്പനി നടപ്പിലാക്കി വരുന്നു. സൗത്ത് ആഫ്രിക്ക, ഈജിപ്ത്, ബംഗ്ലാദേശ്, തുർക്കി, ന്യൂസിലാൻഡ് എന്നീ രാജ്യങ്ങളിലേക്കാണ് ബ്രാന്റിന്റെ വിപുലീകരണ പദ്ധതികൾ ആരംഭിച്ചിട്ടുള്ളത്.

1993-ൽ മലബാർ ഗ്രൂപ്പിന്റെ തുടക്കം മുതൽ ESG (പരിസ്ഥിതി, സാമൂഹികം, ഭരണം) നയങ്ങൾ ഒരു പ്രാഥമിക പ്രതിബദ്ധതയായി പിന്തുടർന്നു വരുന്നു. പ്രവർത്തിക്കുന്ന എല്ലാ ഭൂപ്രദേശങ്ങളിലും അറ്റാദായത്തിന്റെ 5% ഇത്തരം പ്രവർത്തനങ്ങൾക്കായി ഗ്രൂപ്പ് മാറ്റിവെക്കുന്നു. തങ്ങളുടെ പ്രധാന ബിസിനസിൽ ഉത്തരവാദിത്തവും സുസ്ഥിരതയും സമന്വയിപ്പിക്കുന്ന കമ്പനികളാണ് ഏറ്റവും വിജയകരമായ കമ്പനികൾ എന്ന ശക്തമായ വിശ്വാസത്തിലാണ് ഗ്രൂപ്പ് പ്രവർത്തിക്കുന്നത്. മലബാർ ഗ്രൂപ്പിന്റെ ESG ഉദ്യമങ്ങൾ കേന്ദ്രീകരിക്കുന്ന പ്രധാന മേഖലകൾ ആരോഗ്യം, പാർപ്പിടം, പട്ടിണി നിർമാർജനം, വിദ്യാഭ്യാസം, പരിസ്ഥിതി, സ്ത്രീ ശാക്തീകരണം എന്നിവയാണ്

### *Editor's note*

1993ൽ സ്ഥാപിതമായ മലബാർ ഗ്രൂപ്പിന്റെ മുൻ നിര ഇന്ത്യൻ ബിസിനസ്സ് കമ്പനിയാണ് മലബാർ ഗോൾഡ് & ഡയമണ്ട്സ്. 5.2 ബില്യൺ ഡോളറിന്റെ വാർഷിക വിറ്റുവരവുള്ള കമ്പനി നിലവിൽ ആഗോളതലത്തിൽ ആറാമത്തെ വലിയ ജ്വല്ലറി റീട്ടെയ്‌ലറായി നിലകൊള്ളുന്നു, ഇന്ന് ഇന്ത്യയിലുടനീളമുള്ള ഓഫീസുകൾ, ഡിസൈൻ സെന്ററുകൾ, മൊത്തവ്യാപാര യൂണിറ്റുകൾ, ഫാക്ടറികൾ എന്നിവയ്ക്ക് പുറമെ മിഡിൽ ഈസ്റ്റ്, ഫാർ ഈസ്റ്റ്, യുഎസ്എ, യുകെ, കാനഡ & ഓസ്ട്രേലിയ എന്ന് തുടങ്ങി 13 രാജ്യങ്ങളിലായി 340ലധികം റീട്ടെയിൽ ഔട്ട്‌ലെറ്റുകൾ മലബാർ ഗോൾഡ് & ഡയമണ്ട്സിനുണ്ട്. 4,000-ലധികം ഷെയർഹോൾഡർമാരുടെ ഉടമസ്ഥതയിലുള്ള ഗ്രൂപ്പിൽ 26-ലധികം രാജ്യങ്ങളിൽ നിന്നുള്ള 21,000-ത്തിലധികം പ്രൊഫഷണലുകൾ പ്രവർത്തിക്കുന്നു. www.malabargoldanddiamonds.com എന്ന് വെബ്സൈറ്റിലൂടെ ഉപഭോക്താക്കളുടെ സൗകര്യത്തിനനുസരിച്ച് അവരുടെ ഇഷ്ട ആഭരണം പർച്ചേസ് ചെയ്യാൻ സാധിക്കുന്നു. ആധുനിക വനിതകളുടെ അഭിരുചിക്കനുസരിച്ച ട്രെൻഡി ലൈറ്റ് വെയ്റ്റ് കളക്ഷൻ ലഭ്യമാക്കുന്നതിനായി മലബാർ ഗോൾഡ് & ഡയമണ്ട്സ് ലൈഫ്സ്റ്റൈൽ ജ്വല്ലറിയും പ്രവർത്തിച്ചു വരുന്നു.

മലബാർ ഗ്രൂപ്പ് ആരംഭിച്ചത് മുതൽ പാരിസ്ഥിതികവും സാമൂഹികവുമായ ഉത്തരവാദിത്തം പൂർണമായും നിറവേറ്റികൊണ്ടു ESG (Environmental, Social & Governance) വ്യവസ്ഥയെ അടിസ്ഥാനമാക്കിയാണ് ഓരോ പദ്ധതിയും നടപ്പിലാക്കി വരുന്നത്. ആരോഗ്യം, പാർപ്പിടം, ഹംഗർ ഫ്രീ വേൾഡ്, വിദ്യാഭ്യാസം, പരിസ്ഥിതി, സ്ത്രീ ശാക്തീകരണം തുടങ്ങിയ നിരവധി സാമൂഹ്യ പ്രതിബദ്ധതാ പ്രവർത്തനങ്ങളിലും മലബാർ ഗ്രൂപ്പ് നേതൃത്വം നൽകിവരുന്നു. ഉത്തരവാദിത്തവും സുസ്ഥിരതയും സമന്വയിപ്പിച്ചുകൊണ്ടുള്ള ബിസിനസാണ് മലബാർ ഗോൾഡ് & ഡയമണ്ട്സിന്റെ പ്രവർത്തനതത്വം. ലാഭത്തിന്റെ 5% വിവിധ ചാരിറ്റി പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചു വരുന്നു.


TOGETHER, WE CAN
FINISH THE JOB
FOR THE
AMERICAN
PEOPLE!
BIDEN
HARRIS
OFFICIAL STORE
SHOP ALL
DONATE
MADE IN AMERICA
PROUDLY
UNION PRINTED
OFFICIAL
CAMPAIGN MERCHANDISE
BEST SELLERS
CHANGES COLOR!
THE ORIGINAL!
20 24
Dark Roast Color-changing Mug
$32.00
BUY
Double-sided Big Head
$25.00
BUY
Dark Roast Mug
$22.00
BUY




# പത്തനംതിട്ട ഉറപ്പിച്ച് പി.സി നാലാമതും ആന്റോ, തോമസ് ഐസക്കും വരുന്നു

**എ.എസ് ശ്രീകുമാർ**

ഇത്തവണത്തെ ലോക്സഭാ തിരഞ്ഞെടുപ്പിൽ രാഷ്ട്രീയ കേരളത്തിന്റെ സജീവ ശ്രദ്ധയാകർഷിക്കുന്ന മണ്ഡലമാണ് പത്തനംതിട്ട. ബി.ജെ.പി കുറിതൊട്ട് വച്ചിരിക്കുന്ന മണ്ഡലത്തിൽ താൻ വിജയിക്കുമെന്ന് ആവർത്തിച്ച് പറയുകയാണ് ഒരാഴ്ചമുമ്പ് പാർട്ടിയിൽ ചേർന്ന പി.സി ജോർജ്. സ്ഥാനമാനങ്ങൾ മോഹിച്ചല്ല താനും തന്റെ ജനപക്ഷം സെക്യുലർ പാർട്ടിയും ബി.ജെ.പിയിൽ ലയിച്ചതെന്ന് പി.സി പറയുന്നുണ്ടെങ്കിലും അതിന് പിന്നിൽ കൃത്യമായ വിലപേശൽ നടന്നിട്ടുണ്ട്. ഇത് നാട്ടുകാർക്കറിയാമെന്ന് പി.സിക്കും ബോധ്യമുണ്ട്.

ബി.ജെ.പിയിൽ ചേരാൻ എല്ലാ ക്രൈസ്തവ സഭാ മേലധ്യക്ഷൻമാരോടും അനുവാദം ചോദിച്ചുവെന്നും അവരെല്ലാം തന്നെ അനുഗ്രഹിച്ചുവെന്നും അതിന്റെ ഗുണഫലം പത്തനംതിട്ടയിലെ തിരഞ്ഞെടുപ്പ് ഫലത്തിൽ പ്രതിഫലിക്കുമെന്നുമാണ് ഈ പൂഞ്ഞാർ മുൻ എം.എൽ.എയുടെ അവകാശവാദവും അതിമോഹവും. ഹിന്ദു-ക്രൈസ്തവ വിശ്വാസികൾ ഇടകലർന്നു ജീവിക്കുന്ന ഇടമാണ് പത്തനംതിട്ട മണ്ഡലം. ക്രൈസ്തവവിഭാഗങ്ങളേറെയുള്ള പൂഞ്ഞാർ, കാഞ്ഞിരപ്പള്ളി നിയമസഭാ മണ്ഡലങ്ങൾ ഉൾപ്പെടുന്ന പത്തനംതിട്ടയിൽ വ്യക്തിപരമായി തനിക്ക് സ്വാധീനമുണ്ടെന്നുള്ളതും വിജയസാധ്യതയിലേക്കുള്ള മാർഗ്ഗമായി അദ്ദേഹം കരുതുന്നുണ്ട്.

തന്റെ വരവോടെ ക്രൈസ്തവരും ബി.ജെ.പിയെ അനുകൂലിക്കുമെന്ന് പി.സി കരുതുന്നു. ബി.ജെ.പി സംസ്ഥാന അധ്യക്ഷൻ കെ സുരേന്ദ്രൻ നയിക്കുന്ന എൻ.ഡി.എ കേരള പദയാത്ര കഴിഞ്ഞ തിങ്കളാഴ്ച അടൂരിൽ എത്തിയപ്പോൾ പി.സി ജോർജ് അഭിവാദ്യങ്ങളുമായി എത്തിയിരുന്നു. മണ്ഡലത്തിലിപ്പോൾ സജീവമാണ് അദ്ദേഹം. പാർട്ടിയുടെ പരമ്പരാഗത വോട്ടുകൾക്ക് പുറമെ ക്രൈസ്തവ വോട്ടുകളിൽ വലിയൊരു പങ്ക് എൻ.ഡി.എയ്ക്ക് അനുകൂലമാക്കി മാറ്റാൻ പി.സി ജോർജിന് കഴിയുമെന്ന് ബി.ജെ.പിയും കണക്കുകൂട്ടുന്നു.

അതേസമയം ബി.ജെ.പിയുടെ ഔദ്യോഗിക സ്ഥാനാർത്ഥി പ്രഖ്യാപനം ഈമാസം അവസാനമേ ഉണ്ടാവുകയുള്ളുവെങ്കിലും പി.സിക്കാണ് മുൻതൂക്കം. മുതിർന്ന നേതാവും ബി.ജെ.പി മുൻ സംസ്ഥാന പ്രസിഡന്റുമായ കുമ്മനം രാജശേഖരനെയും ഗോവ ഗവർണർ പി.എസ് ശ്രീധരൻപിള്ളയെയും പരിഗണിക്കുന്നുണ്ട്. മണ്ഡലത്തിലെ പ്രവർത്തകർക്കിടയിൽ സ്വാധീനമുള്ള വ്യക്തിയാണ് കുമ്മനമെങ്കിൽ ക്രൈസ്തവ സമൂഹമൂഹവും സഭാ നേതൃത്വവുമായും ശ്രീധരൻപിള്ളയ്ക്ക് ദൃഢബന്ധമുണ്ട്.

കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി, പൂഞ്ഞാർ, പത്തനംതിട്ട ജില്ലയിലെ തിരുവല്ല, റാന്നി, ആറൻമുള, കോന്നി, അടൂർ എന്നീ നിയമസഭാ മണ്ഡലങ്ങൾ ഉൾക്കൊള്ളുന്നതാണ് പത്തനംതിട്ട ലോകസഭാ നിയോജകമണ്ഡലം. 2008-ലെ മണ്ഡലം പുനക്രമീകരണത്തിൽ പത്തനംതിട്ട ലോക്സഭാ ണ്ഡലം രൂപീകൃമായതിന് ശേഷം ഇതുവരം നടന്ന മൂന്ന് തിരഞ്ഞെടുപ്പുകളിലും കോൺഗ്രസിന്റെ ആന്റോ ആന്റണിക്കായിരുന്നു വിജയം. 2009ലെ ആദ്യ തിരഞ്ഞെടുപ്പിൽ ആന്റോ സി.പി.എമ്മിന്റെ കെ അനന്തഗോപനെ 1,11,206 വോട്ടുകൾക്കും 2014ൽ സി.പി.എം സ്വതന്ത്രൻ ഫിലിപ്പോസ് തോമസിനെ 56,191 വോട്ടുകൾക്കുമാണ് തോൽപ്പിച്ചത്. 2019-ൽ അതായത് കഴിഞ്ഞതവണ സി.പി.എമ്മിലെ വീണാ ജോർജിനെ 44,243 വോട്ടുകൾക്ക് പരാജയപ്പെടുത്തി ഹാട്രിക് തികച്ചു.

എന്നാൽ ഓരോ തിരഞ്ഞടുപ്പിലും ബി.ജെ.പി സ്ഥാനാർത്ഥികൾക്ക് ലഭിച്ച വോട്ടുകളിൽ കാര്യമായ വർധനവുണ്ടെയെന്നതാണ് ശ്രദ്ധേയം. 2009ൽ ബി. രാധാകൃഷ്ണ മേനോൻ 56,294 വോട്ടുകൾ നേടിയപ്പോൾ 2014ൽ എം.ടി. രമേശ് അത് 1,38,954 വോട്ടുകളായി വർധിപ്പിച്ചു. 2019ൽ കെ സുരേന്ദ്രൻ നേടിയത് 2,97,396 വോട്ടുകളായിരുന്നു. വോട്ട് വിഹിതത്തിലെ ഈ വൻ വളർച്ചയും ഇക്കുറി പി.സി ജോർജിന്റെ വരവും പത്തനംതിട്ടയിൽ നിന്നുള്ള തങ്ങളുടെ

# MUKKUT MONUMENTS INC.

**PHONE (C) 972-342-0041**
**E-mail: mukkutmonuments@gmail.com**
**www.mukkutmonuments.com**










We Specialize in Custom Creation and Installation of
Cemetery Granites, Bronze Memorials Sculptures,
Large Stone Cross for Churches. We Serve in USA, Canada and India

ലോക്സഭ സാന്നിധ്യം ഉറപ്പിക്കുമെന്ന ആത്മവിശ്വാസത്തിലാണ് എൻ.ഡി.എ.

2021ലെ നിയമസഭ തിരഞ്ഞെടുപ്പിൽ ഈ ലോക്സഭ മണ്ഡലത്തിലെ ഏഴ് നിയമസഭ മണ്ഡലങ്ങളും ഇടതുമുന്നണി പിടിച്ചെടുത്തിരുന്നു. ജില്ലാ പഞ്ചായത്ത് ഭരണവും 2020ൽ കൈപ്പിടിയിലൊതുക്കി. പിന്നീട് നടന്ന പല തദ്ദേശ ഉപതിരഞ്ഞെടുപ്പുകളിലും എൽ.ഡി.എഫ് നേട്ടമുണ്ടാക്കി. ഇതിനെ മറികടക്കാനാണ് യു.ഡി.എഫും ബി.ജെ.പിയും ശ്രമിക്കുന്നത്. ലോക്സഭ പ്രഖ്യാപനത്തിനായി കാത്തിരിക്കുന്ന മുന്നണികളും സ്ഥാനാർഥി മോഹികളും മണ്ഡലത്തിൽ സജീവമായിട്ടുണ്ട്. യു.ഡി.എഫ് ചരൽകുന്ന് ക്യാംപ് സെന്ററിൽ ജില്ലാ പഠന ക്യാംപ് നടത്തി തയ്യാറെടുപ്പുകൾ കൂടുതൽ സജീവമാക്കി. സി.പി.എം ബൂത്തുതലം മുതൽ യോഗങ്ങൾ നടത്തുകയാണ്.

യു.ഡി.എഫിൽ കോൺഗ്രസും എൽ.ഡിഎ.ഫിൽ സി.പി.എമ്മും നേരിട്ട് ഏറ്റുമുട്ടുന്ന മണ്ഡലത്തിൽ ബി.ജെ.പിക്കും നിർണായകമായ സ്വാധീനമുണ്ടെന്നുള്ള കാര്യത്തിൽ തർക്കമില്ല. യു.ഡി.എഫിൽ സിറ്റിങ് എം.പി ആന്റോ ആന്റണി തന്നെ നാലാം അങ്കത്തിന് ഇറങ്ങുമെന്ന് ഏതാണ്ട് ഉറപ്പായിക്കഴിഞ്ഞു. ചരൽകുന്ന് ക്യാമ്പിൽ നിന്ന ഇതുസംബന്ധിച്ച സൂചനകളുയർന്നിട്ടുണ്ട്.

കഴിഞ്ഞ നിയമസഭാ തിരഞ്ഞെടുപ്പിൽ റാന്നി മണ്ഡലം കേരള കോൺഗ്രസ് എമ്മിന് സി.പി.എംവിട്ട് നൽകിയപ്പോൾ അവിടുത്തെ സ്ഥിരം എം.എൽഎ ആയിരുന്ന രാജു എബ്രഹാമിന് മാറി നിൽക്കേണ്ടി വന്നു. അന്നുമുതൽ അടുത്ത ലോക് സഭ തിരഞ്ഞെടുപ്പിൽ പത്തനംതിട്ടയിൽ നിന്നും അദ്ദേഹം മത്സരിക്കുമെന്ന് പ്രചാരണം ശക്തമായിരുന്നു. രാജു ഏബ്രഹാമും ജില്ലയിലൂടെ പരിപാടികളിൽ സജീവമാകുകയും ചെയ്തു.

ഇതിനിടയിലാണ് സി.പി.എം കേന്ദ്ര കമ്മറ്റി അംഗവും മുൻ ധനകാര്യ വകുപ്പ് മന്ത്രിയുമായ തോമസ് ഐസക്കിന്റെ പേരും പരിഗണനയിൽ എന്ന പ്രചാരണം ഉണ്ടാകുന്നത്. പാർട്ടിയിൽ പത്തനംതിട്ടയുടെ ചുമതല കൂടിയുള്ള ഐസക്ക് കഴിഞ്ഞ ഒരു വർഷമായി ഇവിടെ സജീവവുമാണ്. കഴിഞ്ഞയാഴ്ച തിരുവല്ലയിൽ സംഘടിപ്പിച്ച മൈഗ്രേഷൻ കോൺക്ലേവിലൂടെ അദ്ദേഹം തന്റെ സ്ഥാനാർഥിത്വം ഉറപ്പിക്കുകയായിരുന്നുവെന്ന് പറയുന്നു. ഇടത് മുന്നണി ഭരിക്കുന്ന ബ്ലോക്ക്, ഗ്രാമ പഞ്ചായത്തുകളിൽ മിക്കയിടത്തും ഉദ്ഘാടകനായി തോമസ് ഐസക്ക് എത്തി തുടങ്ങി. പാർട്ടി വേദികളിലും സെമിനാറുകളിലും അദ്ദേഹത്തിന്റെ സാന്നിധ്യമുണ്ട്. ഐസക്ക് മത്സരിക്കുന്നില്ലെങ്കിൽ മറ്റൊരാളെ പരിഗണിച്ചാൽ മതിയെന്നാണ് സി.പി.എം പത്തനംതിട്ട ജില്ലാ കമ്മിറ്റിയുടെ നിലപാട്.

ലോക്സഭാ തിരഞ്ഞെടുപ്പിനായി ഔദ്യോഗിക തലത്തിലും നടപടികൾ ആരംഭിച്ചിട്ടുണ്ട്. പുതിയ വോട്ടർ പട്ടികയിൽ 2021ലെ നിയമസഭ തിരഞ്ഞെടുപ്പിലെ പട്ടികയിൽനിന്ന് ഒഴിവാക്കിയത് 12,421 പേരെയാണ്. സ്ഥലത്തില്ലാത്തവരും മരിച്ചവരുമെന്ന കണക്കിൽ ഒഴിവാക്കപ്പെട്ടവയാണിവ. തിരുവല്ല 2663, റാന്നി 2453, ആറന്മുള 2835, കോന്നി 2205, അടൂർ 2265 എന്നിങ്ങനെയാണ്ഒഴിവാക്കിയവരുടെ എണ്ണം. ഇത്തവണ പുതുതായി 7669 വോട്ടർമാരാണ് പട്ടികയിൽ ഇടം കണ്ടത്. പുതിയ വോട്ടർമാരെ ചേർത്തതിലൂടെ ജില്ലയിൽ ഇത്തവണ 2611 പേരുടെ വർധനയാണുള്ളത്.

> **തന്റെ വരവോടെ ക്രൈസ്തവരും ബി.ജെ.പിയെ അനുകൂലിക്കുമെന്ന് പി.സി കരുതുന്നു. ബി.ജെ.പി സംസ്ഥാന അധ്യക്ഷൻ കെ സുരേന്ദ്രൻ നയിക്കുന്ന എൻ.ഡി.എ കേരള പദയാത്ര കഴിഞ്ഞ തിങ്കളാഴ്ച അടൂരിൽ എത്തിയപ്പോൾ പി.സി ജോർജ് അഭിവാദ്യങ്ങളുമായി എത്തിയിരുന്നു. മണ്ഡലത്തിലിപ്പോൾ സജീവമാണ് അദ്ദേഹം. പാർട്ടിയുടെ പരമ്പാരാഗത വോട്ടുകൾക്ക് പുറമെ ക്രൈസ്തവ വോട്ടുകളിൽ വലിയൊരു പങ്ക് എൻ.ഡി.എയ്ക്ക് അനുകൂലമാക്കി മാറ്റാൻ പി.സി ജോർജിന് കഴിയുമെന്ന് ബി.ജെ.പിയും കണക്കുകൂട്ടുന്നു.**

TAX PREPARATION SPECIALISTS
JOSEPH & ASHLEY KURIAPPURAM CPA



- FOREIGN INCOME COMPLIANCES
- WE WORK IN ALL FIFTY STATES
- PERSONAL AND BUSINESS RETURNS
- BUSINESS START-UPS
- ITIN PROCESSING
- FREE CONSULTATION & e-FILING
- 24/7 CUSTOMER SERVICE
- OPEN 7 DAYS, 9:00 AM TILL MIDNIGHT

U S TAX SERVICES
111 MAIN STREET, SUITE 2, NANUET, NEW YORK 10954
Phone. (845) 215-5601 Cell. (845) 507-2667 | Email: usincometax@gmail.com



LAWSON
travel
Enjoy Your
Vacations
With Us
214-631-2458
www.LawsonTravel.com

# കാനഡയിലെ ശ്രീഗുരുവായൂരപ്പൻ ക്ഷേത്രത്തിൽ നവാത്മബോധനത്തിനു തുടക്കമായി


**ശ്രീജയ പുതുമന**

ബ്രാംപ്ടൺ: കാനഡയിലെ ശ്രീ പ്രസിദ്ധമായ ഗുരുവായൂരപ്പൻ ക്ഷേത്രത്തിൽ (ഗുരുവായൂരപ്പൻ ടെംപിൾ ഓഫ് ബ്രാംപ്ടൺ) ഫെബ്രുവരി രണ്ടാം തീയതി മുതൽ എല്ലാ വെള്ളിയാഴ്ചയും ആത്മീയ പ്രഭാഷണം സംഘടിപ്പിക്കുന്നു. ലോകപ്രശസ്തരായ ഒൻപത് സനാതന ഗുരുക്കളാണ് ഈ നവാത്മബോധനത്തിലൂടെ ഭക്തജനങ്ങൾക്ക് ധർമ്മ മാർഗ്ഗത്തിലൂടെ അറിവും മോക്ഷമാർഗവും ഉപദേശിച്ചു ജീവിതോപദേശങ്ങളിലൂടെ വ്യാഖ്യാനിക്കുന്നത്.

ശീതകാലത്തിൽ മഞ്ഞുമൂടി കിടക്കുന്ന കാനഡയിൽ തുടർച്ചയായി ഇത് ആറാം തവണയാണ് ശ്രീ ഗുരുവായൂരപ്പൻ ക്ഷേത്രം ഭക്തജനങ്ങൾക്ക് അറിവിന്റെ വെളിച്ചം പകരുവാൻ പ്രഭാഷണം സംഘടിപ്പിക്കുന്നത്. ഫെബ്രുവരി രണ്ടാം തീയതി വൈകുന്നേരം കാനഡ ഈസ്റ്റേൺ സമയം 8 മണി മുതൽ 9 മണി വരെ നടക്കുന്ന ഓൺലൈൻ സൂം വഴി സംഘടിപ്പിക്കുന്ന പ്രഭാഷണത്തിൽ ലോകത്തിന്റെ ഏതു കോണിലിരുന്നുകൊണ്ടും പങ്കെടുക്കാവുന്നതാണ്. സ്വാമി അപരാജിതാനന്ദ, പൂജ്യസാധ്വിജി, സ്വാമി പരം ചൈതന്യ, സ്വാമി അനുകൂലാനന്ദ, സ്വാമി മേധാനന്ദ, വനമാതി മാതാജി, സ്വാമി ത്യാഗാനന്ദ, സ്വാമിനി പ്രവാജിക, സ്വാമിനി സുപ്രിയാനന്ദ എന്നിവരാണ് മുഖ്യ പ്രഭാഷകർ. ഈ നവാത്മബോധനത്തിന്റെ ഭാഗമാകുവാൻ എല്ലാ ഭക്തജനങ്ങളെയും സ്വാഗതം ചെയ്യുന്നു.

ഫെബ്രുവരി 2 മുതൽ മാർച്ച് 29 വരെ എല്ലാ വെള്ളിയാഴ്ചകളിലും വൈകുന്നേരം 8.00pm to 9.00pm Eastern Time (US and Canada) (ഭാരതത്തിൽ സമയം ശനിയാഴ്ചകളിൽ രാവിലെ 6.30നും ആയിരിക്കും)

കാനഡയിലെ ബ്രാംപ്ടണിൽ സ്ഥിതി ചെയ്യുന്ന ശ്രീ ഗുരുവായൂരപ്പൻ ക്ഷേത്രത്തിൽ തന്ത്രി ശ്രീ. കരിയന്നൂർ ദിവാകരൻ നമ്പൂതിരിയുടെ കാർമ്മികത്വത്തിൽ തികച്ചും കേരളതനിമയോടെയാണ് പൂജാവിധികൾ നടത്തുന്നത്. കാനഡയിൽ എല്ലാ ദേശത്തുനിന്നും ഭക്തർ എത്തുന്ന ഈ ക്ഷേത്രത്തിൽ കേരളത്തിലെ പ്രധാന ആഘോഷങ്ങളും വിശേഷ ദിവസങ്ങളും ആചരിക്കുകയും അന്നദാനം, സാമൂഹ്യസേവനം തുടങ്ങി ഒരുപാട് സന്നദ്ധ പ്രവർത്തനങ്ങളും സംഘടിപ്പിക്കുകയും ചെയ്യുന്നു.



(905) 799-0900
https://www.guruvayur.ca/
2580 Countryside Dr, Brampton ON L6R 3T4


GRANEX KITCHEN
We are your one-stop shop for Granite, Marble
OUR PRODUCTS
COUNTERTOPS
VANITIES
SINKS
FAUCETS
BACKSPLASH
TILES
Fabrication shop on premises
Custom kitchen designers are available to render your dream kitchen.
QUARTZ SLABS
Hundreds of colors in stock
FINANCING AVAILABLE
ONE YEAR FINANCING for qualified clients
ADDITIONAL SERVICES
BATHROOM & KITCHEN REMODELING
615 Medford Ave, Patchogue, New York 1-631-438-1470 | sales@granexkitchen.com

# ക്രിസ്തോസ് മാർത്തോമ യുവജനസഖ്യം 'നവതി നിറവിൽ ഒരു സ്നേഹ ഭവനം'

## കൂദാശ മാർ ബർണബാസ് സഫ്രഗൻ മെത്രാപോലീത്ത തിരുമേനി നിർവഹിച്ചു



ഫിലഡെൽഫിയ - മാർത്തോമാ യുവജന സഖ്യത്തിന്റെ നവതിആഘോഷങ്ങളുടെ ഭാഗമായി കേരളത്തിൽ ഭവനരഹിതരായ ഒരു കുടുംബത്തിന് ക്രിസ്തോസ് മാർത്തോമ യുവജനസഖ്യം ഒരു ഭവനം നിർമിച്ചുനൽകുന്നു. ഭവനത്തിന്റെ കൂദാശ കർമ്മം ഫെബ്രുവരി 5 നെ തിങ്കളാഴ്ച 3 മണിക്ക് മാർത്തോമാ യുവജന സഖ്യം പ്രസിഡന്റ് അഭിവന്ദ്യ ഡോക്ടർ ജോസഫ് മാർ ബർണബാസ് സഫ്രഗൻ മെത്രാപോലീത്ത തിരുമേനി നീർവഹിച്ചു. തുടർന്ന് നടക്കുന്ന പൊതുസമ്മേളനത്തിലും തിരുമേനി അധ്യക്ഷത വഹിച്ചു. സംസ്കാരിക രാഷ്ട്രീയ രംഗത്തെ പ്രമുഖരായ ആളുകൾ പങ്കെടുത്ത് ആശംസകൾ അർപ്പിച്ചു. ഭദ്രസന സെക്രട്ടറി റെവ. മാത്യു വര്ഗീസ്, റെവ. റോയ് തോമസ്, ഇടവക വികാരി റെവ. ജോബിൻ കൈച്ചിറ, പഴവാങ്ങാടി പഞ്ചായത്ത് പ്രസിഡന്റ് അനിതാ അനിൽകുമാർ,ജില്ലാ പഞ്ചായത്ത് മെമ്പർ ജെസ്സി അലക്സ്,ബ്ലോക്ക് മെമ്പർ വ്സത്സമ്മ കുരിശുമൂട്ടിൽ,വാർഡ് മെമ്പർ ഷൈനി പുളിക്കൽ,കെപിസിസി സെക്രട്ടറി റിങ്കു ചെറിയാൻ എന്നിവർ ആശംസകൾ അർപ്പിച്ചു.

ഭവന നിർമാണത്തിനാവശ്യമായ പണം കണ്ടെത്തുന്നതിന് കഴിഞ്ഞ ഒരു വർഷമായി യുവജന സഖ്യഗങ്ങൾ കഠിന പ്രയത്നത്തിൽ ആയിരുന്നു. ഭക്ഷണപ്പൊതികൾ വിൽപ്പന നടത്തിയും ഓണസദ്യ നടത്തിയുമാണ് ഭവന നിർമ്മാണത്തിനുള്ള തുക കണ്ടെത്തിയത്. യുവജനസഖ്യം പ്രസിഡണ്ട് റെവ. റെജി യോഹന്നാൻ, സെക്രട്ടറി ജൈനി തോമസ്,ട്രെഷാർളം പ്രൊജക്റ്റ് കൺവീനറുമായ ലിബിൻ തോമസ് വൈസ് പ്രസിഡൻറ് വർഷ ജോൺ, കൺവീനേഴ്സ് -ബിൻസി ജോൺ, ക്രിസ്റ്റി മാത്യു പബ്ലിസിറ്റി കൺവീനേഴ്സ് -ജസ്റ്റിൻ ജോസ്, ഷീന എബ്രഹാം എന്നിവരടങ്ങുന്ന യുവജന സഖ്യ അംഗങ്ങൾ മുഴുവൻ ഉൾപ്പെടുന്ന വിപുലമായ ഒരു ഗ്രൂപ്പാണ് ഇതിന്റെ പിന്നിൽ പ്രവർത്തിച്ചത്. ഇതു പോലെ ഒരു സദുദ്യമത്തിൽ സഹകരിച്ച് ഏവരോടും ഉള്ള നന്ദി സെക്രട്ടറി അറിയിച്ചു





# ഓർലാൻഡോ റീജിയണൽ മലയാളി അസോസിയേഷന്റെ 2024-ലേക്കുള്ള പുതിയ നേതൃത്വം സ്ഥാനമേറ്റു

ഒർലാൻഡോ :ഓർലാൻഡോ റീജിയണൽ മലയാളി അസോസിയേഷന്റെ 2024-ലേക്കുള്ള പുതിയ നേതൃത്വം സ്ഥാനമേറ്റു പ്രസിഡണ്ടായി ആന്റണി സാബുവും, വൈസ് പ്രസിഡണ്ടായി ചന്ദ്രകലാ രാജീവും, സെക്രട്ടറിയായി സ്മിത മാത്യൂസും, ജോയിൻ സെക്രട്ടറിയായി സന്തോഷ് തോമസും, ട്രഷററായി നിബു സ്റ്റീഫനും, പ്രോഗ്രാം കോഡിനേറ്ററായി റോഷ്നി ക്രിസും, പി.ആർ.ഓ ആയി പ്രശാന്ത് പ്രേമും, സ്പോർട്സ് കോ-ഓർഡിനേറ്ററായി ജിലു അഗസ്റ്റിനും, വുമൺ ഫോറം ചെയർ പേഴ്സണായി സിനി റോയിയും, യൂത്ത് കോഡിനേറ്റേഴ്സായി സ്നേഹ ജോർജും,റെയ്ന രഞ്ജിയും സ്ഥാനമേറ്റു.

ജനുവരി 20ന് സെമിനോൾ സ്കൂൾ ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെട്ട ക്രിസ്മസ്-പുതുവത്സരാഘോഷം വർണ്ണശബളമായിരുന്നു. ഫാദർ.ജെയിംസ് താരകൻ മുഖ്യാതിഥിയായി എത്തിയ ആഘോഷപരിപാടിയിൽ, 2023 'ഓർമ' പ്രസിഡന്റ് രാജീവ് കുമാരൻ സ്വാഗതപ്രസംഗവും, ശർമ തങ്കച്ചൻ നന്ദി പ്രകാശനവും പറഞ്ഞു.

ഓർലാൻഡോയുടെ സ്വന്തം സംഗീത ബാൻഡായ ട്രെഡൻസിന്റെ സംഗീത നിശയും, ജസ്റ്റിനും ഫാമിലിയും അവതരിപ്പിച്ച ബേറ്റർവേൾഡ് സ്കിറ്റും, മാളവിക പ്രശാന്ത്,ദിയ എബ്രഹാം എന്നിവർ അവതരിപ്പിച്ച ഭരതനാട്യവും, ജിജോ ചിറയലും കൂട്ടരും ചേർന്നൊരുക്കിയ കോമഡി സ്കിറ്റും, ജോബി ജോൺ, ബീന ജോബി, ജെയ്മി ജൂബിൾ, അഞ്ജലീന ജോർജ് എന്നിവർ ആലപിച്ച ഗാനങ്ങളും പരിപാടിക്ക് മാറ്റ് കൂട്ടുന്നതായിരുന്നു. റോഷ്നി ക്രിസിന്റെ നേതൃത്വത്തിൽ അരങ്ങേറിയ ചിത്രഗീതം ഷോയിൽ എഴുപതോളം കലാകാരന്മാർ പങ്കെടുത്തു. അതിമനോഹരമായ കലാസ്വാദനമായിരുന്നു അതെന്ന് കാണികൾ ഒന്നടങ്കം വിലയിരുത്തി.





# കേരളത്തിൽ വനിതാ ഫുട്ബോൾ ശ്രദ്ധിക്കപ്പെടുന്നു

**സനിൽ പി. തോമസ്**

കേരള വനിതാ ഫുട്ബോൾ ലീഗിൽ ഗോകുലം കേരള എഫ്. സി. ചാംപ്യൻമാരായി.12 മത്സരങ്ങളിൽ പതിനൊന്നും ജയിച്ച് 33 പോയിൻറുമായാണ് ഗോകുലം കിരീടം നേടിയത്. ഗോകുലത്തിന്റെ എസ്.പ്രിയദർശിനി ലീഗിൽ ആകെ നേടിയത് 25 ഗോൾ.

അവസാന മത്സരത്തിൽ ഗോകുലത്തോട് തോറ്റ കൊച്ചി ലോർഡ്സ് ഫുട്ബോൾ അക്കാദമി 26 പോയിൻറുമായി രണ്ടാം സ്ഥാനത്തെത്തി.മൂന്നാമതുള്ള കേരള യുണൈറ്റഡിനും 26 പോയിന്റ് ആണ്.

2014ൽ തുടക്കമിട്ട കേരളാ വിമൻസ് ലീഗിൽ (ഗണഘ)കഴിഞ്ഞ സീസണിൽ 10 ടീമുകൾ കളിച്ചു. ഇത്തവണ ഏഴു ടീമുകൾ മത്സരിച്ചു.എസ്.ബി. എഫ്.എ പൂവാർ, എഫ്.സി. കേരള, കടത്തനാട് രാജ, ദേവഗിരി സെയ്ന്റ് ജോസഫ്സ് കോളജ് എന്നിവയാണ് ഈ സീസണിൽ കേരള വനിതാ ഫുട്ബോൾ ലീഗ് കളിച്ച ഇതര ടീമുകൾ.

കേരള വനിതാ ലീഗിൽ 2014-15 ൽ വയനാട് വിമൻസ് ഫുട്ബോൾ ക്ലബ് ആയിരുന്നു ജേതാക്കൾ. അടുത്ത സീസണിൽ തിരുവല്ല മാർത്തോമ്മാ കോളജ് കിരീടം ചൂടി.പിന്നീട് ഏഴു വർഷം ലീഗ് മുടങ്ങി.2021-22 ൽ പുന:രാരംഭിച്ചപ്പോൾ ഗോകുലം ചാംപ്യൻമാരായി.പോയ സീസണിൽ ലോർഡ്സ് ഫുട്ബോൾ അസോസിയേഷൻ ആണു വിജയിച്ചത് .

ഇത്തവണ മത്സരിച്ച ടീമുകളുടെ എണ്ണം കുറഞ്ഞെങ്കിലും കളിയുടെ നിലവാരം കുറഞ്ഞില്ല.

മാത്രമല്ല, നീലേശ്വരത്തിനടുത്തുള്ള ബങ്കളം വിമൻ ഫുട്ബോൾ ക്ലിനിക് പോലെ പരിശീലന കേന്ദ്രങ്ങൾ കൂടുതൽ സജീവമായിട്ടുണ്ട്.ഇന്ത്യൻ ജൂനിയർ താരം എസ്.ആര്യശ്രീ , അണ്ടർ 17 ലോക കപ്പിൽ ഇന്ത്യൻ ക്യാംപിൽ എത്തിയ പി.മാളവിക തുടങ്ങിയ താരങ്ങൾ ബങ്കളത്ത് പരിശീലനം നേടിയവരാണ്.

കേരളത്തിൽ വനിതകൾ ഫുട്ബോൾ കളിച്ചുതുടങ്ങിയിട്ട് 50 വർഷം തികയാറായി.ഒളിംപ്യൻ കിട്ടുവിന്റെ നേതൃത്വത്തിൽ 1975 ൽ ആണ് മലയാളി വനിതകളെ ആദ്യമായി കാൽപ്പന്തുകളി പരിശീലിപ്പിച്ചത്.അദ്യ സംസ്ഥാന ടീമും അന്നു രൂപമെടുത്തു.തിരുവനന്തപുരത്തും കോട്ടയത്തും കോഴിക്കോട്ടും കണ്ണൂരിലുമെല്ലാം പെൺകുട്ടികൾ ഫുട്ബോൾ പരിശീലിച്ചു തുടങ്ങി.കളത്തിലിറങ്ങിയവരിൽ ഭൂരിഭാഗവും തീർത്തും നിർധന കുടുംബങ്ങളിൽ നിന്നുള്ളവരായിരുന്നു. വീട്ടിലെ പട്ടിണിയും സമൂഹത്തിലെ അവഗണനയും മറക്കാൻ കാൽപ്പന്തുകളി ചിലർക്കെങ്കിലും ആശ്വാസമായി. അതവർ ചിലപ്പോഴൊക്കെ തുറന്നു പറഞ്ഞിരുന്നു. പിന്നീട് ഇവരിൽ ചിലർ ബിരുദാനന്തര ബിരുദത്തിനു പഠിക്കുമ്പോഴും മറ്റു ചിലർ ജോലിക്കാരായപ്പോഴും കണ്ടുമുട്ടിയപ്പോൾ ഫുട്ബോൾ ജീവിതമാർഗം കാട്ടിത്തന്നെന്ന് ഏറെ സന്തോഷത്തോടെ പറഞ്ഞതും മനസ്സിൽ ഉണ്ട്. വന്ന വഴി മറക്കാത്ത, ഉയരങ്ങൾ കീഴടക്കിയിട്ടും വിനയം കൈവിടാത്ത ഒരു പറ്റം വനിതാ താരങ്ങളായി ഇവരെ രേഖപ്പെടുത്താൻ ശ്രമിച്ചിട്ടുമുണ്ട്.

കാലമേറെക്കഴിഞ്ഞു. ഗോകുലം കേരള എഫ്.സിയുടെ വനിതാ ടീം കഴിഞ്ഞ മൂന്നു സീസണുകളായി ഇന്ത്യൻ വിമൻസ് ലീഗ് (IWL) ചാംപ്യൻമാരാണ്.

ഗോകുലം കേരളയുടെ വനിതാ ഫുട്ബോൾ ടീമിൽ മലയാളികൾ വിരലിൽ എണ്ണാവുന്നവർ മാത്രമാണ്. പക്ഷേ, ഈ ടീം സംസ്ഥാനത്ത് വനിതാ ഫുട്ബോളിൽ പ്രഫഷണലിസം കൊണ്ടുവന്നു. ടീമിന്റെ വിജയം സംസ്ഥാനത്തിനു മുഴുവൻ ആ വേശമാണ്.ഒരു പതിറ്റാണ്ടു മുമ്പ് സ്ഥിതി വ്യത്യസ്തമായിരുന്നു.നേരത്തെ സൂചിപ്പിച്ചതുപോലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരുടെ ആശ്വാസമായിരുന്നു ഫുട്ബോൾ. ഇടക്കാലത്ത് കേരള വനിതാ ഫുട്ബോളിന് ഏറെ ഉണർവു പകർന്ന കോട്ടയം മേവള്ളൂർ വിമൻസ് സ്പോർട്സ് അക്കാദമി തന്നെ ഉദാഹരണം.മേവള്ളൂരിലെ കുഞ്ഞിരാമൻ സ്മാരക ഹൈസ്കൂളിലെ കുട്ടികൾ ജോമോൻ ജേക്കബിന്റെ ശിക്ഷണത്തിൽ വലിയ മുന്നേറ്റം കാഴ്ചവച്ചു. മാഠത്തേടം ,ഇരുമ്പയം, ചന്ദ്ര മാല കോളനികളിലെ ചോർന്നൊലിച്ച കൂരകളിൽ നിന്നെത്തിയവരും ആ സംഘത്തിൽ ഉണ്ടായിരുന്നു. കുഞ്ഞിരാമൻ സ്മാരക സ്കൂൾ അധികൃതരുടെ പിന്തുണയായിരുന്നു ആത്മബലം.2014ൽ ഇവരിൽ 11 പേരാണ് വിവിധ പ്രായങ്ങളിലെ സംസ്ഥാന ടീമിൽ കളിച്ചത്.

ഇന്ത്യൻ വനിതാ ലീഗ് 2018 ൽ തുടങ്ങി അടുത്ത സീസണിൽ തന്നെ ഗോകുലം കിരീടം ചൂടി. അതൊരു ഹാട്രിക് ആയി.അഞ്ചാം സീസൺ പുരോഗമിക്കുന്നു. സരസമ്മ ലളിതയെന്ന റോൾ മോഡൽ ഇന്ന് കേരള വനിതാ ഫുട്ബോൾ താരങ്ങൾക്കു മുന്നിലുണ്ട്.

ലളിതയെ പുതിയ തലമുറയിൽ കുറച്ചുപേരെങ്കിലും ശ്രദ്ധിച്ചത് 2017ൽ ഇന്ത്യ അണ്ടർ 17 ലോക കപ്പ് നടത്തുകയും മലയാളി താരം കെ.പി.രാഹുൽ കളിക്കുകയും ചെയ്തപ്പോഴാണ്.

അന്ന് കൊച്ചി ഉൾപ്പെടെ മത്സര വേദിയായപ്പോൾ ഇന്ത്യൻ ടീമിൽ കളിച്ച ഏക മലയാളിയായിരുന്നു കെ.പി.രാഹുൽ. ഏതെങ്കിലും ഫുട്ബോൾ ലോക കപ്പിൽ കളിച്ച ആദ്യ കേരള താരമായി രാഹുൽ. അപ്പോഴാണ് അനൗദ്യോഗിക വനിതാ ഫുട്ബോൾ ലോക കപ്പ് കളിച്ച എസ്.ലളിത ചിലരുടെയെങ്കിലും ഓർമയിൽ വന്നത്.

തിരുവനന്തപുരം മുട്ടക്കര എൻ. കാമ പാലന്റെയും സരസമ്മയുടെയും പുത്രി ലളിത 1979ൽ സംസ്ഥാന ടീമിൽ എത്തിയതാണ്. പിന്നീട് ഇന്ത്യൻ താരമായി.ലളിതയുടെ നേട്ടം എന്തെന്ന് നമ്മുടെ നാട് കാര്യമായി ശ്രദ്ധിച്ചില്ല. ഇപ്പോൾ ഇതാ ലളിതയെ വരും തലമുറയ്ക്ക് മാതൃകയായി പാഠപ്പുസ്തകത്തിൽ അവതരിപ്പിച്ചിരിക്കുന്നു. കേരളത്തിനപ്പുറം ലളിതയുടെ നേട്ടം ശ്രദ്ധിക്കപ്പെട്ടു.ഓക്സ്ഫഡ് പ്രസിദ്ധീകരിച്ച ഏഴാം ക്ലാസ് വിദ്യാർഥികൾക്കുള്ള ' മൾട്ടി സ്കിൽ കോഴ്സ് ' പുസ്തകത്തിൽ (Starburst) സൈന നെഹ്വാൾ, സാനിയ മിർസ, ഗീതാ ഫോഗട്ട് ,മേരി കോം എന്നിവർക്കൊപ്പം ലളിതയെയും പരിചയപ്പെടുത്തുന്നു. ലളിത ശ്രദ്ധിക്കപ്പെട്ടത് 1981 ൽ ചൈനീസ് തായ്പേയിൽ നടന്ന രണ്ടാം വനിതാ (അനൗദ്യോഗിക ) ലോക കപ്പിൽ കളിച്ചു എന്ന പേരിലാണ്.

സംസ്ഥാനത്ത് കൂടുതൽ പെൺകുട്ടികൾ കാൽപ്പന്തുകളിയിൽ ആകൃഷ്ടരാകുമ്പോൾ എസ്.ലളിതയുടെ വിജയകഥ അവർക്ക് പ്രചോദനം ആകട്ടെ.

# Classifieds



## Bridegroom Wanted

### Bridegroom wanted

Catholic parents seeking alliance for their daughter, a 29, with a Doctorate in Pharmacy from the Washington State University in Seattle. She is beautiful, dedicated and compassionate, and is been working as Pharmacist for two years. We are looking for a well-educated, understanding, and caring life partner, preferably with a medical professional background, who is around 30-32 years, from RC or other Christian suitable denominations. We believe in the importance of compatibility, respect, and shared values in a marriage.

Pl contact us with your son's details and recent photographs at **lalithundiyil@yahoo.com**

### Bride Wanted

Marthomite parents of Physician Associate (PA) 28 born and brought up in the US, seek alliance from qualified girls (ages between 25 to 28) from any Christian denominations. He is 6" tall and works in New York.
Interested parties please call 1-917-900-2123 or email info@medialogistics.us

### Bride groom Wanted

Marthomite parents of doctor, 26 born and brought up in the US, seek alliance from professionally qualified boys (ages between 26 to 29) from any Christian denominations. She is fair, 5"4" tall and family oriented and now works in New Jersey. Interested parties please call 1-917-900-2123 or email info@ media logistics .us

### Seeking Bride

B.Tech engineer, mechanical, now working in Dubai Working as a Quality Management System Administrator in Premier Composite Technologies, seeks alliance from girls, any denomination. He belongs to an Orthodox family in Wadakanchery, Thrissur. Age: 26; DOB: 26.01. 996; Weight: 61 kg; Height: 172 cm. Complexion: medium

Contact: 845 300 6781

### വരനെ ആവശ്യമുണ്ട്

ഹിന്ദു യുവതി, Bsc Nurse, വർക്ക് പെർമിറ്റ്, 39 വയസ്സ്, അവിട്ടം '5'1'. ഇരുനിറം. പുനർവിവാഹം. ബാധ്യതകളില്ല. ജാതി സാമ്പത്തികം പ്രശ്നമില്ല. US citizens only

Contact - 215-880-3341
or vincentemmanuel @aol.com

## Real Estate

3 BHK New Luxury Apartment In Trichur Town (Near Round)

Contact – 9846128822

### പത്തനംതിട്ടയിൽ ഭൂമി വിൽപനയ്ക്ക്

പത്തനംതിട്ട കാതോലിക്കേറ്റ് കോളജിനു സമീപം 25 സെന്റ് സ്ഥലം വിൽപനയ്ക്ക്. വില്ലകളോ ഫ്ലാറ്റുകളോ നിർമ്മിക്കുന്നതിന് ഏറ്റവും അനുയോജ്യമായ സ്ഥലം.
കാതോലിക്കേറ്റ് കോളേജ് റോഡിന്റെ സൈഡിലും പത്തനംതിട്ട-ഓമല്ലൂർ റോഡിൽ നിന്ന് മീറ്റർ ഉള്ളിലാണ് കോമ്പൗണ്ട് വാൾ ഉണ്ട് . ദയവായി ബന്ധപ്പെടുക (516) 5031735.

Land for sale in changanacherry

Changanacherry: 28 Cents of prime land with about 25 meter frontal access to main bypass road and within walkable distance of town/railway, bus stations, schools, colleges, hospitals & places of worship. Suitable for commercial / residential projects – available for sale.

This portion of the land is part of larger 58 cent plot with a ancestral house of 4500 Sq.ft with separate entrance. Genuine buyers only - do contact at: Contact: +971552625657 email: plotcgy@gmail.com





Established in 1993

Indian School of Culture, Languages and Arts

P.O Box 521, White Plains, N. Y. 10602

## MALAYALAM THROUGH ENGLISH

*by:*




**Dr. James Kurichi**

This 358-page book in 32 lessons teaches the English-speaking population to read, write, and speak Malayalam language. It will be of enormous help to the descendants of Malayalee immigrants. The best gift Malayalee immigrants can make to their children and grandchildren.

To purchase the book


email: malayalamthroughenglish@gmail.com

# നിര്യാതരായി



**ജേക്കബ് പി. വർഗീസ്**
ന്യൂയോർക്ക്: ജേക്കബ് പി. വർഗീസ് (79) ന്യൂയോർക്കിലെ ന്യൂഹൈഡ് പാർക്കിൽ അന്തരിച്ചു. കേരളത്തിൽ കൊല്ലകടവ് പരേതനായ ഫിലിപ്പോസ് - കുഞ്ഞമ്മ ദമ്പതികളുടെ പുത്രനാണ്. കുഞ്ഞുമോളാണ് ഭാര്യ. മക്കൾ: സണ്ണി, ബെന്നി, ബ്ലെസൻ, റീമ, ജെയിംസ്, ബ്ലസി. കൊച്ചുമക്കൾ: കെയ, കെയ്ഡൻ, കരീന, ലൂക്കാസ്.

**വി.എം.ആന്റണി**
തൃക്കൊടിത്താനം: വാരിക്കാട്ട് വി.എം.ആന്റണി (ആന്റപ്പൻ-64) അന്തരിച്ചു. ഭാര്യ: പെരുന്ന ചിറമുഖത്തു ലൈസാമ്മ ആന്റണി. മക്കൾ: നീനു ആന്റണി, നിധിൻ ആന്റണി. മരുമക്കൾ: ആന്റണി തുണ്ടിയിൽ (തൃക്കൊടിത്താനം), ആഷ്‌ലി തുമ്പക്കര പൊന്നാംകുഴിയിൽ (ഏറ്റുമാനൂർ).



**ജോസഫ് ടി ആന്റണി**
ഡാളസ് : തുരുത്തി (ചങ്ങനാശ്ശേരി) തെന്നിപ്ലാക്കൽ ജോസഫ് ടി. ആന്റണി(80) ഫ്രിസ്കോയിൽ (ഡാളസ്) അന്തരിച്ചു. ഗാർലാൻഡ് സെന്റ് തോമസ് സീറോ മലബാർ ചർച്ച് അംഗമാണ്. 1963 മുതൽ 15 വർഷം ഇന്ത്യൻ എയർ ഫോഴ്‌സിൽ സേവനം അനുഷ്ഠിച്ചിരുന്നു. ഇന്ത്യൻ സൈനീക അവാർഡ് കോർപോറൽ പദവി ലഭിച്ചിട്ടുണ്ട്. ഭാര്യ: പരേതയായ സാറാമ്മ ജോസഫ്. മക്കൾ: ഷാന്റി ജോജോ & ജോജോ തോമസ് കാഞ്ഞിരക്കാട്, ഷിജോ ജോസഫ് & സ്വപ്ന ജോസഫ്.

**ഗ്രേസി**
ചെങ്കല്ലേൽ:കേളിയംപറമ്പിൽ ഗ്രേസി (75) അന്തരിച്ചു. കാഞ്ഞിരപ്പള്ളി അന്തിക്കാട്ട് കുടുംബാംഗമാണ്. ഭർത്താവ്: കെ.ജെ.ജോസഫ്. മക്കൾ: ജെസി, ഷീബ, സജി.



**റോസമ്മ തോമസ്**
ഫ്ളോറിഡ: ഐപിസി ലേക്ക്ലാന്റ് സഭാംഗം റാന്നി മേടക്കൽ തോമസ് എം. തോമസിന്റെ ഭാര്യ റോസമ്മ തോമസ് (85) ഫ്ളോറിഡയിൽ അന്തരിച്ചു. 1984 ൽ കുവൈറ്റിൽ നിന്നും ന്യൂയോർക്കിൽ എത്തിയ പരേത, ഐ.പി.സി ന്യൂയോർക്ക് ദൈവസഭയുടെ അംഗമായിരുന്നു. അഞ്ചനാട്ട് ചാക്കോ സാറിന്റെ 10 മക്കളിൽ ഇളയ മകളും അമേരിക്കയിലെ ആദ്യകാല ശുശ്രൂഷക നായിരുന്ന പരേതനായ പാസ്റ്റർ എ.സി ജോർജിന്റെ സഹോദരിയുമാണ്. 2004 മുതൽ ഫ്ളോറിഡയിലേക്ക് ലാൻഡിൽ താമസിച്ചുവരി കയായിരുന്നു. മക്കൾ: ജോസ് തോമസ് (ഐ.പി.സി സൗത്ത് ഈസ്റ്റ് റീജിയൻ കൗൺസിൽ അംഗം), ജേക്കബ്, റ്റോമി. മരുമക്കൾ: അനിത, റീന, സോളി.



**ജിഷ റിബെക്ക റോബ്സൺ**
ന്യൂയോർക്ക്: പാമ്പാടി മുളന്താനത്തുകുന്നേൽ (കൂനൂർ ഊട്ടി) ഏബ്രഹാം പോൾ റോബ്സണിന്റെയും സാറാമ്മയുടെയും മകൾ ജിഷ റിബെക്ക റോബ്സൺ (41) ബോസ്റ്റൺ ബുൾനെസ് ഹോപ് കിന്ററണിൽ അന്തരിച്ചു. ഭർത്താവ്: റോഷൻ ജോൺ. മക്കൾ: റയാൻ, ഏദൻ.

**കെ.ഒ.ഏബ്രഹാം**
പാക്കിൽ:കണ്ടംതോട്ടുകര കെ.ഒ.ഏബ്രഹാം (കുഞ്ഞുഞ്ഞുകുട്ടി92) അന്തരിച്ചു. ഭാര്യ: മറിയാമ്മ ഏബ്രഹാം. മക്കൾ: ഐവി, സിവി, പരേതരായ മോട്ടി, മാട്ടി. മരുമക്കൾ: ജോജി കോലത്ത് (കോഴഞ്ചേരി), നിമ്മി കാലായിൽ (കോട്ടയം), പരേതനായ രാജൂ കൂടത്തുമണ്ണിൽ (അയിരൂർ).



**ഏലിക്കുട്ടി തോമസ്**
ഹ്യൂസ്റ്റൺ: വട്ടമറ്റത്തിൽ ഏലിക്കുട്ടി തോമസ് ഹ്യൂസ്റ്റണിൽ അന്തരിച്ചു.

**സുഷമ രാഘവൻ**
പാലാ:വിദ്യാഭ്യാസ വകുപ്പ് റിട്ട. ഉദ്യോഗസ്ഥ ഇടയാറ്റ് ഈന്തുങ്കൽ വീട്ടിൽ സുഷമ രാഘവൻ (63) അന്തരിച്ചു. ഭർത്താവ്: കെ.കെ. സാബു (പാലാ മുനിസിപ്പാലിറ്റി മുൻ ഉദ്യോഗസ്ഥൻ). മക്കൾ: എസ്. ദേവൂകൃഷ്ണ, എസ്. കരുൺദേവ് (കാനഡ).

**തോമസ് വർഗീസ്**
ചങ്ങനാശേരി:കൊച്ചീത്ര തോമസ് വർഗീസ് (കുഞ്ഞുമോൻ,78) അന്തരിച്ചു. ഭാര്യ: ചങ്ങനാശേരി തോപ്പിൽ റോസമ്മ തോമസ്. മക്കൾ: സൈരാജ്, സൈനു, സൈമി. മരുമക്കൾ: സാബു (തിരുവനന്തപുരം), അലക്സ് ജോൺ (ദുബായ്), മഞ്ജു (പാലാ).



**അഡ്വ.സി .എം. ജോർജ്**
വിസ്കോൺസിൻ :കൽപറ്റ ബാറിലെ മുൻ അഭിഭാഷകൻ സി .എം. ജോർജ് (70) യുഎസ് വിസ്കോൺസിനിൽ മകൻ ഡോ. തോമസിന്റെ വസതിയിൽ അന്തരിച്ചു. ഭാര്യ: സാലി. മറ്റു മക്കൾ: മാത്യു, എലിസബത്ത്, മരുമക്കൾ: റിൻസി, നീതു, കാർലോസ്.സഹോദരങ്ങൾ: സി.എം.മാത്യു, സി.എം. തോമസ് (എംഡി, പ്രോഡക്ട്സ് പള്ളിക്കുന്ന്), ശാന്തമ്മ റെയൺ, പരേതനായ സി. എം. ജോസ് (റിട്ട. റീജനൽ മാനേജർ, കേരള സ്റ്റേറ്റ് കോഓപ്പറേറ്റീവ് മാർക്കറ്റിങ് ഫെഡറേഷൻ).


**റോബിൻ ജോസഫ്**
കാഞ്ഞിരപ്പള്ളി:കുളപ്പുറം കാവുംപുറത്ത് പരേതനായ ജോസഫിന്റെ മകൻ റോബിൻ ജോസഫ് അന്തരിച്ചു. ഭാര്യ: മേനാം തുണ്ടത്തിൽ റോസിലി. മക്കൾ: റിന്റാ, അമൽ, ജൂണാ. മരുമകൻ: സനൽ വടക്കേൽ (കോതമംഗലം).



**സൈമൺ ഈപ്പൻ**
അറ്റ്ലാന്റാ: സൈമൺ ഈപ്പൻ (88) അറ്റ്ലാന്റയിൽ അന്തരിച്ചു.

**ഏലിയാമ്മ സഖറിയ**
മാങ്ങാനം:ചെമ്മരപ്പള്ളി പാറേക്കുളം ഏലിയാമ്മ സഖറിയ (97) അന്തരിച്ചു. ഭർത്താവ്: പരേതനായ പി.കെ. സഖറിയ. മക്കൾ: പരേതനായ പി.എസ്.ജേക്കബ്, പി.കെ.കുര്യാക്കോസ്, മേരി, സൂസി. മരുമക്കൾ: ഏലിയാമ്മ ജേക്കബ്, ലിസി കുര്യാക്കോസ്, രാജു പടിയറ, സ്റ്റാൻലി വാഴയിൽ.

**എം.എം.തോമസ്**
മറിയപ്പള്ളി:നീണ്ടകര പോർട്ട് ഓഫീസ് റിട്ട. ഉദ്യോഗസ്ഥൻ മേച്ചേരിൽ എം.എം.തോമസ് (84) അന്തരിച്ചു. ഭാര്യ: മണർകാട് പള്ളിവാതുക്കൽ കുഞ്ഞമ്മ തോമസ്. മക്കൾ: ബിലു, സുലു, അലു. മരുമക്ക ൾ: രാജു കാണക്കാ ലിൽ (കൊല്ലാട്), കെ.ഇ. രാജു കരുമാങ്കൽ , അനിൽ ഏബ്രഹാം വണ്ടാനത്ത് (മണർകാട്).



**അന്നമ്മ ഏബ്രഹാം**
ന്യൂയോർക്ക്: അന്നമ്മ ഏബ്രഹാം (87) ന്യൂയോർക്കിൽ അന്തരിച്ചു.

**ഏലിയാമ്മ പോത്തൻ**
കൈപ്പുഴ:ഇലയ്ക്കാട്ട് പരേതനായ ചുമ്മാർ പോത്തന്റെ ഭാര്യ ഏലിയാമ്മ പോത്തൻ (98) അന്തരിച്ചു. മക്കൾ: വത്സമ്മ ബേബി ചക്കാലയ്ക്കൽ, സിസ്റ്റർ ഡാവിയൻ, ഇ.പി.സൈമൺ, ഇ.പി.മാത്യു (റിട്ട. പ്രഫ. സെന്റ് സ്റ്റീഫൻസ് കോളജ് ഉഴവൂർ), ഇ.പി.ജയിംസ് (ഓസ്ട്രേലിയ), ഇ.പി.ജോസ്, ഇ.പി.ജോണി (ഇരുവരും യുകെ), ത്രേസ്യാമ്മ സഞ്ജയ് (കൊൽക്കത്ത), ഇ.പി. പീറ്റർ. മരുമക്കൾ: സെലീന മാത്യു (റിട്ട. നഴ്സിങ് ഓഫിസർ എംസിഎച്ച്), വത്സല (റിട്ട. പ്രഫ. ബിസി എം കോളജ്), സി.എ.ബേബി (റിട്ട. ബാങ്ക് ഓഫിസർ), ശാന്തമ്മ (ഓസ്ട്രേലിയ), ബിസി, മേഴ്സി (ഇരുവരും യുകെ), ഡോ. സഞ്ജയ് (കൊൽക്കത്ത), ലിസി.



**സെലിൻ വിൽഫ്രഡ്**
തിരുവനന്തപുരം പ്രമുഖ ക്രിമിനൽ അഭിഭാഷക സെലിൻ വിൽഫ്രഡ് (87) അന്തരിച്ചു. 1972 മുതൽ 87 വരെ തുടർച്ചയായ പതിനഞ്ചു വർഷം പബ്ലിക് പ്രോസിക്യൂട്ടറായിരുന്നു. 81 മുതൽ 87 വരെ ജില്ലാ പബ്ലിക് പ്രോസിക്യൂട്ടറായിരുന്നു. ചെറിയതുറ വെടിവയ്പ് ,കല്ലുവാതുക്കൽ മദ്യ ദുരന്ത ക്കേസ്, ശിവഗിരി കേസ് തുടങ്ങി നിരവധി കേസുകളിലെ പബ്ലിക് പ്രോസിക്യൂട്ടറായിരുന്നു. 62 വർഷത്തിലേറെ അഭിഭാഷ കയായിരുന്ന ഇവർ നിരവധി ക്രിമിനൽ കേസുകൾക്കു വേണ്ടിയും ഹാജരായിട്ടുണ്ട്.

**അമ്മിണി**
കുമാരനല്ലൂർ:വാഴവേലിൽ നെടുംമ്പുറത്ത് മംഗളാവിൽ അമ്മിണി (89) അന്തരിച്ചു. ഭർത്താവ്: പരേതനായ ജോർജ്. മക്കൾ: പരേതനായ എൻ.ടി.ജോർജ്, ബിജി. മരുമകൻ: കുഞ്ഞ് പുന്നശ്ശേരിക്കുന്നേൽ (കണ്ണൻചിറ).



**ഭവാനി ചെല്ലപ്പൻ**
കോട്ടയം: നൃത്ത അധ്യാപികയും നർത്തകിയുമായ ഭവാനി ചെല്ലപ്പൻ (98)അന്തരിച്ചു. കുമാരനല്ലൂരിലെ മകന്റെ വസതിയിലായിരുന്നു അന്ത്യം. സംസ്കാരം ഞായറാഴ്ച. ഭർത്താവ്: പരേതനായ പ്രശസ്ത നർത്തകൻ ഡാൻസർ ചെല്ലപ്പൻ. ഗുരു ഗോപിനാഥിന്റെ ശിഷ്യയാണ്. അദ്ദേഹത്തിന്റെ നിർദേശപ്രകാരമാണ് കോട്ടയത്ത് നൃത്ത വിദ്യാലയം ആരംഭിച്ചത്. 1952ൽ ആരംഭിച്ച 'ഭാരതീയ നൃത്ത കലാലയത്തിൽ' സിനിമ, സീരിയൽ താരങ്ങളടക്കം നൂറുകണക്കിനു വിദ്യാർഥികളാണ് പഠിച്ചിറങ്ങിയത്. കേരള കലാമണ്ഡലം പുരസ്കാരം, സംഗീത നാടക അക്കാദമി പുരസ്കാരം തുടങ്ങിയ അംഗീകാരങ്ങളും കലാരംഗത്തെ അതുല്യ നേട്ടങ്ങൾക്കു തിരുവിതാംകൂർ മഹാരാജാവിൽനിന്നടക്കം ബഹുമതികളും ലഭിച്ചിട്ടുണ്ട്.


pravasi CHANNEL HD
THE ONE AND ONLY DAILY NEWS BULLETIN
For North American Malayalees!
ഡെയിലി
ന്യൂസ്
ബുള്ളറ്റിൻ
പ്രവാസി മലയാളികളുടെ
സ്വന്തം ചാനലിൽ മാത്രം!
Watch Pravasi Channel LIVE 24 Hrs
www.pravasichannel.com
Or Watch Anytime via 'VOD' Video on Demand by Downloading
MediaAppUSA App FREE!
Scan the QR Code for instant download
Download on the App Store
ANDROID APP ON Google play
Available in App Store or Google Store
MediaAppUSA
Call 1-917-900-2123 for Advertisements & News